# സത്യദൂതൻ

2019 ഫെബ്രുവരി | ലക്കം 02

വില ₹ 30



## മതമൈത്രിയുടെ ഇസ്‌ലാമിക മാനങ്ങൾ

## പാർലമെന്റ് പാസ്സാക്കിയ മുത്ത്വലാഖ് ബില്ല്

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

**Quran**
Read the Holy Quran in easy Yassarnal Quran Font

**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages

**Sermons**
Huzoor's Friday Sermons In 15 languages

**MTA**
Watch MTA Live, view Schedule and much more

**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at
alislam.org/apps
or scan the QR code below





The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2019 ഫെബ്രുവരി
ഹി.ശ.1399 - തബ്‌ലീഗ്
1440 ജ. അവ്വൽ - ജ. ആഖർ
പുസ്തകം 91 ലക്കം 2
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം





**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ സംഗ്രഹം
**ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റ(റ) സത്യമാർഗ്ഗത്തിലെ ബലിദാനി**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

18.01.2019 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം.
വിവ: മൗലവി ഹാശിം അശ്റഫ്

**12**
**ശരീരവും ആത്മാവും രൂപാന്തര ഘട്ടങ്ങളുടെ സാദൃശ്യങ്ങൾ**
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)
ഭാഗം - 2

**18**
**മതമൈത്രിയുടെ ഇസ്‌ലാമിക മാനങ്ങൾ**
എ.എം. മുഹമ്മദ് സലീം

**23**
**മാംസഭോജികളായ സസ്യങ്ങൾ**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**26**
**വിവാഹ മോചനം: നിയമവും ചരിത്രവും**
ഡോ. കൗസർ എടപ്പകത്ത്

**30**
**കലയും സംഗീതവും**
ചോദ്യോത്തരം

**35**
**ദൈവത്തിന്റെ ഏകത്വം**
അബ്ദുൽ അസീസ്

**41**
കുറിപ്പുകൾ
**പാർലമെന്റ് പാസ്സാക്കിയ മുത്ത്വലാഖ് ബില്ല്**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ:** 99460 21252

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ:** 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

വല്ലവനും ഒരു തിന്മ പ്രവർത്തിക്കുകയോ തന്റെ ആത്മാവിനോട് ദ്രോഹം ചെയ്യുകയോ ചെയ്തിട്ട് അല്ലാഹുവിനോട് പാപപ്പൊറുതിക്കായി പ്രാർത്ഥിക്കുന്നതായാൽ അവൻ അല്ലാഹുവിനെ സർവഥാ പൊറുക്കുന്നവനും കരുണാമയനുമായി കണ്ടെത്തുന്നതാണ്.

(വി. ഖുർആൻ 4:111)





## നബിവചനം

അബൂഹുറൈറയിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ(സ) പറയുന്നതായി ഞാൻ കേട്ടു: യാതൊരു നന്മയും ചെയ്യാത്ത ഒരാൾ ഉണ്ടായിരുന്നു. താൻ മരിക്കുകയാണെങ്കിൽ തന്റെ ശരീരം കത്തിച്ച് ചാരം പകുതി കടലിലും പകുതി കരയിലും വിതറുവാൻ അയാൾ തന്റെ കുടുംബാംഗങ്ങളോട് വസിയത്ത് ചെയ്തു. അല്ലാഹുവാണെ, അവൻ അല്ലാഹുവിന്റെ പിടിയിൽ വരുകയാണെങ്കിൽ അയാൾ ലോകത്ത് മറ്റൊരാൾക്കും അനുഭവിക്കാത്ത ശിക്ഷ അനുഭവിക്കുമായിരുന്നു. അയാൾ മരിച്ചപ്പോൾ താൻ പറഞ്ഞത് പ്രകാരം ചെയ്യപ്പെട്ടു. അല്ലാഹു കരയോട് അത് (അയാളുടെ കത്തിച്ചു വിതറിയ ചാരം) ശേഖരിക്കാൻ ആജ്ഞാപിച്ചു. കടലിനോടും അതിൽ വിതറിയത് (ചാരം) ശേഖരിക്കാൻ കൽപ്പിക്കപ്പെട്ടു. അയാൾ അങ്ങനെ ചെയ്യാൻ കാരണമെന്തെന്ന് അല്ലാഹു അയാളോട് ചോദിച്ചു. അയാൾ മറുപടി പറഞ്ഞു: എന്റെ നാഥാ നിന്നെ ഭയന്നിട്ടാണ് ഞാൻ അങ്ങനെ ചെയ്തതെന്ന് നിനക്കറിയാമല്ലോ. അല്ലാഹു അയാൾക്ക് പൊറുത്തു കൊടുക്കുകയുണ്ടായി. (മുസ്‌ലിം)

## വാഗ്ദത്ത മസീഹിന്റെ വചനം

അവന്റെ കാരുണ്യം രണ്ട് വിധത്തിലുള്ളതാണ്. ഒന്നാമത്തേത് യാതൊരാളുടേയും പ്രവർത്തന ഫലമായിട്ടല്ലാതെ അനശ്വരമായി പ്രകടമാവുന്നത്. ഉദാഹരണത്തിന് നാം അസ്തിത്വത്തിലേക്ക് വരുന്നതിന് മുമ്പേതന്നെ ആകാശവും ഭൂമിയും, സൂര്യനും ചന്ദ്രനും ഗോളങ്ങളും, വെള്ളവും അഗ്നിയും വായുവും നമ്മുടെ സൗകര്യത്തിന് വേണ്ടിയുള്ള പ്രപഞ്ചത്തിലെ എല്ലാ കണങ്ങളും, നമ്മുടെ ആവശ്യത്തിന് വേണ്ടുന്ന എല്ലാ വസ്തുക്കളും അവൻ നൽകിയിരിക്കുന്നു. നമ്മുടെ സാന്നിദ്ധ്യം പോലും ഇല്ലാത്തപ്പോഴാണ് അവൻ ഇതെല്ലാം ചെയ്തിരിക്കുന്നത്. നമ്മുടെ ഭാഗത്തുനിന്നും യാതൊരു പ്രവർത്തനങ്ങളും ഉണ്ടായിട്ടില്ല. സൂര്യൻ സൃഷ്ടിക്കപ്പെട്ടത് തങ്ങളുടെ എന്തെങ്കിലും പ്രവർത്തനം കൊണ്ടാണെന്ന് ആർക്കെങ്കിലും പറയാനാവുമോ? അല്ലെങ്കിൽ ഭൂമി സൃഷ്ടിക്കപ്പെട്ടത് തന്റെ സദ്പ്രവർത്തനഫലമായിട്ടാണെന്ന് ആക്കെങ്കിലും പറയാൻ സാധിക്കുമോ? ഇതെല്ലാം മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നതിന് മുമ്പേ തന്നെ പ്രവർത്തനത്തിൽ വന്നിട്ടുള്ള അവന്റെ കാര്യണ്യങ്ങളാണ്. ആരുടെയും കർമ്മഫലമല്ല. രണ്ടാമത്തെ ദൈവകാരുണ്യം മനുഷ്യന്റെ പ്രവർത്തന ഫലമായി ഉണ്ടായി ത്തീരുന്നതാണ്. ഇതിന് വിശദീകരണത്തിന്റെ ആവശ്യമില്ല.

(ലക്ച്ചർ ലാഹോർ)



എഡിറ്റോറിയൽ

# വാഗ്ദത്ത പരിഷ്ക്കർത്താവിനെ സ്മരിക്കുമ്പോൾ

പരിശുദ്ധമായ പിന്തുടർച്ചക്കായി സന്താനങ്ങളില്ലാതെ ദുഃഖിച്ച ചില പ്രവാചകന്മാരുണ്ടായിരുന്നു. അവർ ദൈവത്തോട് മനം നൊന്തു പ്രാർത്ഥിച്ചപ്പോൾ ദൈവം അവർക്ക് പരിശുദ്ധരായ സന്താനങ്ങളെ നൽകി. റസൂൽ തിരുമേനി(സ)യുടെ പ്രവചന പൂർത്തിയുടെ നിറവിൽ ആഗതനായ ഹദ്റത്ത് അഹ്മദ് (അ) ഇസ്‌ലാമിന്റെ ദയനീയമായ അവസ്ഥയിൽ മനംനൊന്തു വ്രണിത ഹൃദയത്തോടെ ഹോഷിയാർപൂറിലെ ഒരു കെട്ടിടത്തിൽ സുദീർഘമായ പ്രാർത്ഥനയിലും ആരാധനയിലും നിമഗ്നനായി. ദൈവത്തോട് ഹൃദയമുരുകി വിലാപങ്ങളുരുക്കഴിച്ചു കൊണ്ടുള്ള ഏകാന്തതീവ്രമായ നാൽപ്പത് ദിവസത്തെ തപോയത്നമായിരുന്നു അത്. ഒടുവിൽ ദൈവത്തിൽ നിന്ന് തന്റെ ദുഃഖവിലാപങ്ങൾക്ക് പരിഹാരമായി യുഗ പ്രഭാവനായ ഒരു ദിവ്യസുതനെക്കുറിച്ചുള്ള സുവിശേഷം ഹദ്റത്ത് അഹ്മദിന് വെളിപാടായി നൽകപെട്ടു. ആ വാഗ്ദത്ത പുത്രനായിരുന്നു ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ). സുവിശേഷത്തിൽ ഹദ്റത്ത് അഹ്മദി(അ)നെ അഭിസംബോധന ചെയ്തുകൊണ്ട് അല്ലാഹു അരുളി:

ഞാൻ നിനക്ക് അനുഗ്രഹത്തിന്റെ ഒരു അടയാളം നൽകുന്നു. നീ എന്നോട് ചോദിച്ച പ്രകാരം ഞാൻ നിന്റെ വിലാപങ്ങൾ കേൾക്കുകയും എന്റെ കാരുണ്യത്താൽ നിന്റെ പ്രാർഥനകൾക്ക് സ്വീകാരം നൽകുകയും നിന്റെ യാത്ര നിനക്ക് അനുഗ്രഹകരമാവുകയും ചെയ്തിരിക്കുന്നു. ആകയാൽ നിനക്ക് സുവിശേഷമറിയിക്കട്ടെ. പ്രതാപവാനും പരിശുദ്ധനുമായ ഒരു പുത്രൻ നിനക്ക് നൽകപ്പെടും. ഒരു പാവനപുത്രൻ നിനക്ക് ലഭിക്കുന്നതാണ്. ആ കുട്ടി നിന്റെ ബീജത്തിൽനിന്നും നിന്റെ സന്തതിയിൽ നിന്നുമുള്ളവനായിരിക്കും. അവൻ ലോകത്ത് വന്ന് തന്റെ മസീഹി ഗുണവും റൂഹുൽ ഖുദ്സിന്റെ അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും. അവൻ കലിമത്തുല്ലാഹ് ആകുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ അനുഗ്രഹം അവനെ മഹത്വത്തിന്റെ വചനത്താൽ അയച്ചിരിക്കുന്നു. അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനും ആയിരിക്കും....

1889 ജനുവരി 12ന് വാഗ്ദത്ത മസീഹിന് വാഗ്ദത്തം ചെയ്യപ്പെട്ട ആ ഉത്തമ സുതൻ ഭുജാതനായി. ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) 1914 ൽ അഹ്മദിയ്യാ ജമാഅത്തിന്റെ സാരഥ്യമേറ്റെടുക്കുകയായിരുന്നു. 1965 നവംബർ 8ന് അദ്ദേഹം ദിവംഗതനാകുകയും ചെയ്തു. അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫയായി അദ്ദേഹം വിരാജിച്ച അര നൂറ്റാണ്ട് ലോകചരിത്രത്തിലെ സംഭവ സാന്ദ്രമായ ഒരു കാലഘട്ടമാകുന്നു. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ, 1917 ലെ കമ്മ്യൂണിസ്റ്റ് വിപ്ലവം, വാർത്താവിനിമയ രംഗത്തെ വളർച്ച, 1920 ലെ ലീഗ് ഓഫ് നേഷന്റെ രൂപീകരണം, തുർക്കിഖിലാഫത്തിന്റെ പതനം 1929 ലെ ആഗോള സാമ്പത്തിക തകർച്ച, 1932 ലെ ആറ്റത്തിന്റെ വിഭജനം, ഹിറ്റ്ലറുടെയും ഫാസിസത്തിന്റെയും മുന്നേറ്റം, കമ്പ്യൂട്ടർ യുഗത്തിന്റെ ആരംഭം, ഹിരോഷിമയിലേയും നാഗസാക്കിയിലെയും ആറ്റംബോംബ് വർഷം, ഐക്യരാഷ്ട്ര സഭയുടെ രൂപീകരണം ഇസ്രയേലിന്റെ ജനനം, ഇന്ത്യാപാക്ക് വിഭജനം, 1950 ലെ കൊറിയൻ യുദ്ധം, സ്പുട്നിക്കിന്റെ വിക്ഷേപം അങ്ങനെ മാനവ രാശിയുടെ ഭാഗധേയം നിർണയിച്ച നിരവധി ലോകസംഭവങ്ങൾക്ക് മുമ്പിൽ സ്ഥാപിച്ച ഇസ്‌ലാമിക ദർപ്പണം പോലെ അദ്ദേഹം നിലകൊണ്ടു. പരിവർത്തനാത്മകമായ ഒരു യുഗസന്ധിയോട് ഇസ്‌ലാമികമായി പ്രതികരിക്കുകയും പ്രതി പ്രവർത്തിക്കുകയും ചെയ്ത ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ അത്യുജ്ജ്വലമായ ജ്ഞാന ദീപ്തി ഭാവി ലോകത്തിന്റെ മാർഗ ദീപമായിരിക്കും.

അഹ്മദിയ്യാ ജമാഅത്തിന് നേരിട്ട എല്ലാ അഗ്നി പരീക്ഷണങ്ങളെയും ജ്ഞാനത്തിന്റെ അറ്റം കണ്ട സ്ഥിതപ്രജ്ഞനായ ആ മഹാ മനീഷി ധീരമായി നേരിടുകയുണ്ടായി. ഖിലാഫത്തിലുണ്ടായ ഭിന്നിപ്പ്, അഹ്റാരികളുടെ പ്രക്ഷോഭം, ഇന്ത്യാപാക്ക് വിഭജനത്തെ തുടർന്നുള്ള പലായനം, വിദേശങ്ങളിലെ മത പ്രചാരണം, സാഹിത്യ പ്രസിദ്ധീകരണം, ജമാഅത്തെ ഇസ്‌ലാമിയുടെ കലാപം, റബ്‌വാ നഗരിയുടെ നിർമാണം മുതലായ നിർണായകവും സംഘർഷനിർഭരവുമായ ഒരു പരീക്ഷണ കാലഘട്ടത്തെ അഹ്മദിയ്യാ ജമാഅത്തിന്റെ വിജയസോപാനത്തിലേക്കുള്ള ചവിട്ടു പടികളാക്കി അദ്ദേഹം മാറ്റി. ആ ധന്യ സ്മരണ ദൈവത്തോടുള്ള നന്ദി പ്രകടനമായി ഇവിടെ രേഖപ്പെടുത്തുന്നു.



ഹദ്റത്ത് അഹ്മദ് (അ)

# ഞാൻ അല്ലാഹു അയച്ച വാഗ്ദത്ത മസീഹാണ്

വിശ്വസ്തതയും സത്യസന്ധതയും തികച്ചും നഷ്ടപ്പെട്ട നിലയിൽ ഭൂമിയിൽ നിന്നും അപ്രത്യക്ഷമായിക്കഴിഞ്ഞിരിക്കുന്നു. സമ്പത്ത് നേടുന്നതിനുള്ള ചതിയും വഞ്ചനയും അളവറ്റ നിലയിൽ വർധിച്ചിരിക്കുന്നു. ഏറ്റവും ദുഷ്ടനായിട്ടുള്ള വനാരാണോ അവനാണ് ഏറ്റവും കാര്യപ്രാപ്തനായി എണ്ണപ്പെടുന്നത്. പലവിധത്തിലിലുള്ള ദുഷ്ടപ്രവർത്തികളും വഞ്ചനകളും അസത്യ ഭാഷണങ്ങളും ഉയർന്ന കിടയിലുള്ള ആ കപട തന്ത്രങ്ങളും അത്യാർത്ഥി നിറഞ്ഞ ആസൂത്രണങ്ങളും ആഭാസ മലീമസങ്ങളായ ആചാര സമ്പ്രദായങ്ങളും സർവ്വത്ര പരന്നുകൊണ്ടിരിക്കുന്നു. അത്യധികം നിഷ്ഠൂരത കലർന്ന കൊടും പകയും പരസ്പര ശണ്ഠകളും വളർന്നു വരുന്നു. മൃഗീയവും പൈശാചികവുമായ ദുർവ്വികാരങ്ങളുടെ ഒരു പ്രളയം തന്നെ ആരംഭിച്ചിരിക്കയാണ്. ഇത് ഭൗതിക ജ്ഞാനങ്ങളിലും നടപ്പായിക്കഴിഞ്ഞ ദുരാചാരങ്ങളിലും എത്ര കണ്ട് വൈഭവവും ഊർജ്ജസ്വലതയും കൂടുന്നുവോ അത്ര കണ്ട് സദ്ഭാവനകളുടേയും സൽപ്രവർത്തനങ്ങളുടേയും സഹജാവബോധങ്ങളും ലജ്ജയും ഉളുപ്പും ദൈവഭയത്തിന്റേയും സത്യസന്ധതയുടേയും സ്വാഭാവിക വികാരങ്ങളും അവരിൽ കുറഞ്ഞു കുറഞ്ഞുവരികയും ചെയ്യുന്നു.

അല്ലയോ വിവേകശാലികളേ, ഈ നിശിതാന്ധകാരത്തിന്റെ നാളുകളിൽ അല്ലാഹു തക്ക സമയത്തു തന്നെ ഒരു സ്വർഗ്ഗീയ പ്രകാശം ഇറക്കിയിരിക്കുന്നതിലും കലിമത്തുൽ ഇസ്‌ലാമിനെ ഉയർത്തി കാണിക്കുന്നതിനും മുസൽമാൻമാരുടെ പിന്തുണക്ക്‌വേണ്ടിയും പിന്നെ അവരുടെ ആന്തരീയ നിലയെ ശുദ്ധീകരിക്കുന്നതിനുദ്ദേശിച്ചും തന്റെ ദാസനെ ഈ ലോകത്ത് അയച്ചുതന്നതിലും നിങ്ങളത്ഭുതപ്പെടേണ്ടതില്ല. ഇസ്‌ലാം ദീനിന്റെ സഹായകനും എന്നെന്നും ഖുർആനികാദ്ധ്യാപനങ്ങളുടെ സംരക്ഷകനായിരിക്കുമെന്നും അതിനെ നിശ്ചേതനവും നിഷ്പ്രഭവും പ്രകാശരഹിതവും ആകാൻ അനുവദിക്കകയില്ലെന്നും വാഗ്ദാനം നൽകിയവനും ആരോ ആ സത്യ ദൈവം ഈ അന്ധകാരത്തെ നോക്കികണ്ടിട്ടും ആന്തരീയവും ബാഹ്യവുമായ ഈ എല്ലാ കുഴപ്പങ്ങളും വീക്ഷിച്ചറിഞ്ഞിട്ടും മിണ്ടാതിരിക്കുകയും തന്റെ വിശുദ്ധ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ള തന്റെ വാദത്തെക്കുറിച്ച് ഓർക്കാതി രിക്കുകയും ചെയ്യുന്നുവെങ്കിൽ അതിലാണ് അത്ഭുതപ്പെടേണ്ടിയിരിക്കുന്നത്. ഓരോ നൂറ്റാണ്ടിന്റേയും തലക്കലും അല്ലാഹു അവന്റെ ദീനിനു നവീകരണം വരുത്തുന്ന ഒരു ദാസനെ ഏഴുന്നേൽപ്പിക്കുമെന്നുള്ള ആ പരിശുദ്ധനായ റസൂലിന്റെ ഖണ്ഠിതവും സുവ്യക്തവുമായ പ്രവചനം പൂർത്തിയാകാതെ പോയെങ്കിൽ അതിലാണ് ആശ്ചര്യപ്പെടേണ്ടിയിരിക്കുന്നത്. തന്നിമിത്തം ഇത് ആശ്ചര്യപ്പെടേണ്ട ഒരു കാര്യമല്ല. മറിച്ച് ആയിരമായിരം നന്ദി പ്രകടിപ്പിക്കേണ്ട അവസരവും ഈമാനും യക്കീനും വർധിപ്പിക്കേണ്ട സമയവുമാണ്. അല്ലാഹു അവന്റെ അനുഗൃഹാതിരേകത്താൽ തന്റെ വാഗ്ദത്തെ പൂർത്തിയാക്കുകയും തന്റെ റസൂലിന്റെ പ്രവചനത്തിന്റെ പൂർത്തീകരണം ഒരു മിനിറ്റു പോലും വൈകിക്കാതിരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. അവൻ ഈ പ്രവചനത്തെ പൂർത്തിയാക്കി കാണിച്ചു എന്നുമാത്രമല്ല. ആയിരക്കണക്കായ പ്രവചനങ്ങളുടേയും അത്ഭുതദൃഷ്ടാന്തങ്ങളുടെയും വാതിലുകൾ ഭാവിതലമുറക്ക് വേണ്ടി തുറന്നിടുകയും ചെയ്തിരിക്കുന്നു. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ നന്ദി പ്രകടിപ്പിക്കുവിൻ. എന്തെന്നാൽ നിങ്ങളുടെ ആദരണീയരായ ആ പൂർവ്വപിതാക്കന്മാർ ഏതൊരു നാളിനെ ആകാംശപൂർവ്വം കാത്തുകാത്തിരുന്നശേഷം അപ്രത്യക്ഷമായോ എണ്ണമറ്റ ആത്മാക്കൾ ആ സന്തോഷ ദിനങ്ങളുടെ മധുരസ്മരണകളോടെ ഈ ലോകത്തുനിന്നും വിടപറഞ്ഞുവോ ആ കാലമിതാ നിങ്ങൾ കണ്ടെത്തിയിരിക്കുന്നു. ഇനി ഇതിനെ വിലമതിക്കുകയോ വിലമതിക്കാതിരിക്കുയോ ചെയ്യാം. അത് നിങ്ങളുടെ ഇഷ്ടം എന്നാൽ ഞാനിത് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കും. ഈമാനിനെ പുതിയ രൂപത്തിൽ ഹൃദയങ്ങളിൽ പുനപ്രതിഷ്ഠിക്കുന്നതിന് വേണ്ടി. മനുഷ്യനെ തക്കസമയത്ത് അയക്കപ്പെട്ടിട്ടുള്ളവൻ ഞാൻ തന്നെയാകുന്നു എന്ന സത്യം പ്രഖ്യാപിക്കുന്നത് നിർത്തിവെക്കുവാൻ എനിക്കാവില്ല. കലീമുല്ലാഹ് ആയ ധർമ ഭടന്റെ ശേഷം അയക്കപ്പെട്ടിരുന്നതാരോ, ആരുടെ ആത്മാവ് ഹെരോദോവിന്റെ ഭരണത്തിൽ ഏറിയ കഷ്ടപ്പാടുകൾക്ക് ശേഷം സ്വർഗ്ഗത്തിലേക്കെടുത്തുകൊള്ളപ്പെട്ടുവോ ആ വ്യക്തിയെപോലെ പ്രേഷണം ചെയ്യപ്പെട്ടിരിക്കുന്നവനത്രെ ഞാൻ. (ഫത്ഹെ ഇസ്‌ലാം)

18.01.2019 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം. വിവ: മൗലവി ഹാശിം അശ്റഫ്

# ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റ(റ)
## സത്യമാർഗ്ഗത്തിലെ ബലിദാനി




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഞാൻ ഇന്ന് ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റ(റ)നെ കുറിച്ചാണ് വിവരിക്കുന്നത്. അദ്ദേഹത്തിന്റെ സ്ഥാനപേര് അബൂ അമർ എന്നാണ്. ആസദ് ഗോത്രവുമായാണ് അദ്ദേഹത്തിന്റെ ബന്ധം. ഹദ്റത്ത് ആയിശ(റ)യുടെ അർധസഹോദരനായ തുഫയ്ൽ ബിൻ അബ്ദുല്ലായുടെ അടിമയായിരുന്നു. ഇദ്ദേഹം കറുത്ത വർഗക്കാരനായ അടിമയാണ്. ആരംഭത്തിൽതന്നെ ഇസ്ലാം സ്വീകരിക്കുന്നവരിൽ ഉൾപ്പെട്ടിരുന്നു. റസൂൽ(സ)തിരുമേനി ദാറുൽ അർകമിൽ പോകുന്നതിന് മുമ്പ് തന്നെ അദ്ദേഹം ഇസ്ലാമിൽ പ്രവേശിച്ചി

രുന്നു. ഹദ്റത്ത് അബൂബക്കർ(റ)ന്റെ ആടുകളെ മേയിച്ചിരുന്നു. ഇസ്‌ലാം സ്വീകരിച്ചതിന് ശേഷം അദ്ദേഹത്തിന് അവിശ്വാസികളിൽ നിന്ന് വളരെ വലിയ പ്രയാസങ്ങൾ സഹിക്കേണ്ടതായി വന്നു. അപ്പോൾ ഹദ്റത്ത് അബൂബക്കർ (റ) അദ്ദേഹത്തെ വിലയ്ക്ക് വാങ്ങി, മോചിപ്പിച്ചു. മദീനയിലേക്കുള്ള ഹിജറത്ത് വേളയിൽ, റസൂൽ(സ)തിരുമേനിയും ഹദ്റത്ത് അബൂബക്കറും സൗർ ഗുഹയിലായിരുന്നപ്പോഴും അദ്ദേഹം ആടുകളെ മേയിക്കുന്നതിൽ വ്യാപൃതനായിരുന്നു. (അതുകൊണ്ട്) അബൂബക്കർ(റ), അവരുടെ അടുത്ത് ആടുകളുമായി വരുന്നതിന് (പ്രത്യേക) നിർദേശംഅദ്ദേഹത്തിന് നല്കി. അങ്ങനെ മുഴുവൻ പകലും അദ്ദേഹം ആടുകളെ മേയിച്ച് നടന്നു. വൈകുന്നേരമാകുമ്പോൾ അദ്ദേഹം ഹദ്റത്ത് അബൂബക്കറി(റ)ന്റെ ആടുകളെ സൗർഗുഹയ്ക്ക് സമീപം കൊണ്ട് വന്നു. പിന്നെ അവർ രണ്ട്പേരും അതായത് നബി(സ) തിരുമേനിയും ഹദ്റത്ത് അബൂബക്കറും സ്വയം അദ്ദേഹ വും ആടുകളെ കറന്ന് പാൽ എടുത്തു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബീബകർ,(ഹദ്റത്ത് അബൂബക്കറിന്റ മകനായിരുന്നു) അദ്ദേഹം നബി(സ)തിരുമേനിയുടെയും അബൂബക്കറിന്റെയും സമീപത്ത് ചെല്ലുമ്പോൾ ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റ അദ്ദേഹത്തെ പിന്തുടർന്ന് അദ്ദേഹത്തിന്റെ കാൽപാടുകൾ മായിച്ചു. റസൂൽ കരീം(സ) തിരുമേനിയും ഹദ്റത്ത് അബൂബക്കറും സൗർഗുഹയിൽ നിന്ന് പുറത്ത് വന്ന് മദീനയിലേയ്ക്ക് പുറപ്പെട്ടപ്പോൾ, ആ സമയം ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റായും അവരോടൊപ്പം ഹിജ്റത്ത് ചെയ്തു. ഹദ്റത്ത് അബൂബക്കർ(റ) അദ്ദേഹത്തിന് തന്റെ പിൻവശത്ത് സ്ഥലം നല്കിയിരുന്നു. അന്നേരം അവർക്ക് വഴികാട്ടിയിരുന്നത് ബനൂ അദീൽ ഗോത്രത്തിലെ ഒരു മുശിരിക്കായിരുന്നു. ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റ ബദർ, ഉഹദ് എന്നീ യുദ്ധങ്ങളിൽ പങ്കെടുത്തു. ബഅ്റെ മഊനയുടെ അവസരത്തിൽ നാൽപതാമത്തെ വയസ്സിൽ അദ്ദേഹംശഹീദാക്കപ്പെട്ടു.

ഹദ്റത്ത് അബൂബക്കർ(റ) ഹിജ്റത്തിന് മുമ്പ് അല്ലാഹുവിന്റെ മാർഗത്തിൽ പീഢനങ്ങൾ സഹിച്ച്കൊണ്ടിരുന്ന ഏഴ് അടിമകളെ മോചിപ്പിച്ചിരുന്നു. അതിൽ ഹദ്റത്ത് ബിലാലും ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റായും ഉൾപ്പെടുന്നു. ഹിജറത്തിന്റെ സംഭവം വിവരിച്ച്കൊണ്ട് ഹദ്റത്ത് ആയിശ(റ) പറയുന്നു:

ഞങ്ങൾ ഒരു ദിവസം ഞങ്ങളുടെ വീട്ടിൽ ഉണ്ടായിരുന്നപ്പോൾ, വിശേഷങ്ങൾ പറയാനായി വരുന്ന ആൾ ഹദ്റത്ത് അബൂബക്കറി(റ)നോട് പറഞ്ഞു: നബി(സ)തിരുമേനി തലവഴി വസ്ത്രം മൂടിപുതച്ച് വന്ന് കൊണ്ടിരിക്കുന്നു. അതിനുള്ളിൽതന്നെ നബി(സ)തിരുമേനിയും അവിടെ എത്തിചേർന്നു. അകത്തേയ്ക്ക് പ്രവേശിക്കാനുള്ള അനുവാദവും ചോദിച്ചു. ഹദ്റത്ത് അബൂബക്കർ(റ) അനുവാദം നല്കുകയും അങ്ങനെ നബി(സ) അകത്ത് പ്രവേശിക്കുകയും ചെയ്തു. റസൂൽ കരീം(സ) പറഞ്ഞു: എനിക്ക് ഹിജ്റത്ത് ചെയ്യാനുള്ള അനുവാദം ലഭിച്ചിരിക്കുന്നു. ഹദ്റത്ത് അബൂബക്കർ പറഞ്ഞു: അല്ലയോ! അല്ലാഹുവിന്റെ ദൂതരെ! എന്നെയും അങ്ങയോടൊപ്പം കൊണ്ടുപോയാലും, എന്റെ മാതാപിതാക്കൾ അങ്ങയുടെമേൽ ബലി ആയിരിക്കട്ടെ. നബി(സ)തിരുമേനി പറഞ്ഞു: ശരി, താങ്കളും എന്നോടൊപ്പം പുറപ്പെടുക. അപ്പോൾ ഹദ്റത്ത് അബൂബക്കർ പറഞ്ഞു: എന്റെ മാതാപിതാക്കൾ അങ്ങയുടെമേൽ ബലി ആയിരിക്കട്ടെ, ഒരുമിച്ചുള്ള യാത്രയിൽ എന്റെ രണ്ട് ഒട്ടകസവാരികളിൽ ഒന്ന് അവിടുന്ന് സ്വീകരിച്ചാലും. റസൂൽ(സ) തിരുമേനി പറഞ്ഞു: വില നല്കി വാങ്ങാം. ഹദ്റത്ത് ആയിശ പറയുന്നു: അങ്ങനെ ഞങ്ങൾ രണ്ട് പേരുടേയും സാധനങ്ങൾ വേഗം തയ്യാറാ ക്കി. ഞങ്ങൾ അവർക്കായി ഭക്ഷ്യവസ്തുക്കൾ തയ്യാറാക്കി തോലുകൊണ്ടുള്ള സഞ്ചിയിൽ നിറച്ചു. ഹദ്റത്ത് അബൂബക്കറിന്റെ മകൾ ഹദ്റത്ത് അസ്മ തന്റെ അരകച്ചയുടെ ഒരു കക്ഷണം മുറിച്ച് സഞ്ചിയുടെ വായ മുറുക്കി കെട്ടി. അങ്ങനെ അവരെ ദാത്തുനിത്വാഖ് (അരപ്പട്ട അണിഞ്ഞവൾ) എന്ന് വിളിക്കുന്നു. അതിനുശേഷം റസൂലുല്ലാഹ്(സ) തിരുമേനിയും ഹദ്റത്ത് അബൂബക്കറും സൗർ പർവ്വതത്തിന്റെ ഒരു ഗുഹയിൽ എത്തി. അതിനുള്ളിൽ മൂന്ന് രാത്രി മറഞ്ഞിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബൂബക്കർ അവർ രണ്ട്പേരുടെ സമീപത്ത് പോകുകയും രാത്രി താമസിക്കുകയും ചെയ്തു. ഇരുട്ട് ഉള്ളപ്പോൾതന്നെ അദ്ദേഹം തിരിച്ച് വരികയും ഏതുപോലെ മക്കകാരോടൊപ്പം അവിടെതന്നെ രാത്രി തള്ളി നീക്കിയത് പോലെ പകൽ കഴിച്ച് കൂട്ടുകയും ചെയ്തു. റസൂൽ(സ) തിരുമേനിയും ഹദ്റത്ത് അബൂബക്കറും ബനൂ അദീൽഗോത്രത്തിലെ ഒരു വ്യക്തിയെ വഴികാട്ടുന്നതിനായി കൂലിക്ക് വെച്ചിരുന്നു. അയാൾ ബനൂ അബ്ദ് ബിൻ അദീയിൽ പെട്ടയളാണ്. വഴികാണിക്കുന്നതിൽ വിദഗ്ധൻ ആയിരുന്നു. അയാൾ അവിശ്വാസികളായ ഖുറൈശികളുടെ മതവിഭാഗത്തിൽപെട്ട ആളായിരുന്നു. റസൂൽ(സ) തിരുമേനിയും ഹദ്റത്ത് അബൂബക്കറും അയാളിൽ വിശ്വാസം അർപ്പിച്ചിരുന്നു. തങ്ങളുടെ യാത്രാവാഹനങ്ങളായ ഒട്ടകങ്ങളെ അയാളെ ചുമതലപ്പെടുത്തി. മൂന്ന് ദിവസത്തിന് ശേഷം അതിരാവിലെ ആ ഒട്ടകങ്ങളെയുംകൊണ്ട് സൗർ ഗുഹയിൽ എത്തിചേരുവാനായി അയാളിൽ നിന്ന് കരാറും വാങ്ങിയിരുന്നു. അങ്ങനെ ആമിർ ബിൻ ഫുഹയ്റായും ഈ വഴികാട്ടിയും അവർ രണ്ട് പേരോടൊപ്പം ചേർന്നു. ആ വഴികാട്ടി ഈ മൂവരെയും കടൽതീരത്തെ മാർഗത്തിലൂടെ കൊണ്ട് പോയി.

സുറാഖ ബിൻ മാലിക് ബിൻ ജോശം പറയുന്നു: ഞങ്ങളുടെ അടുത്ത് ഖുറൈശികളുടെ ഒരു ദൂതൻ വന്ന് റസൂൽ കരീം(സ) തിരുമേനിയെയും ഹദ്റത്ത് അബൂബക്കറിനെ

യും ജീവനോടെ പിടികൂടുകയോ വധിക്കുകയോ ചെയ്ത് കൊണ്ട് വരുന്നവർക്കുള്ള പ്രതിഫലം നിർണയിക്കാൻ തുടങ്ങി. ഞാൻ എന്റെസമൂഹമായ ബനൂ മദ്ലജിന്റെ സദസ്സിൽ ആസനസ്ഥനായിരുന്നു. ഈ സമയത്ത് ഒരു വ്യക്തി വരികയും ഇപ്രകാരം പറയുകയും ചെയ്തു: സുറാഖ! ഞാൻ സമുദ്രതീരത്ത് ചില നിഴലുകൾ കണ്ടിരുന്നു. ഞാൻ അത് മുഹമ്മദ്(സ)യും അദ്ദേഹത്തിന്റെ കൂട്ടാളികളുമായിരിക്കുമെന്ന് വിചാരിക്കുന്നു. സുറാഖ പറയുന്നു: ഞാൻ കുറച്ച് സമയത്തിന് ശേഷം അവിടെ നിന്ന് എഴുന്നേറ്റു. വീട്ടിൽ വന്നു. എന്റെ അടിമയോട് പറഞ്ഞു: എന്റെ കുതിരയെ തയ്യാറാക്കുക. അത് വേഗത്തിൽ പാഞ്ഞ് എന്നെയുംകൊണ്ട് പുറപ്പെട്ടു. അങ്ങനെ അവരുടെ സമീപത്ത് അതായത് നബി(സ) തിരുമേനിയുടെ അടുത്ത് എത്തിയപ്പോൾ എന്റെ കുതിരയുടെ വേഗത കാരണം ഞാൻ കുതിരപ്പുറത്ത് നിന്ന് വീണു. ഞാൻ എഴുന്നേറ്റ് നിന്നു. ആവനാഴിയിൽ നിന്ന് അമ്പ് ഞാൻ പുറത്ത് എടുത്തു. അവർക്ക് നാശം ഉണ്ടാക്കാൻ എനിക്ക് സാധിക്കുമോ അതോ ഇല്ലേ എന്ന് ശകുനം നോക്കി. എന്നാൽ ശകുനം എനിക്ക് എതിരായിരുന്നു. പിന്നെയും ഞാൻ കുതിരപ്പുറത്ത് യാത്രചെയ്യാനായി ഒരുങ്ങി. ശകുനം കണ്ടതിന് എതിര് പ്രവർത്തിച്ചു. കുതിര കുതിച്ച് പാഞ്ഞ് എന്നെയും കൊണ്ട് പോകുംവേളയിൽ ഞാൻ റസൂലുല്ലാഹ്(സ) തിരുമേനി ഖുർആൻ പാരായണം ചെയ്യുന്നത് കേട്ടു. നബി (സ) തിരുമേനി ചുറ്റുപാടും ശ്രദ്ധിച്ചിരുന്നില്ല. ഹദ്റത്ത് അബൂബക്കർ പലതവണ തിരിഞ്ഞ് ദൃഷ്ടി പായിച്ചിരുന്നു. (അപ്പോൾ) എന്റെ കുതിരയുടെ മുൻകാലുകൾ മുട്ടോളം മണ്ണിൽ പുതഞ്ഞു പോയി. ഞാൻ നിലത്ത് വീണു. ഞാൻ വീണ്ടും അമ്പ് കൊണ്ട് ശകുനം നോക്കി. ഞാൻ എന്തായിരുന്നു ഇഷ്ടപെടാതിരുന്നത് അതാണ് ഞാൻ കണ്ടത്. അതായത് എനിയ്ക്ക് നബി(സ) തിരുമേനിയെ കീഴടക്കാൻ സാധിക്കില്ല. അപ്പോൾ ഞാൻ അവരെവിളിച്ചു. നിങ്ങൾ സുരക്ഷിതരാണെന്ന് പറഞ്ഞു. അങ്ങനെ അവർ നിന്നു. അവരുടെ അടുത്ത് എത്തുന്നതിന് തടസ്സമായിരുന്ന എല്ലാ കാര്യങ്ങളുംകണ്ട് എനിക്ക് മനസിലായി, തീർച്ചയായും നബി(സ) തിരുമേനി തന്നെ വിജയിക്കുന്നതാണ്. ഞാൻ നബി(സ) തിരുമേനിയ്ക്ക് അവിശ്വാസികളുടെ എല്ലാ ഗൂഢാലോചനകളെ കുറിച്ചുമുള്ള വിവരങ്ങൾ നല്കി. നബി(സ) തിരുമേനി പറഞ്ഞു: ഞങ്ങളുടെ യാത്രാവിവരങ്ങൾ രഹസ്യമാക്കിവെക്കുക. ഞാൻ നബി(സ) തിരുമേനിയോട് അപേക്ഷിച്ചു. എന്റെ സുരക്ഷയ്ക്ക് ഒരു കരാർ എഴുതിയാലും. നബി(സ) തിരുമേനി ആമിർ ബിൻ ഫുഹയ്റായോട് പറഞ്ഞു: എഴുതി നല്കുക. അദ്ദേഹം തോലിന്റെ ഒരു കഷണത്തിൽ അത് എഴുതി നല്കി. അതിനുശേഷം നബി(സ) തിരുമേനി യാത്ര പുറപ്പെട്ടു.

നബി(സ) മക്കയിൽ നിന്ന് പുറപ്പെട്ട വിവരം അറിഞ്ഞത് മുതൽ മദീനയിലെ മുസ്ലിംകൾ എല്ലാ ദിവസവും ഹറ മൈതാനത്ത് വന്ന് പോയിരുന്നു. അവിടെ അവിടുത്തേക്കായി കാത്തിരുന്നു. ഏതുവരെയെന്നാൽ നട്ടുച്ചയുടെ പെരുംവെയിൽകാരണം അവർ തിരിച്ച് പോയിരുന്നു. ഒരു ദിവസം ഒരു യഹൂദി തന്റെ മഹലിന്റെ മുകളിൽ എന്തോ നോക്കുന്നതിനായി കയറിയപ്പോൾ, അയാൾ നബി(സ) തിരുമേനിയെയും അദ്ദേഹത്തിന്റെ സഹയാത്രികരെയും കണ്ടു. യഹൂദിയ്ക്ക് ആവേശം അടക്കാൻ സാധിച്ചില്ല. അയാൾ പരിധിയില്ലാതെ അത്യുച്ചത്തിൽവിളിച്ച് പറഞ്ഞു: അല്ലയോ! അറബ് വാസികളെ! അതായത് മദീന വാസികളെ! നിങ്ങൾ കാത്തിരുന്ന നിങ്ങളുടെ നേതാവ് ഇതാ ആഗതനായിരിക്കുന്നു. അത്കേട്ടയുടൻ, മുസ്ലിംകൾ എഴുന്നേല്ക്കുകയും അവരുടെ ആയുധങ്ങൾ വേഗത്തിൽ കൈക്കലാക്കുകയുംചെയ്തു. അങ്ങനെ ഹറ മൈതാനത്ത് നിന്ന് കൊണ്ട് അവർ റസൂൽ കരീം(സ) തിരുമേനിയ്ക്ക് സ്വാഗതമരുളി. അവിടുന്ന് അവരെയുംകൂട്ടി തന്റെ വലത് ഭാഗത്തേയ്ക്ക് തിരിഞ്ഞു. ബനീ അമർ ബിൻ ഔഫിന്റെ ഭൂപ്രദേശത്ത് പത്തോ അതിൽ അൽപം കൂടുതലോ രാത്രികൾ കഴിച്ച് കൂട്ടി. ഭയഭക്തിയെ മുൻനിർത്തി അവിടെ ഒരു മസ്ജിദ് പണികഴിച്ചു. അതിൽ നബി(സ) തിരുമേനി നമസ്കാരം നിർവഹിച്ചു. അതിനുശേഷം അവിടുന്ന് തന്റെ ഒട്ടകപ്പുറത്ത് യാത്രയായി. ആളുകൾ റസൂൽ തിരുമേനിയോടൊപ്പം കാൽനടയായി നീങ്ങി. ആ ഒട്ടകം മദീനയിൽചെന്ന് ഇരുന്നിടത്താണ് ഇന്ന് മസ്ജിദ് നബവി നിലകൊള്ളുന്നത്. ആ ദിവസങ്ങളിൽകുറച്ച് മുസ്ലിംകൾ നമസ്കാരം ആ സ്ഥലത്ത് നിർവഹിച്ചിരുന്നു. സുഹൈലും സഹലും അവരുടെ ഈന്തപ്പഴങ്ങൾ ഉണക്കുന്ന സ്ഥലമായിരുന്നുഅത്. റസൂലുല്ലാഹ്(സ) തിരുമേനി ഇരുവരേയും വിളിച്ചു. അവിടെ മസ്ജിദ് സ്ഥാപിക്കുന്നതിനായി അവരോട് ആ സ്ഥലത്തിന്റെ വില ചോദിച്ചു. അവർ രണ്ട്പേരും പറഞ്ഞു: അല്ലയോ അല്ലാഹുവിന്റെ റസൂലേ! അങ്ങ് ഇത് സൗജന്യമായി സ്വീകരിച്ചാലും. എന്നാൽ നബി(സ) തിരുമേനി അത് സൗജന്യമായി വാങ്ങുന്നതിനെ നിരാകരിച്ചു. അതിന്റെ വില നല്കിവാങ്ങി. പിന്നെ മസ്ജിദ് നിർമിച്ചു. റസൂൽ കരീം(സ) ആ പള്ളി പണിയുന്നതിനായി ആളുകളോടൊപ്പം കല്ലുകൾ ഉയർത്തി. ആ കല്ലുകൾ ഉയർത്തുന്നതോടൊപ്പം അവിടുന്ന് ഇത്കൂടി ചൊല്ലുന്നുണ്ടായിരുന്നു.

*അല്ലാഹുമ്മ ഇന്നൽ അജ്റ അജ്റൽആഖിറ ഫർഹമിൽ അൻസാറ വൽ മുഹാജിർ*

അല്ലാഹുവേ! യഥാർഥ പ്രതിഫലം, പരലോക പ്രതിഫലമാകുന്നു. അതുകൊണ്ട് നീ അൻസാറുകളുടെ മേലും മുഹാജിറുകളുടെമേലുംകരുണ ചെയ്യണേ.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഈ ഹിജ്റത്ത് സംഭവം, തന്റെതായ ശൈലിയിൽ വിവരിച്ചി

ട്ടുണ്ട്. അദ്ദേഹം എഴുതുന്നു: മക്കാവാസികൾ(ശത്രുക്കൾ) നബി(സ)യെ കണ്ടെത്തുന്നതിൽ പരാജയപ്പെട്ടപ്പോൾ അവർ വിളംബരം നടത്തി. ആരാണ് മുഹമ്മദ് റസൂലുല്ലാഹ്(സ) തിരുമേനിയെ അല്ലെങ്കിൽ അബൂബക്കറിനെ ജീവനോടെയൊ അല്ലാതയോ തിരിച്ച് കൊണ്ട് വരുന്നത്, അവർക്ക് നൂറ് ഒട്ടകങ്ങൾ സമ്മാനമായി നല്കുന്നതായിരിക്കും. ഈ വിളംബരം മക്കയുടെ ചുറ്റുമുള്ള ഗോത്രങ്ങളിലും അയച്ചു നല്കി. അങ്ങനെ സുറാഖ ബിൻ മാലിക് എന്ന ഒരു ഗ്രാമീണ നേതാവ് സമ്മാനതുകയോടുള്ള അത്യാഗ്രഹംമൂലം തിരുമേനിയുടെ പിന്നാലെ യാത്രയായി. അന്വേഷിച്ച് അന്വേഷിച്ച് മദീനയിലേക്കുള്ള മാർഗത്തിൽവെച്ച് അവിടുത്തെ കണ്ടുമുട്ടി. അയാൾ രണ്ട് ഒട്ടകങ്ങളെയും അതിലെ യാത്രക്കാരെയും കണ്ടപ്പോൾ തന്നെ അത് മുഹമ്മദ് റസൂലുല്ലാഹ്(സ) തിരുമേനിയും അവിടുത്തെ കൂട്ടാളിയുമാണെന്ന് മനസ്സിലാക്കി. അയാൾ തന്റെ കുതിരയെ അതിന്റെ പിന്നാലെ പായിച്ചു. എന്നാൽ കുതിര അതിശക്തമായ നിലയിൽ അടിതെറ്റി. സുറാഖ നിലത്ത് വീണു. സുറാഖ പിന്നീട് മുസ്ലിം ആകുകയും തന്റെ ഈ സംഭവം സ്വയം ഇപ്രകാരം വിവരിക്കുകയുംചെയ്യ്തിട്ടുണ്ട്.

ആമിർ ബിൻ ഫുഹയ്റ നബി(സ) തിരുമേനിയുടെ നിർദ്ദേശപ്രകാരം സംരക്ഷണത്തിന്റെ ഉടമ്പടി എഴുതി സുറാഖയ്ക്ക് നല്കി. സുറാഖ അതുമായി മടങ്ങാൻ ഒരുങ്ങിയപ്പോൾ, അല്ലാഹു സുറാഖയുടെ ഭാവിജീവിതത്തെ കുറിച്ച് നബി(സ) തിരുമേനിയുടെമേൽ അദൃശ്യനിലയിൽ വെളിപ്പെടുത്തി. അവിടുന്ന് അയാളോട് പറഞ്ഞു: അല്ലയോ സുറാഖ, നിന്റെ കരങ്ങളിൽ കിസറായുടെ സ്വർണവളയങ്ങൾ അണിയിക്കപ്പെടുമ്പോൾ നിന്റെ അവസ്ഥ എന്തായിരിക്കും. സുറാഖ അത്ഭുതപരതന്ത്രനായി കൊണ്ട് ചോദിച്ചു: ഇറാൻ ചക്രവർത്തി കിസറാ ബിൻ ഹർമസിന്റെയോ? അവിടുന്ന് പറഞ്ഞു, അതെ. അങ്ങയുടെ ഈ പ്രവചനം ഏകദേശം പതിനാറ് പതിനേഴ്വർഷം പിന്നിട്ടപ്പോൾ അക്ഷരംപ്രതി പുലർന്നു. സുറാഖ മുസ്ലിമായി കൊണ്ട് മദീനയിൽവന്നു. ഇസ്ലാമിന്റെ പ്രതാപ വളർച്ച കണ്ട ഇറാനികൾ മുസ്ലിംകളുടെമേൽ ആക്രമണം അഴിച്ചു വിട്ടു. ഇസ്ലാമിനെ നശിപ്പിക്കുന്നതിന് പകരം ഇസ്ലാമിനെ അക്രമിച്ചത്മൂലം സ്വയം അവർ നാശത്തിന് ഇരയായി. കിസറയുടെ ആസ്ഥാനഭവനം ഇസ്ലാമിക സേനയുടെ അശ്വപാദങ്ങളാൽ നാമവശേഷമായി. (അതോടെ) ഇറാനികളുടെ ഖജനാവ് മുസ്ലിംകളുടെ കൈപിടിയിലായി. ഇറാനികളുടെ ആചാരപ്രകാരം കിസറാ സിംഹാസനത്തിൽ ഉപവിഷ്ടനാകുമ്പോൾ ധരിക്കാറുണ്ടായിരുന്ന ആ തളയും അതിൽ ആ (ഖജനാവിൽ) ഉൾപ്പെട്ടിരുന്നു. ഹദ്റത്ത് ഉമറിന്റെ തിരുമുന്നിൽ ഈ യുദ്ധമുതൽ ഹാജരാക്കി. അദ്ദേഹം തന്റെ മുന്നിലുള്ള കിസറയുടെ തള കണ്ടപ്പോൾ അല്ലാഹുവിന്റെ ശക്തിപ്രഭാവം അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പ്രത്യക്ഷപ്പെട്ടു. അദ്ദേഹം പറഞ്ഞു: സുറാഖയെ വിളിക്കുക. അങ്ങനെ സുറാഖ വിളിയ്ക്ക് ഉത്തരം നല്കിയപ്പോൾ ഹദ്റത്ത് ഉമർ കിസറയുടെ തള അദ്ദേഹത്തിന്റെ കരങ്ങളിൽ അണിയുവാൻ ഉത്തരവ് നല്കി. സുറാഖ പറഞ്ഞു: അല്ലയോ തിരുദൂതന്റെ ഖലീഫ! സ്വർണം ധരിക്കുകയെന്നത് മുസ്ലിംകൾക്ക് വിരോധിക്കപ്പെട്ട കാര്യമല്ലേ? ഹദ്റത്ത് ഉമർ പറഞ്ഞു: അല്ലാഹു നിന്റെ കയ്യിൽ സ്വർണതള അണിഞ്ഞിരിക്കുന്നതായി മുഹമ്മദ് (സ) തിരുമേനിയ്ക്ക് ദൃശ്യമാക്കി. അതുകൊണ്ട് നീ ഇത് ധരിക്കുക അല്ലെങ്കിൽ ഞാൻ നിനയ്ക്ക് ശിക്ഷ നല്കുന്നതാണ്. സുറാഖ ആ തള തന്റെ കരങ്ങളിൽ അണിഞ്ഞു. (അങ്ങനെ) മുസ്ലിംകൾ ഈ അതിമഹത്തായ പ്രവചനം പുലരുന്നത് അവരുടെ നേത്രങ്ങൾകൊണ്ട് ദർശിച്ചു.

ആമിർ ബിൻ ഫുഹയ്റ ഹിജറത്ത് ചെയ്ത് മദീനയിൽ എത്തിയപ്പോൾ അദ്ദേഹവും ഹദ്റത്ത് അബൂബക്കറും(റ) പിന്നെ ഹദ്റത്ത് ബിലാലും(റ) രോഗത്തിന് അടിപ്പെട്ടു. റസൂലുല്ലാഹ്(സ) തിരുമേനി അവർക്ക് വേണ്ടി ദുആ ചെയ്തു. അങ്ങനെ അവർ സുഖം പ്രാപിച്ചു. ഹദ്റത്ത് ആയിശ നബി(സ) തിരുമേനിയോട് അവരെ സന്ദർശിക്കുവാൻ അനുവാദം ചോദിച്ചപ്പോൾ അവിടുന്ന് അവർക്ക് അനുവാദം നല്കി. അതിനുശേഷം ഹദ്റത്ത് ആയിശ നബി(സ) തിരുമേനിയുടെ സവിധത്തിൽ വന്നു. ആ സഹാബാക്കളുടെ അവസ്ഥയും അവരുടെ ചിന്തകളും അവിടത്തോട് പറഞ്ഞു. നബി (സ) തിരുമേനി ആകാശത്തിലേയ്ക്ക് ദൃഷ്ടി ഉയർത്തി. ഈ ദുആ ചെയ്തു:

അല്ലാഹുവേ! മക്ക എപ്രകാരം ഞങ്ങൾക്ക് പ്രിയങ്കരമായിരുന്നുവോ അപ്രകാരം നീ മദീനയെയും ഞങ്ങൾക്ക് പ്രിയങ്കരമാക്കേണമേ. അല്ലെങ്കിൽ അതിലും കൂടുതലായി. അല്ലാഹുവേ അതിന്റെ ഭാരത്തിലും അതിന്റെ തൂക്കത്തിലും നീ അനുഗ്രഹം നിറക്കേണമേ. മദീന ഞങ്ങൾക്ക് ആരോഗ്യവാസസ്ഥാനമാകേണമേ. അതിന്റെ വ്യാധികളെ നീ ദൂരീകരികേണമേ.

ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റ ബിഅ്റെമഊന സംഭവത്തിൽ ശഹീദാക്കപ്പെട്ടു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റയുടെ ശഹാദത്ത് സംഭവം വിവരിച്ച് കൊണ്ട് എഴുതുന്നു: ഇസ്ലാം വാളിന്റെ ഊക്ക് കൊണ്ടല്ല വിജയം നേടിയത്. മറിച്ച് അതിന്റെ ഉന്നതമായിട്ടുള്ള മതാധ്യാപനം മുഖേനയാണ് വിജയം കരസ്ഥമാക്കിയത്. അത് ഹൃദയങ്ങളിൽ ആഴ്ന്നിറങ്ങി. ഒരുന്നതമായ പദവിലേയ്ക്ക് ധർമബോധത്തിന് സ്ഥാനമാറ്റം ലഭിച്ചു.ഒരു സഹാബി പറയുന്നു: ഞാൻ മുസ്ലിമായതിന് ഇത് മാത്രമാണ് കാരണം, ഞാൻ ഒരു സമൂഹത്തിന്റെ അതിഥി ആയിരുന്നു. അവർ വഞ്ചന കാട്ടി എഴുപത് ഖാരികളെ ശഹീദാക്കി. അവസാനം അവരിൽ ഒരാൾ മാത്രം അവശേഷി

ച്ചു. അദ്ദേഹത്തിന്റെ നാമം ആമിർ ബിൻ ഫുഹയ്റ എന്നായിരുന്നു. ഒരുപാട് ആളുകൾ ചേർന്നാണ് അദ്ദേഹത്തെ കീഴടക്കിയത്. ഒരാൾ കുന്തം കൊണ്ട് അദ്ദേഹത്തിന്റെ നെഞ്ചിൽ ആഞ്ഞ് കുത്തി. കുന്തം തുളച്ച് കയറിയുടൻ, അദ്ദേഹത്തിന്റെ നാവിൽ നിന്നും അനിയന്ത്രിതമായി ഈ വാക്കുകൾ പുറപ്പെട്ടു. *കഅ്ബയുടെ നാഥനെ കൊണ്ട് സത്യം! ഞാൻ വിജയം പ്രാപിച്ചിരിക്കുന്നു.* ഞാൻ അദ്ദേഹത്തിന്റെ നാവിൽ നിന്ന് ഈ വചനം കേട്ട് ആശ്ചര്യപ്പെട്ടു പോയി. ഞാൻ പറഞ്ഞു: ഈ വ്യക്തി തന്റെ ബന്ധുകളിൽ നിന്നും തന്റെ ഭാര്യാമക്കളിൽ നിന്നും അകന്ന്വിദൂരമായ ഒരു പ്രദേശത്ത് അപകടത്തിൽ അകപ്പെടുന്നു. കുന്തം അദ്ദേഹത്തിന്റെ നെഞ്ചത്ത് കുത്തി കയറി. എന്നാൽ അദ്ദേഹം ജീവൻ വെടിയുമ്പോൾ പറയുന്നത് ഇത്രമാത്രമായിരുന്നു, കഅ്ബയുടെ നാഥനെ കൊണ്ട് സത്യം ഞാൻ വിജയിച്ചു. അത് എന്റെ പ്രകൃതത്തിൽ എത്രമാത്രം സ്വാധീനം ചെലുത്തിയെന്നാൽ ഞാൻ ഉറച്ച തീരുമാനം എടുത്തു. ഞാൻ ഈ ആളുകളുടെ കേന്ദ്രപ്രദേശത്ത് പോയി നോക്കുകയും സ്വയം അവരുടെ മതത്തെ കുറിച്ച് പഠിക്കുകയും ചെയ്യുന്നതാണ്. അങ്ങനെ ഞാൻ മദീനയിൽ വന്നു.  മുസ്‌ലിമായി.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: സഹാബാക്കൾ യുദ്ധത്തിൽ വധിക്കപ്പെടുന്നതിനെ ആനന്ദവും സൗഭാഗ്യവുമായി മനസിലാക്കിയിരുന്നു. ഇനി പോരാട്ടത്തിൽ എന്തെങ്കിലും പ്രയാസം നേരിട്ടാൽ അവർ അതിനെ പ്രയാസമായിട്ടല്ല മറിച്ച് അതിനെ സുഖാനുഭൂതിയായി ഏറ്റെടുക്കുന്നു.

ആ ആളുകൾ വലിയ സൗഭാഗ്യരായിരുന്നു. പ്രധാനമായും ആമിർ ബിൻ ഫുഹയ്റ, അദ്ദേഹത്തിന് ഹദ്റത്ത് അബൂബക്കറിനെ സേവിക്കാൻ അവസരം ലഭിച്ചു. നബി(സ) തിരുമേനിയെ സേവിക്കാൻ അവസരം ലഭിച്ചു. അദ്ദേഹത്തോടൊപ്പം ഹിജ്റത്ത് ചെയ്യാൻ അവസരം ലഭിച്ചു. ഇവർ ആത്മാർത്ഥയുടെ നീരുറവയായിരുന്നു. അവർ എല്ലാ അവസരത്തിലും ആത്മാർത്ഥത പ്രകടിപ്പിച്ചു. അല്ലാഹു ഇവരുടെ പദവികൾ ഉന്നതിയിൽ നിന്ന് ഉന്നതികളിലേയ്ക്ക് ഉയർത്തുമാറാകട്ടെ.

## കടത്തെ തൊട്ട് രക്ഷതേടുക

ആയിശ(റ) പറയുന്നു: നബി(സ) നമസ്കാരത്തിൽ ഇപ്രകാരം പ്രാർത്ഥിക്കാറുണ്ട്. അല്ലാഹുവേ! പാപത്തെ തൊട്ടും കടത്തെ തൊട്ടും ഞാൻ നിന്നോട് രക്ഷ തേടുന്നു. ഒരാൾ ചോദിച്ചു: പ്രവാചകരേ! താങ്കൾ കടത്തിൽ നിന്ന് രക്ഷ തേടുന്നതിനെ വർദ്ധിപ്പിക്കുന്നുവല്ലോ?! നബി(സ) അരുളി: തീർച്ചയായും ഒരു മനുഷ്യൻ കടക്കാരനായാൽ സംസാരിച്ചാൽ കളവ് പറയും. കരാർ ചെയ്താൽ ലംഘിക്കും. (ബുഖാരി.)



ഭാഗം – 2

# ശരീരവും ആത്മാവും രൂപാന്തര ഘട്ടങ്ങളുടെ സാദൃശ്യങ്ങൾ

മനുഷ്യന്റെ ശാരീരികവും ആത്മീയവുമായ ഉദ്ഭവത്തെയും വളർച്ചയേയും സൂചിപ്പിക്കുന്ന വിശുദ്ധ ഖുർആനിലെ ഗഹനമായ സൂക്തങ്ങളിലെ അർഥങ്ങളും സാദൃശ്യങ്ങളും വാഗ്ദത്ത മസീഹ് (അ) തന്റെ ബഹാറീനെ അഹ്മദിയ്യാ എന്ന പ്രശസ്ത ഗ്രന്ഥത്തിൽ വിവരിക്കുന്നു.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**ഒന്നാം ഘട്ട സാദൃശ്യം തുടരുന്നു**

പച്ചയുടയാട, നീട്ടിയ മുടി, കയ്യിൽ ജപമാല, സദാ വാർത്തു കൊണ്ടിരിക്കുന്ന കണ്ണീർ, നിത്യം ദൈവസ്മരണയിലാണെന്ന് തോന്നിപ്പിക്കുന്ന വിധം അധരചലനം! എല്ലാത്തിനുമൊപ്പം ബിദ്അത്തുകളിൽ മുങ്ങിയ ജീവിതവും. അവരുടെ ഈ ലക്ഷണങ്ങൾ തങ്ങളുടെ സാധുത്വം വെളിപ്പെടുത്തുന്നുണ്ട്. എന്നാൽ അവരുടെ ഹൃദയങ്ങൾ കുഷ്ഠബാധിതവും തെല്ലും ദൈവാനുരാഗം തീണ്ടാത്തതുമത്രെ. ഇല്ലാമാശാഅല്ലാഹ്, തങ്ങളുടെ എല്ലാ ലക്ഷണങ്ങളും അഭിനയത്തിന്റെയും പാഴ്വാക്കിന്റെയും രീതിയിലല്ലാതെ ആത്മാർഥമായ ആവേശത്തോടെ പ്രദർശിപ്പിക്കുന്ന സന്മാർഗികളായവർ എന്റെ ഈ വിവരണത്തിനു പുറത്തുള്ളവരാണ്.

എന്തായാലും ഒരുകാര്യം സ്പഷ്ടം തന്നെ, അതായത്, വിങ്ങലും വിതുമ്പലും ഭയഭക്തിയും ആർദ്രതയുമൊക്കെ സുകൃതവാന്മാരുടെ മാത്രം ലക്ഷണമല്ല. മറിച്ച്, അത് ഉചിതാനുചിതമായ ഏതവസ്ഥയിലും മനുഷ്യാന്തരംഗത്തിൽ വർത്തിക്കുന്ന ഒരു ശക്തിവിശേഷമാകുന്നു. മനുഷ്യൻ ചിലപ്പോൾ സാങ്കൽപ്പിക വൃത്താന്തങ്ങളിലധിഷ്ഠിതമായ നോവലുകൾ വായിക്കുമ്പോൾ അത് തികച്ചും അവാസ്തവമാണെന്നറിഞ്ഞിട്ടും അതിലെ വ്യസനനിർഭരമായ വിവരണങ്ങൾ പാരായണം ചെയ്യുമ്പോൾ അനിയന്ത്രിതമായി കരയുകയും കണ്ണീർ വാർക്കുകയും ചെയ്യുന്നു. അപ്രകാരം, കദനകഥകൾ നിറഞ്ഞ വൃത്താന്തങ്ങൾ വായിച്ചുകേൾപ്പിക്കുന്ന ഒരുവൻ വിഷാദാത്മക രംഗങ്ങൾ വിവരിക്കുമ്പോൾ സ്വയം ദുഃഖത്തിൽ ആണ്ടുപോവുകയും ധാരധാരയായി അശ്രുപൊഴിക്കുകയും ചെയ്യുന്നു. അവന്റെ സ്വരത്തിലും കരയുന്നവനെ പോലെ പതർച്ചയുണ്ടാകുന്നു. താൻ വിതുമ്പുന്നതിന് നിദാനം വെറുമൊരു തെറ്റായതും സാങ്കൽപ്പികവുമായ കഥയാണെന്ന് അവനറിയാം. എങ്കിലും ആ വിതുമ്പലിൽ അവൻ ഒരു ആസ്വാദ്യതയും അനുഭൂതിയും കണ്ടെത്തുന്നു. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? വിങ്ങുകയും വിതുമ്പുകയും തേങ്ങുകയും കരയുകയും ചെയ്യുന്നതിനുള്ള ഒരു ശക്തി മനുഷ്യന്റെ അകതാരിലുണ്ടെന്നതും അതിനു ഏതെങ്കിലും സംഭവത്തിന്റെ സത്യാസത്യസ്ഥിതിയുമായി യാതൊരു ബന്ധവുമില്ലെന്നതും കൊണ്ടുതന്നെയാണത്. ആ ശക്തിയെ ചലിപ്പിക്കാൻ കഴിവുള്ള എന്തെങ്കിലും കാര്യം ഹേതുവായി ഭവിക്കുമ്പോൾ അത് പ്രവർത്തിച്ചുതുടങ്ങുകയും അത്തരം മനുഷ്യൻ വിശ്വാസിയോ അവിശ്വാസിയോ ആകട്ടെ വിതുമ്പിത്തുടങ്ങുകയും അതിൽനിന്നവന് ഒരു ആസ്വാദനവും ആനന്ദവും ലഭിക്കുകയും ചെയ്യുന്നു. ഇക്കാരണം കൊണ്ടുതന്നെയാണ്, ശരീഅത്ത് അനുവാദം നൽകാത്ത പല തരം ബിദ്അത്തുകൾ അരങ്ങേറുന്ന സഭകളിൽ ഫഖീർമാരുടെ വേഷത്തിൽ തങ്ങളെ സ്വയം പ്രദർശിപ്പിക്കുന്ന സ്വതന്ത്രവിഹാരികളായ ജനങ്ങൾ ഗാനാലാപനങ്ങളും കവിതകളുമൊക്കെ കേട്ടുകൊണ്ടിരിക്കെയും സംഗീതത്തിന്റെ മാസ്മരിക സ്വാധീനത്താലും ആട്ടങ്ങളിലും ഹർഷോന്മാദങ്ങളിലും ദീനരോദനത്തിലും മുഴുകിയും തങ്ങളുടേതായ രീതിയിൽ ആനന്ദം നുകർന്നാസ്വദിക്കുന്നത്. ദൈവത്തെ പ്രാപിച്ചിരിക്കുന്നുവെന്ന് അവർ ധരിക്കുന്നു. എന്നാൽ ആ ആനന്ദാനുഭൂതി ഒരു വ്യഭിചാരിക്ക് ദുർവൃത്തയായ സ്ത്രീയിൽനിന്നു ലഭിക്കുന്ന ആനന്ദാനുഭൂതിക്ക് സമാനമായതത്രെ.

ഭയഭക്തിയും രേതസ്കണവും തമ്മിലുള്ള മറ്റൊരു സാദൃശ്യ

ശരീഅത്ത് അനുവാദം നൽകാത്ത പല തരം ബിദ്അത്തുകൾ അരങ്ങേറുന്ന സഭകളിൽ ഫഖീർമാരുടെ വേഷത്തിൽ തങ്ങളെ സ്വയം പ്രദർശിപ്പിക്കുന്ന സ്വതന്ത്രവിഹാരികളായ ജനങ്ങൾ ഗാനാലാപനങ്ങളും കവിതകളുമൊക്കെ കേട്ടുകൊണ്ടിരിക്കെയും സംഗീതത്തിന്റെ മാസ്മരിക സ്വാധീനത്താലും ആട്ടങ്ങളിലും ഹർഷോന്മാദങ്ങളിലും ദീനരോദനത്തിലും മുഴുകിയും തങ്ങളുടേതായ രീതിയിൽ ആനന്ദം നുകർന്നാസ്വദിക്കുന്നത്. ദൈവത്തെ പ്രാപിച്ചിരിക്കുന്നുവെന്ന് അവർ ധരിക്കുന്നു. എന്നാൽ ആ ആനന്ദാനുഭൂതി ഒരു വ്യഭിചാരിക്ക് ദുർവൃത്തയായ സ്ത്രീയിൽനിന്നു ലഭിക്കുന്ന ആനന്ദാനുഭൂതിക്ക് സമാനമായതത്രെ.

---

മിതാണ്, ഏതെങ്കിലും വ്യക്തിയുടെ രേതസ്കണം തന്റെ സ്വന്തം പത്നിയുടേയോ മറ്റേതെങ്കിലും സ്ത്രീയുടെയോ ഉള്ളിലേക്ക് പ്രവേശിക്കുമ്പോൾ ഉണ്ടാകുന്ന സ്ഖലനപ്രക്രിയ തീർത്തും ഭയഭക്തി നിറഞ്ഞ അവസ്ഥയുടെ ഫലമായി കരച്ചിൽ വന്നുകൊണ്ട് നയനങ്ങളിൽ നിന്നും അശ്രു പൊഴിയുന്നതിനോട് താദാത്മ്യമുള്ളതാണ്. അതായത്, ഭയഭക്തിയുടെ മൂർദ്ധന്യാവസ്ഥയിൽ കരച്ചിൽ വന്നുകൊണ്ട് കണ്ണുനീർ വമിക്കുന്നത് സ്ഖലന വേളയിൽ ഇന്ദ്രിയം അനിയന്ത്രിതമായി തെറിച്ചുവീഴുന്നത് പോലെയാണ്. എപ്രകാരം സ്ഖലനവേളയിലെ ആനന്ദം സ്വപത്നിയുമായുള്ള സംസർഗത്തിൽ അനുവദനീയവും പരസ്ത്രീഗമനത്തിൽ ഹറാമും ആകുന്നുവോ അപ്രകാരം തന്നെയാണ് ഭയഭക്തിയിൽ വിങ്ങലും വിതുമ്പലും രോദനവും സംജാതമാകുന്ന അവസ്ഥയുടെ കാര്യവും. അതായത്, ചിലപ്പോൾ ഭക്തിവികാരങ്ങളും ആർദ്രതയും വിനയഭാവങ്ങളുമെല്ലാം പങ്കുകാരനില്ലാത്ത ഏകദൈവത്തിനു വേണ്ടിമാത്രം സംഭവിക്കുന്നു. അതിൽ ഒരു ബിദ്അത്തിന്റെയോ ശിർക്കിന്റെയോ മിശ്രണമുണ്ടാകുന്നില്ല. അത്തരം ദീനരോദനത്തിലെ ആനന്ദം ഹലാലായതാകുന്നു. എന്നാൽ മറ്റുചിലപ്പോൾ ഭയഭക്തിയും വേദനയും വിതുമ്പലും അതിലെ ആനന്ദാനുഭൂതികളും ബിദ്അത്തുകളുടെ കലർപ്പോടെയോ, സൃഷ്ടിപൂജയിലൂടെയോ, വിഗ്രഹങ്ങളെയും ദേവതകളെയും പൂജിക്കുന്നതിലൂടെയോ പ്രാപിക്കുമാറാകുന്നു. എന്നാൽ ആ ആനന്ദത്തിന്റെ സാദൃശ്യം ദുർവൃത്തർ തമ്മിലുള്ള സമ്പർക്കത്തിലെ ആനന്ദത്തോടാകുന്നു. ചുരുക്കത്തിൽ, കേവല ഭയഭക്തിയുടെയും ദീനരോദനങ്ങളുടെയും അവയിലൂടെ ലഭ്യമാകുന്ന ആനന്ദാനുഭൂതികളുടെയും അവസ്ഥ അല്ലാഹുവുമായി ബന്ധം സ്ഥാപിതമായെന്നുറപ്പിക്കാനുള്ള മാനദണ്ഡമല്ല. മറിച്ച്, പാഴായിപ്പോകുന്നതും ഗർഭപാത്രത്താൽ സ്വീകരിക്കപ്പെടാത്തതുമായ അസംഖ്യം ബീജങ്ങൾക്ക് തുല്യമായ കേവലം കണ്ണുകേടാക്കുന്ന കരച്ചിലും റഹീമായ ദൈവത്താൽ സ്വീകൃതമാകാത്ത ഭക്തിവിനയഭാവങ്ങളും മാത്രവുമാകുന്നു.

ആത്മീയ അസ്തിത്വത്തിലെ പ്രഥമാവസ്ഥയായ ഭയഭക്തിയുടെയും ശാരീരിക അസ്തിത്വത്തിലെ ആദ്യഘട്ടമായ നുഥ്ഫയുടെയും രൂപങ്ങൾ വളരെ സ്പഷ്ടമായ രീതിയിൽ പരസ്പരം താദാത്മ്യം പുലർത്തുന്നുവെന്ന് നാം വിശദീകരിച്ച് എഴുതിക്കഴിഞ്ഞു. ഈ സാദൃശ്യം ഒരു നിസ്സാരകാര്യമല്ല. മറിച്ച് ആദികാലം തൊട്ടേ സർവാധികർത്താവായ ദൈവം തമ്പുരാന്റെ സവിശേഷ തീരുമാനത്താൽ തന്നെയാണ് ഈ രണ്ടു കാര്യങ്ങൾ തമ്മിലുള്ള ശ്രേഷ്ഠവും സമ്പൂർണവുമായ ഈ താദാത്മ്യങ്ങൾ ഒത്തുവന്നിട്ടുള്ളത്. എത്രത്തോളമെന്നാൽ, പരലോകത്തും ഈ രണ്ട് ആനന്ദങ്ങൾ ഉണ്ടായിരിക്കുന്നതാണെന്ന് ദൈവത്തിന്റെ പരിശുദ്ധ ഗ്രന്ഥത്തിൽ രേഖപ്പെട്ടിരിക്കുന്നു. എന്നാൽ ഈ സാദൃശ്യം അവിടെ ഏതളവോളം പുരോഗമിക്കുമെന്നാൽ, അവ പരസ്പരം അഭിന്നമായിത്തീരുന്നതാണ്. അതായത്, ആ ലോകത്ത് ഒരു വ്യക്തി തന്റെ പത്നിയുമൊത്ത് സ്നേഹസമ്പർക്കങ്ങൾ പ്രകടിപ്പിക്കുമ്പോൾ, താൻ ഭാര്യയുമായുള്ള സ്നേഹസമ്പർക്കത്തിലാണോ അതോ ദൈവാനുരാഗത്തിന്റെ അനന്തമായ ആഴക്കടലിൽ മുങ്ങിയിരിക്കുകയാണോ എന്നവന് വേർതിരിച്ചറിയാനാകില്ല. ഹദ്റത്തെ ഇസ്സത്തിൽ സർവവും സമർപ്പിച്ചു കഴിഞ്ഞിട്ടുള്ള വരിഷ്ഠർക്ക് ഇഹലോകത്തുവെച്ചു തന്നെ ഈ സ്ഥിതിവിശേഷം അനുഭവവേദ്യമായിത്തീരുന്നു. എന്നാൽ ഭൗതീകർക്കും മറകളിൽ വസിക്കുന്നവർക്കും ഈ വിഷയം ദുർഗ്രഹമത്രെ.

**രണ്ടാംഘട്ട സാദൃശ്യം**

ഒന്നാമത്തെ ഘട്ടത്തിന് ശേഷം ഇനി ആത്മീയവും ശാരീരികവുമായ അസ്തിത്വങ്ങളിലെ രണ്ടാം ഘട്ടങ്ങളും പരസ്പരം സാദൃശ്യം പുലർത്തുന്നു എന്നതാണ് വിവരിക്കാനുള്ളത്. അതിപ്രകാരമാകുന്നു, നാം പ്രതിപാദിച്ചു കഴിഞ്ഞതനുസരിച്ച് ആത്മീയ അസ്തിത്വത്തിന്റെ രണ്ടാം ഘട്ടത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ വന്നിരിക്കുന്ന തിരുവചനമിതാകുന്നു: **"വല്ലദീന ഹും അനില്ലഗ്വി മുഅ്രിദൂൻ"** അതായത്, വിശ്വാസി വ്യർഥ സംഭാഷണങ്ങളിൽ

നിന്നും വ്യർഥ കർമങ്ങളിൽനിന്നും വ്യർഥ ചലനങ്ങളിൽനിന്നും വ്യർഥ സഭകളിൽനിന്നും വ്യർഥ കൂട്ടു കെട്ടുകളിൽനിന്നും വ്യർഥ സമ്പർക്കങ്ങളിൽനിന്നും വിട്ടുമാറി നിൽക്കുന്നവനാകുന്നു. ഇതിനോട് താദാത്മ്യം പുലർത്തുന്ന ശാരീരിക അസ്തിത്വത്തിന്റെ രണ്ടാം ഘട്ടത്തിന് ദൈവം വെച്ചിരിക്കുന്ന നാമം **"അലഖ"** എന്നാണ്. അതിനെ സംബന്ധിച്ച് പ്രതിപാദിച്ചുകൊണ്ട് അരുൾ ചെയ്യുന്നു, **''സുമ്മ ഖലഖ്നാ നുത്ഫത്ത അലഖത്തൻ"** അതായത്, നാം അതിനെ വ്യർഥ മായ രീതിയിൽ പാഴായിപ്പോകു ന്നതിൽ നിന്നും സംരക്ഷിച്ചുകൊണ്ട് **''റിഹമിന്റെ''** അഥവാ ഗർഭപാത്ര ത്തിന്റെ പ്രഭാവവും ബന്ധവും മുഖേന അലഖ ആക്കിയിരിക്കുന്നു. ഇതിനു മുമ്പ് അത് ഒരു അപകടം നിറഞ്ഞ ഘട്ടത്തിലായിരുന്നു സ്ഥിതി ചെയ്തിരുന്നത്. അതൊരു മനുഷ്യരൂപം പ്രാപിക്കുമോ പാഴായിപ്പോകുമോ എന്നകാര്യ ത്തിൽ യാതൊരു നിശ്ചയവും ഉണ്ടായിരുന്നില്ല. പക്ഷേ ഗർഭപാത്ര വുമായുള്ള ബന്ധത്താൽ പാഴാ യിപ്പോകാതെ പരിരക്ഷിക്കപ്പെടുക യും അതിനു മുമ്പില്ലാതിരുന്ന ഒരു പരിവർത്തനം സംഭവിക്കുകയും ചെയ്തു. അതായത്, ഒരു രക്തപി ണ്ഡമായി മാറുകയും അതിന്റെ സാന്ദ്രത വർധിക്കുകയും ചെയ്തു. ഗർഭപാത്രവുമായി അതിനു **'ഇലാഖ'** അഥവാ ബന്ധം സ്ഥാപിത മായതുകൊണ്ടാണ് അതിന് അലഖ എന്ന വിശേഷണം നൽകപ്പെട്ടത്. പ്രസ്തുത സ്ഥിതിയിലുള്ള ഗർഭപാത്രം വഹിക്കുന്ന സ്ത്രീ 'ഹാമില' അഥവാ ഗർഭിണി എന്ന് വിളിക്കാനർഹയായിത്തീരുന്നു. ഈ സമ്പർക്കത്തിലൂടെ നുത് ഫയുടെ രക്ഷകർത്താവ് ഗർഭപാത്ര മായിത്തീരുകയും അതിന്റെ തണലിൽ വളർച്ചപ്രാപിക്കാൻ തുടങ്ങുകയും ചെയ്തു. എന്നാൽ, ഈ അവസ്ഥയിൽ നുത്ഫയ്ക്ക് വേണ്ടത്ര പരിശുദ്ധി കൈവന്നെന്ന് പറയാനാകില്ല. രക്തം കട്ടപിടിച്ച അവസ്ഥ പ്രാപിച്ചുകൊണ്ട് ഗർഭപാത്രവുമായുള്ള ബന്ധം കാരണത്താൽ സുരക്ഷിതമായെ ന്നുമാത്രം. രേതസ്കണം വ്യർഥ മായി അകത്തുനിന്നും വെളിയി ലേക്കൊഴുകി കേവലമൊരു വസ്ത്രമലിനീകരണം ആയേക്കാ മായിരുന്നു. എന്നാൽ ഇപ്പോഴത് പ്രസ്തുത ബന്ധം സ്ഥാപിതമായ കാരണത്താൽ പാഴാകാതെ പരിര ക്ഷിക്കപ്പെട്ടു. എന്നാൽ ഇന്നുമത് ഭാഗികമായി അശുദ്ധിയുടെ കലർ പ്പുള്ള രക്തപിണ്ഡം തന്നെയത്രെ.

ഗർഭപാത്രവുമായുള്ള ഈ ബന്ധം സ്ഥാപിതമായില്ലായിരുന്നെ ങ്കിൽ, രേതസ്കണം സ്ത്രീജന നേന്ദ്രിയത്തിൽ പ്രവേശിച്ചെന്നിരു ന്നാലും ഗർഭപാത്രത്തിൽ നില നിൽക്കാതെ പുറത്തേക്കൊഴുകി പ്പോകുമായിരുന്നു. എന്നാൽ, ഗർഭപാത്രത്തിന്റെ **''ഖുവ്വത്തെ മുദബ്ബിറ"** എന്ന ശക്തി അതിന്റെ പ്രത്യേക വശ്യതയാൽ അതിനെ പിടിച്ചുനിർത്തുകയും ഒരു കട്ടപിടിച്ച രക്തത്തിന്റെ ആകൃതി നൽകുകയും ചെയ്തു. അപ്പോൾ നാം മേൽ വിവരിച്ചുകഴിഞ്ഞത് പോലെ, ആ ബന്ധത്തിന്റെ ഫലമായി അതിനു അലഖ എന്നു നാമകരണം ചെയ്യപ്പെട്ടു. മുമ്പ് ഗർഭപാത്രം അതിനുമേൽ തന്റെ പ്രത്യേക സ്വാധീനമൊന്നും ചെലുത്തിയിരുന്നില്ല. ഇപ്പോൾ അതേ സ്വാധീനം അതിനെ പാഴായിപ്പോകുന്നതിൽനിന്നു കാത്തുരക്ഷിച്ചു. അതേ സ്വാധീന ത്താൽ അത് രേതസ്കണത്തെ പോലെ **''റിക്കത്തിന്റെ"** അവസ്ഥ യിൽ വിട്ടുകളയപ്പെട്ടില്ല. അതായത് അതിന്റെ ശോഷിച്ചതും നേർമയു ള്ളതുമായ അവസ്ഥ പരിണമിച്ച് ഒരുവിധത്തിൽ കട്ടിപ്രാപിച്ചു.

ശാരീരിക അസ്തിത്വത്തിന്റെ രണ്ടാം ഘട്ടമായ 'അലഖ'യുമായു ള്ള താദാത്മ്യത്തിൽ ആത്മീയ അസ്തിത്വത്തിന്റെ രണ്ടാം ഘട്ടത്തെ സംബന്ധിച്ച് വെളിച്ചം വീശി ക്കൊണ്ട് വിശുദ്ധ ഖുർആൻ അവതരിപ്പിക്കുന്ന സൂക്തം **''വല്ലദീന ഹും അനില്ലഗ്വി മുഅ് രിദ്വൂൻ''** ആകുന്നു. അതായത്, വ്യർഥ കർമങ്ങളിൽനിന്നും വ്യർഥ സംസാരങ്ങളിൽനിന്നും വ്യർഥ ചലനങ്ങളിൽനിന്നും വ്യർഥ സഭകളി ൽനിന്നും വ്യർഥ കൂട്ടുകെട്ടുകളിൽ നിന്നും വ്യർഥ ബന്ധങ്ങളിൽ നിന്നും വ്യർഥ അഭിനിവേഷങ്ങളിൽ നിന്നും വിട്ടുനിൽക്കുന്നവരായ വിശ്വാസികളത്രെ മോക്ഷം പ്രാപിച്ചവർ. ഇപ്പറയപ്പെട്ടവയിൽ നിന്നെല്ലാമുള്ള വിട്ടകൽച്ച അവർ ക്ക് സരളമായിത്തീരുവോളം അവരുടെ ഈമാന്റെ പദവി ഉയരുമാറാകുന്നു. എന്തെന്നാൽ, എപ്രകാരം അലഖ ആയിത്തീരുന്ന അവസ്ഥയോടെ നുത്ഫയ്ക്ക് ഒരളവോളം ബന്ധം ഗർഭപാത്ര വുമായി ഉണ്ടായിത്തീരുകയും വ്യർഥമായി വീണുപോകുകയോ ഒഴുകിപ്പോകുകയോ മറ്റേതെങ്കിലും തരത്തിൽ പാഴായിപ്പോകുകയോ ചെയ്യുന്നതിൽ നിന്ന് രക്ഷപ്പെട്ടു കൊണ്ട് സമാധാനാവസ്ഥ പ്രാപി ക്കുകയും ചെയ്തുവോ, അപ്രകാ രം വിശ്വാസിയുടെ വിശ്വാസ പുരോഗതിയാൽ ഒരളവോളം റഹീമായ ദൈവവുമായി ബന്ധമു ണ്ടായിത്തീരുന്നു. ഇല്ലാമാശാ അല്ലാഹ്. അപ്പോൾ ആത്മീയവും ശാരീരികവുമായ അസ്തിത്വങ്ങ ളുടെ ഈ രണ്ട് ഘട്ടങ്ങൾ തമ്മിൽ സ്പഷ്ടമായ സാദൃശ്യം പുലർത്തു ന്നവയായിത്തീർന്നു.

എപ്രകാരം ആത്മീയ അസ്തിത്വത്തിന്റെ രണ്ടാം ഘട്ടം പ്രത്യക്ഷീഭവിക്കാതെ വ്യർഥ ബന്ധങ്ങളിൽ നിന്നും വ്യർഥ കർമങ്ങളിൽനിന്നുമുള്ള മോചനം അസാദ്ധ്യമായിരിക്കുന്നുവോ; മാത്രമല്ല, കേവല ആത്മീയ അസ്തിത്വത്തിന്റെ ആദ്യഘട്ടം അഥവാ ഭയഭക്തിയുടെയും വിനയഭാവങ്ങളുടെയും അവസ്ഥ പലപ്പോഴും താറുമാറാവുകയും ദുഷ്പരിണിതിയിൽ കാലാശി ക്കുകയും ചെയ്യുന്നുവോ അപ്രകാ രം ശാരീരിക ഘട്ടത്തിലെ ആദ്യാ വസ്ഥയായ നുത്ഫയും അലഖ

സർവവിധ നിരർഥക ഭാഷണങ്ങളിൽനിന്നും വ്യഥാവൃത്തികളിൽനിന്നും കരകയറുന്നതും, വ്യർഥ സംസാരങ്ങളെയും വ്യർഥ ബന്ധങ്ങളെയും വ്യർഥ അഭിനിവേശങ്ങളെയും ഉപേക്ഷിക്കുന്നതുമായ അവസ്ഥ മനുഷ്യന് റഹീമായ ദൈവവുമായുള്ള ബന്ധം സ്ഥാപിതമാകാത്ത കാലത്തോളം കരഗതമാകുന്നില്ല. എന്തെന്നാൽ, ആ സമ്പർക്കത്തിൽ തന്നെയത്രെ മറ്റെല്ലാ ബന്ധങ്ങളേയും തകർത്തുകളയാനുള്ള ഊർജവും ശക്തിയും കുടികൊള്ളുന്നത്. അത് ഫലശൂന്യതയിൽനിന്ന് മനുഷ്യനെ കാത്തുരക്ഷിക്കുകയും ചെയ്യുന്നു.

യായി പരിണമിക്കാത്തിടത്തോളം പലപ്പോഴും നൂറുകണക്കിനു തവണ പാഴായിക്കൊണ്ടിരിക്കുന്നു. പിന്നീട് അതുസംബന്ധിച്ച് ദൈവനിശ്ചയമുണ്ടായിക്കഴിഞ്ഞാൽ നുഥ്ഫ വ്യർഥമായിപ്പോകാതെ സംരക്ഷിക്കപ്പെടുകയും ദൈവാനുമതിയോടെ അത് അലഖയായി രൂപാന്തരപ്പെടുകയും ചെയ്യുന്നു. അപ്പോഴാണ് ശാരീരിക അസ്തിത്വത്തിന്റെ രണ്ടാം ഘട്ടം എന്നു വിളിക്കപ്പെടുന്നത്.

ചുരുക്കത്തിൽ, സർവവിധ നിരർഥക ഭാഷണങ്ങളിൽനിന്നും വ്യഥാവൃത്തികളിൽനിന്നും കരകയറുന്നതും, വ്യർഥ സംസാരങ്ങളെയും വ്യർഥ ബന്ധങ്ങളെയും വ്യർഥ അഭിനിവേശങ്ങളെയും ഉപേക്ഷിക്കുന്നതുമായ അവസ്ഥ മനുഷ്യന് റഹീമായ ദൈവവുമായുള്ള ബന്ധം സ്ഥാപിതമാകാത്ത കാലത്തോളം കരഗതമാകുന്നില്ല. എന്തെന്നാൽ, ആ സമ്പർക്കത്തിൽ തന്നെയത്രെ മറ്റെല്ലാ ബന്ധങ്ങളേയും തകർത്തുകളയാനുള്ള ഊർജവും ശക്തിയും കുടികൊള്ളുന്നത്. അത് ഫലശൂന്യതയിൽനിന്ന് മനുഷ്യനെ കാത്തുരക്ഷിക്കുകയും ചെയ്യുന്നു. മനുഷ്യന്റെ നമസ്കാരത്തിൽ ആദ്യഘട്ടത്തിന്റെ ലക്ഷണങ്ങളായ ഭയഭക്തിയും വിങ്ങലും വിഷാദവുമൊക്കെയുള്ള അവസ്ഥ കൈവന്നാൽ തന്നെയും രണ്ടാം ഘട്ടമായ ദൈവവുമായുള്ള ബന്ധം സാക്ഷാൽക്കരിക്കപ്പെടാത്തിടത്തോളം വ്യർഥ സംസാരങ്ങളെയും വ്യർഥ കർമങ്ങളെയും തടയാൻ ആ സ്ഥിതിവിശേഷത്തിന് സാദ്ധ്യമല്ല. മനുഷ്യൻ തന്റെ ഭാര്യയുമായി ദിവസവും പലതവണ സമ്പർക്കം പുലർത്തിയാലും ഗർഭപാത്രവുമായി ബന്ധമുണ്ടാകാത്തിടത്തോളം നുഥ്ഫ പാഴായിക്കൊണ്ടിരിക്കുന്നത് തടയാനാകില്ല എന്നതുതന്നെയാണ് അതിനുദാഹരണം. "വല്ലദീന അനില്ലഗ്‌വി മുഅ്‌രിദ്വൂൻ'' എന്ന് ദൈവം അരുൾ ചെയ്തിരിക്കുന്നതിന്റെ പൊരുൾ, വ്യർഥ ബന്ധങ്ങളിൽനിന്ന് സ്വയം മാറിനിൽക്കുന്നവനാണ് മൂഅ്മിൻ എന്നാകുന്നു. വ്യർഥ ബന്ധങ്ങളെ കൈവെടിയുന്നത് ദൈവബന്ധത്തിന് നിദാനമായിത്തീരുന്നു.

വ്യർഥ വിഷയങ്ങളിൽ നിന്നുള്ള ഹൃദയത്തിന്റെ വ്യതിരേകത്തെ മറുഭാഷയിൽ ദൈവസമ്പർക്കമെന്ന് വിളിക്കാം. എന്തെന്നാൽ, മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് നിതാന്ത ദൈവദാസ്യതയ്ക്ക് വേണ്ടിയത്രെ. പ്രകൃത്യാ അവന്റെ ഹൃദയത്തിൽ ദൈവാനുരാഗം കുടികൊള്ളുന്നുണ്ട്. അതുകൊണ്ടുതന്നെ, ''അലസ്തു ബിറബ്ബികും ഖാലൂ ബലാ'' *(സർവാധികർത്താവായ ദൈവം ആത്മാക്കളോട് നിങ്ങളുടെ രക്ഷിതാവും പാലകനും ഞാനല്ലയോ എന്നു ചോദിച്ചപ്പോൾ അതെ തീർച്ചയായും എന്ന് പറഞ്ഞു – (അൽ അഅ്‌റാഫ്173))*

*അടിക്കുറിപ്പ്: വ്യർഥ ബന്ധങ്ങളിൽ നിന്നുള്ള വിട്ടകൽച്ച ദൈവബന്ധത്തിനു എന്തുകൊണ്ട് നിദാനമാകുന്നുവെന്നാൽ, അല്ലാഹുത്തആല ഇതേ സൂക്തങ്ങളിൽ* ***'അഫ്‌ലഹ'*** *എന്ന പദം മുഖേന വാഗ്ദാനമരുളിയിരിക്കുന്നു, അതായത്, ആരാണോ ദൈവത്തിലേക്കുള്ള അന്വേഷണത്തിൽ ഏതെങ്കിലും തരത്തിലുള്ള പ്രവൃത്തിയിൽ ഏർപ്പെടുന്നത് അവൻ തന്റെ പ്രയത്നത്തിനും പരിശ്രമത്തിനും തുല്യമായ തോതനുസരിച്ച് ദൈവത്തെ പ്രാപിക്കുകയും അവനുമായി ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നതാണ്. ആരെങ്കിലും ദൈവവുമായി ബന്ധം സ്ഥാപിക്കാൻ വേണ്ടി വ്യർഥകർമങ്ങൾ ഉപേക്ഷിക്കുകയാണെങ്കിൽ അവനു 'അഫ്‌ലഹ' എന്ന പദത്തിലെ വാഗ്ദാനപ്രകാരം ഒരു ലോലമായ ബന്ധം ദൈവവുമായി സ്ഥാപിതമാകുന്നു. എന്തുകൊണ്ടെന്നാൽ, അവൻ ചെയ്തിരിക്കുന്ന ആ പ്രവൃത്തി വലിയൊരു ഭാരിച്ച പ്രവൃത്തിയല്ലതന്നെ. അവന് വ്യർഥ വിഷയങ്ങളോടുണ്ടായിരുന്ന ഒരു ലോലബന്ധമായിരുന്നു അവൻ ഉപേക്ഷിച്ചത്. ഓർമിച്ചുകൊൾവിൻ, 'അഫ്‌ലഹ' എന്ന പദം 'ഖദ് അഫ്‌ലഹൽ മൂഅ്മിനൂനല്ലദീന ഹും ഫീ സ്വലാത്തിഹിം ഖാശിയൂൻ' എന്ന സൂക്തത്തിൽ വ്യക്തമായി വന്നതു പോലെ അതേ പദം അഥവാ "അഫ്‌ലഹ" എന്ന അവ്യയത്തിലൂടെ തുടർന്നുള്ള എല്ലാ സൂക്തങ്ങളിലും വാഗ്ദാനത്തിന്റെ രൂപത്തിൽ ബാധകമാണ്. അതുകൊണ്ടുതന്നെ, "വല്ലദീന അനില്ലഗ്‌വി മുഅ്‌രിദ്വൂൻ" എന്നത് "ഖദ് അഫ്‌ലഹൽ മൂഅ്മിനൂനല്ലദീനഹും അനില്ലഗ്‌വി മൂഅ്‌രിദ്വൂൻ" എന്ന അർഥം തന്നെയാണ് ഉൾക്കൊള്ളുന്നത്. 'അഫ്‌ലഹ' എന്ന പദം ഒരോ തവണയും ഈമാന്റെ അഥവാ വിശ്വാസശക്തിയുടെ മേൽ ഒരോ പ്രത്യേക വിവക്ഷയും പ്രത്യേക ബന്ധത്തിന്റെ വാഗ്ദാനവും നൽകുന്നു.*

എന്ന പരിശുദ്ധ സൂക്തത്തിലൂടെ വെളിപ്പെടുന്നതനുസരിച്ച്, മനുഷ്യാത്മാക്കൾക്ക് മഹത്വവാനായ ദൈവവുമായി ഒരു ജന്മസിദ്ധമായ ബന്ധമുണ്ടെന്ന് മനസ്സിലാക്കാം. ആ ബന്ധം ''റഹീമിയത്തിന്റെ'' തണലിൽ വന്നുകൊണ്ട്, അഥവാ ആരാധനാ കർമങ്ങൾ അനുഷ്ഠിച്ചുകൊണ്ടാണ് മനുഷ്യന് ദൈവത്തിൽനിന്ന് കരഗതമാകുന്നത്. അതിന്റെ ഏറ്റവും പ്രാഥമികഘട്ടമാണ് ദൈവ വിശ്വാസം സ്വീകരിച്ച് സർവവിധ വ്യർഥ ഭാഷണങ്ങളിൽനിന്നും വ്യർഥ കർമങ്ങളിൽനിന്നും വ്യർഥ സഭകളിൽനിന്നും വ്യർഥ ചലനങ്ങളിൽനിന്നും വ്യർഥ സമ്പർക്കങ്ങളിൽനിന്നും വ്യർഥ അഭിനിവേശങ്ങളിൽനിന്നും തീർത്തും കരകയറിക്കൊള്ളണം എന്നത്. അവന്റെ ജന്മസിദ്ധമായ ആ ബന്ധത്തെ സാദ്ധ്യമായ ശക്തികളാൽ കർത്തവ്യമണ്ഡലത്തിൽ കൊണ്ടുവരിക എന്നത് ഏതെങ്കിലും അഭൂതപൂർവമായ കാര്യമല്ല. നാം പറഞ്ഞുകഴിഞ്ഞത് പ്രകാരം, നമസ്കാരത്തിലും ദൈവസ്മരണയിലും കരഗതമാകുന്ന ഭക്തിയുടെയും രോദനത്തിന്റെയും വ്യസനനിർഭരതയുടെയും തേങ്ങലിന്റെയും ഘട്ടത്തിന് അതിന്റെ അസ്തിത്വത്തിൽ കേവലം പ്രയുക്തതയുടെ സ്ഥാനമാണുള്ളത്. അതായത്, ആത്മാവിന് ഭയഭക്തി ലഭ്യമാകണമെങ്കിൽ അതോടൊപ്പം വ്യർഥ വിഷയങ്ങളുടെ വർജനമോ അല്ലെങ്കിൽ അതിനേക്കാൾ മികച്ച ധാർമികഗുണങ്ങളോ മറ്റു ശിഷ്ടാചാരങ്ങളോ ഉണ്ടാകണമെന്ന് നിർബന്ധമില്ല. മറിച്ച് നമസ്കാരത്തിൽ ഭയഭക്തിയും നൊമ്പരവും കരച്ചിലും നിറഞ്ഞ അവസ്ഥ സ്വീകരിക്കുന്നവൻ മറ്റുള്ളവരിലും അതിന്റെ പ്രഭാവം ചെലുത്തുവോളം പുരോഗമിച്ചെന്ന് വന്നാലും തഥാപി വ്യർഥ സംസാരങ്ങളിൽനിന്നും വ്യർഥ കർമങ്ങളിൽനിന്നും വ്യർഥ ചലനങ്ങളിൽനിന്നും വ്യർഥ സഭകളിൽനിന്നും വ്യർഥ ബന്ധങ്ങളിൽനിന്നും വ്യർഥ ശാരീരികാവേശങ്ങളിൽനിന്നും പരിശുദ്ധി ആർജിച്ചിരിക്കണമെന്നില്ല. അഥവാ, അവന് ന്യൂനതകളിൽനിന്നുള്ള പരിപൂർണമോചനം ലഭിച്ചിട്ടില്ലായിരിക്കാമെന്ന് സാരം. എന്തെന്നാൽ, ഭയഭക്തി ഇടയ്ക്കിടയ്ക്ക് ഹൃദയത്തിൽ വരികയോ നമസ്കാരത്തിൽ ആനന്ദം കരഗതമാവുകയോ ചെയ്തുകൊണ്ടിരിക്കുന്ന അവസ്ഥയും **''ത്വഹാറത്തെ നഫ്സും''** അഥവാ ആത്മാവിന്റെ പവിത്രീകരണവും രണ്ട് വ്യത്യസ്ത സംഗതികളാകുന്നു.

ആരാധനകളിൽ യത്നിക്കുന്ന ഒരുവന്റെ ഭയഭക്തിയും വിനയഭാവങ്ങളും കരച്ചിലുമെല്ലാം ബിദ്അത്തിന്റെയും, ശിർക്കിന്റെയും കലർപ്പുകളിൽനിന്ന് സംശുദ്ധമായെന്ന് വന്നാൽ പോലും ഇനിയും ആത്മീയ അസ്തിത്വത്തിന്റെ രണ്ടാം ഘട്ടം പ്രാപിച്ചിട്ടില്ലാത്ത ഒരുവൻ അത് പ്രാപിക്കുന്നത് വരെയും, വിജന മരുഭൂമികളും മുള്ളുകൾ നിറഞ്ഞ വനങ്ങളും വൻ പർവതങ്ങളും ആഞ്ഞുവീശുന്ന കൊടുങ്കാറ്റിനാൽ വലയം ചെയ്യപ്പെട്ട മഹാസമുദ്രങ്ങളുമെല്ലാമുള്ളതും, നിഷ്ഠൂരരായ വിശ്വാസ പ്രതിയോഗികളും പ്രാണശത്രുക്കളും പാതയിൽ പതിയിരിക്കുന്നതുമായ വീഥികളിലൂടെ ആത്മീയ ഖിബ്‌ലയെ ഉന്നംവെച്ച് തീവ്രയാതനയോടെ പ്രയാണം ചെയ്യുന്ന ഒരുവനെ പോലെയെത്രെ.

ഓർമിച്ചുകൊൾവിൻ, ഭയഭക്തിയും വിനയാർദ്രഭാവങ്ങളും നിറഞ്ഞ അവസ്ഥ ഒരിക്കലും ദൈവവുമായി സത്യസന്ധമായ ബന്ധം സ്ഥാപിതമായിയെന്ന് നിശ്ചയിക്കാനുള്ള ലക്ഷണമല്ല. മറിച്ച് ചില സന്ദർഭങ്ങളിൽ ദ്രോഹകാരികളായ ജനങ്ങളിലും ഏതെങ്കിലും ദൈവിക ശിക്ഷകളുടെ മാതൃക ദർശിക്കുമ്പോൾ ഭയഭക്തിയുടെ അവസ്ഥ സംജാതമാകാറുണ്ട്. എന്നാൽ അവർക്ക് ദൈവവുമായി യാതൊരു ബന്ധവുമില്ല. തന്നെയുമല്ല അവർ വ്യർഥകർമങ്ങളിൽനിന്ന് മോക്ഷം നേടിയവരുമല്ല. 1905 ഏപ്രിൽ 4 നു ഭൂകമ്പമുണ്ടായപ്പോൾ ലക്ഷക്കണക്കിന് ജനങ്ങൾ ഭയഭക്തിയുള്ളവരായിത്തീർന്നിരുന്നു. സകലജനങ്ങളുടെയും നാവിൽ ഈശ്വരനാമം മാത്രം ശേഷിച്ചു. ഏതളവോളമെന്നാൽ, നാസ്തികർ തങ്ങളുടെ നിരീശ്വരത്വം വിസ്മരിച്ചുകളഞ്ഞു; പിന്നീട് ഭയപ്പാടിന്റെ അവസ്ഥ പതിയെ നീങ്ങുകയും ഭൂമി നിശ്ചലമാവുകയും ചെയ്തപ്പോൾ അവരുടെ ആ ഭയഭക്തിയുടെ അവസ്ഥയും തിരോഭവിച്ചു. എത്രത്തോളമെന്നാൽ, ദൈവവിശ്വാസികളായിത്തീർന്നിരുന്ന നിരീശ്വരവാദികൾ അഹങ്കാരത്തോടും തന്റേടത്തോടും കൂടി, ഞങ്ങൾക്ക് അബദ്ധം പിണഞ്ഞുപോയി; ഭൂകമ്പഭീതിയാൽ ദൈവത്തിൽ വിശ്വസിച്ചുപോയി; എന്നാൽ യഥാർഥത്തിൽ ദൈവമില്ല എന്നൊക്കെ നിർലജ്ജം വിളിച്ചുകൂവിയതായി നമുക്ക് അറിയാൻ സാധിച്ചു.

ചുരുക്കത്തിൽ, നാം ആവർത്തിച്ച് എഴുതിക്കഴിഞ്ഞിരിക്കുന്നു, ഭയഭക്തിയുടെ അവസ്ഥയ്ക്കൊപ്പം

ഭയഭക്തിയും വിനയാർദ്രഭാവങ്ങളും നിറഞ്ഞ അവസ്ഥ ഒരിക്കലും ദൈവവുമായി സത്യസന്ധമായ ബന്ധം സ്ഥാപിതമായിയെന്ന് നിശ്ചയിക്കാനുള്ള ലക്ഷണമല്ല. മറിച്ച് ചില സന്ദർഭങ്ങളിൽ ദ്രോഹകാരികളായ ജനങ്ങളിലും ഏതെങ്കിലും ദൈവിക ശിക്ഷകളുടെ മാതൃക ദർശിക്കുമ്പോൾ ഭയഭക്തിയുടെ അവസ്ഥ സംജാത മാകാറുണ്ട്. എന്നാൽ അവർക്ക് ദൈവവുമായി യാതൊരു ബന്ധവുമില്ല. തന്നെയുമല്ല അവർ വ്യർഥകർമങ്ങളിൽനിന്ന് മോക്ഷം നേടിയവരുമല്ല.

അസംഖ്യം മാലിന്യങ്ങൾ കൂടിച്ചേരാനുള്ള സാധ്യത ഭാരിച്ചതാണ്. നിസ്സന്ദേഹം ഭയഭക്തിയുടെ അവസ്ഥ സർവ ഭവിഷ്യപരിപൂർത്തിക്കും വേണ്ടിയുള്ള ബീജാവാപത്തിന് സമാനം തന്നെ. എന്നാൽ, ഇതേയ്യൊരവസ്ഥ മാത്രമാണ് സർവശ്രേഷ്ഠമെന്ന ധാരണ ആത്മാവിനോട് കാണിക്കുന്ന വഞ്ചനയാകുന്നു. പ്രത്യുത അതിനനന്തരം വിശ്വാസി അന്വേഷിക്കേണ്ടതായിട്ടുള്ള മറ്റൊരു ഘട്ടമുണ്ട്. ആ സ്ഥാനം കണ്ടെത്തുന്നതുവരെ അവൻ ഒരിക്കലും വിശ്രമിക്കാനോ അലസനാകാനോ പാടില്ല. പ്രസ്തുത ഘട്ടത്തെ സംബന്ധിച്ച് ദൈവവചനം ഇപ്രകാരമാണ് സ്മരിക്കുന്നത്, **''വല്ലദീനഹും അനില്ലഗ്‌വി മുഅ്‌രിളൂൻ''** അതായത്, *'നമസ്കാരത്തിൽ കേവലം ഭയഭക്തി സ്വീകരിക്കുകയും വിഷാദാർദ്രഭാവങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യുന്നവനല്ല സത്യവിശ്വാസി. മറിച്ച് ആ അവസ്ഥയും മറികടന്ന് ഭയഭക്തിക്കും വിനയഭാവങ്ങൾക്കും പുറമേ വ്യർഥ സംസാരങ്ങളിൽനിന്നും നിരർഥകർമങ്ങളിൽനിന്നും കരകയറുകയും തങ്ങളുടെ ഭയഭക്തിയുടെ അവസ്ഥയെ അനാവശ്യ ജോലികളും വ്യർഥഭാഷണങ്ങളും കലർത്തിക്കൊണ്ട് വൃഥാ നശിപ്പിച്ചുകളയാതിരിക്കുകയും സർവവിധ വ്യർഥ വ്യവഹാരങ്ങളിൽനിന്നും അകൽച്ച പാലിക്കുകയും ചെയ്യുന്നവരത്രേ സത്യവിശ്വാസികൾ'.* അനാവശ്യമായ എല്ലാ കർമങ്ങളോടും സംഭാഷണങ്ങളോടും അവരുടെ ഹൃദയത്തിൽ ഒരു വെറുപ്പ് സംജാതമാകുന്നു. ഇക്കാര്യം അവർക്ക് അല്ലാഹുവുമായി അല്പം ബന്ധമുണ്ടായിരിക്കുന്നു എന്നതിന് ഒരു തെളിവാകുന്നു. എന്തെന്നാൽ, മനുഷ്യൻ ഒരു ഭാഗത്തുനിന്ന് മുഖം തിരിക്കുന്നത് മറ്റൊരു ഭാഗവുമായി അവന് ബന്ധമുണ്ടായിത്തീരുമ്പോഴാണ്. എപ്പോഴാണോ മനുഷ്യഹൃദയത്തിന് റഹീമായ ദൈവവുമായി ബന്ധം സ്ഥാപിതമാവുകയും അവന്റെ ഔന്നത്യവും ഭയവും ഹൃദയത്തെ ജയിച്ചടക്കുകയും ചെയ്യുന്നത് അപ്പോൾ മാത്രമേ പ്രാപഞ്ചികമായ വ്യർഥ സംസാരങ്ങളോടും അനാവശ്യ കളിതമാശകളോടും നിരർഥക കർമങ്ങളൊടും ഫലശൂന്യ സമ്പർക്കങ്ങളോടും മനുഷ്യന്റെ ഹൃദയത്തിന് നേരാംവണ്ണമുള്ള വിരക്തി ലഭിക്കുകയുള്ളൂ. അപ്രകാരംതന്നെ, നുഥ്ഫയും ഗർഭാശയവുമായി ബന്ധം സ്ഥാപിതമായിക്കൊണ്ട് 'നുഥ്ഫ' എന്നത് 'അലഖ'യായി പരിണമിക്കുന്നതുവരെ പാഴായിപ്പോകുന്നതിൽനിന്ന് സുരക്ഷിതമല്ല. അതുപോലെ ആത്മീയ അസ്തിത്വത്തിന്റെ രണ്ടാം ഘട്ടവും അഥവാ വിശ്വാസിയുടെ "മുഅ്‌രിള് അനില്ലഗ്‌വ്" ആയിത്തീരലും ആത്മീയപരമായ ''അലഖ'' ആയിത്തീരൽ തന്നെ. എന്തെന്നാൽ, ഈയ്യൊരു ഘട്ടത്തിൽ വിശ്വാസിയുടെ ഹൃദയത്തിനുമേൽ ദൈവിക മഹത്വവും ഭയവും വന്നിറങ്ങിക്കൊണ്ട് വൃഥാവിലുള്ള സംസാരങ്ങളിൽനിന്നും പ്രവർത്തികളിൽനിന്നും വിശ്വാസിയെ മോചിതനാക്കുന്നു. അവൻ ആ ദൈവിക മഹത്വത്താലും ഭയത്താലും പ്രഭാവിതനായിക്കൊണ്ട് വ്യർഥമായിട്ടുള്ള എല്ലാ സംസാരങ്ങളും കർമങ്ങളും എന്നേക്കുമായി ഉപേക്ഷിക്കുന്നു. ഇതേ അവസ്ഥ തന്നെയാണ് മറ്റൊരു വിശേഷണത്തിൽ **''തഅല്ലുഖ് ബില്ലാഹ്''** അഥവാ ദൈവബന്ധം എന്നറിയപ്പെടുന്നത്.

എന്നാൽ, കേവലം വ്യർഥ വിഷയങ്ങൾ വെടിയുന്നതുമൂലം ദൈവവുമായി ഉണ്ടായിത്തീർന്ന ഈ ബന്ധം ഹ്രസ്വമായൊരു ബന്ധമത്രെ. എന്തെന്നാൽ, ഈ ഘട്ടത്തിൽ വിശ്വാസി 'ലഗ്‌വിയാത്തു'മായുള്ള ബന്ധം വിച്ഛേദിച്ചുവെങ്കിലും തന്റെ (ലൗകിക) അവശ്യവസ്തുക്കളോടും സ്വസ്ഥമായ ഉപജീവനവുമായി ബന്ധപ്പെട്ട കാര്യങ്ങളോടുമുള്ള കെട്ടുപാട് അവനിൽ അവശേഷിക്കുന്നുണ്ട്. അതിനാൽ മാലിന്യത്തിന്റെ ഒരംശം ഇപ്പോഴും അവന്റെയുള്ളിൽ ബാക്കിയുണ്ടെന്ന് പറയാം. അക്കാരണത്താൽ തന്നെയത്രെ അത്യുന്നതനായ ദൈവം ആത്മീയ അസ്തിത്വത്തിന്റെ ഈ രണ്ടാം ഘട്ടത്തെ 'അലഖ'യോട് ഉപമിച്ചത്. അലഖ രക്തം കട്ടപിടിച്ച ഒരവസ്ഥയാണ്. തന്മൂലം രക്തസാന്നിധ്യത്താൽ ഭാഗികമായൊരു മലിനാവസ്ഥ അതിൽ അവശേഷിക്കുന്നുണ്ട്. പരിപൂർണമായ രീതിയിൽ ദൈവത്തെ ഭയപ്പെടാത്തതും തികവാർന്ന നിലയിൽ 'ഹദ്റത്തെ ഇസ്സത്ത് ജല്ലശാനുഹൂ' വിന്റെ മഹത്വവും ഭയവും ഹൃദയത്തിൽ കുടിയിരിക്കാത്തതും കാരണമായാണ് പ്രസ്തുത ന്യൂനത ഈ ഘട്ടക്കാരിൽ ശേഷിക്കുന്നത്. അതുകൊണ്ടുതന്നെ ഫലശൂന്യവും വ്യർഥവുമായ സംഗതികളെ ഉപേക്ഷിക്കുന്നതിലുപരി മറ്റൊന്നും അവരെക്കൊണ്ട് സാദ്ധ്യമല്ല. ആ നിസ്സഹായതയിൽ എത്രത്തോളം മാലിന്യം അവരുടെ വികലമായ ആത്മാക്കളിൽ തുടരുന്നുവെന്നാൽ, ദൈവവുമായുള്ള നേർത്ത ബന്ധം സ്ഥാപിച്ചുകൊണ്ട് വ്യർഥ വിഷയങ്ങളിൽനിന്ന് അവർ കരകയറിയിരിക്കുന്നുവെന്ന സംഗതി ശരിതന്നെ, പക്ഷെ, ആത്മാവിനുമേൽ കൂടുതൽ ഭാരമനുഭവപ്പെടുന്ന പരിത്യാഗങ്ങൾ നിർവഹിക്കാൻ അവർക്ക് സാദ്ധ്യമല്ല. അതായത് സ്വന്തം ശാരീരികാനന്ദത്തിന് അനിവാര്യമായിട്ടുള്ള വസ്തുക്കൾ ദൈവത്തിനുവേണ്ടി ഉപേക്ഷിക്കാൻ അവർ അശക്തരാകുന്നു. കേവലം വ്യർഥ വിഷയങ്ങളിനിന്ന് മുഖം തിരിക്കുക എന്നത് ഒരു വാഴ്ത്തപ്പെടേണ്ട സംഗതിയല്ലെന്നും മറിച്ച് ഇത് വിശ്വാസിയുടെ താഴ്ന്ന പടിയിലുള്ള ഒരവസ്ഥയാണെന്നും ഈ വിവരണങ്ങളാൽ സ്പഷ്ടമായിരിക്കുന്നു. എന്നിരുന്നാലും, ഭയഭക്തിയുടെ അവസ്ഥയേക്കാൾ ഒരുപടി ഉയർന്നതുതന്നെ.

(ബറാഹിനെ അഹ്മദിയ്യാ, വാ. 5)

*വിവ: അബൂഅയ്മൻ*

# മതമൈത്രിയുടെ ഇസ്‌ലാമിക മാനങ്ങൾ

ഒരു ബഹുസ്വര ജനാധിപത്യ സമൂഹത്തിൽ സാമൂഹിക ഉദ്ഗ്രഥനത്തിനും സമാധാനത്തിനും ഏറ്റവും അനുയോജ്യമായ അദ്ധ്യാപനങ്ങളാണ് ഇസ്‌ലാം നൽകുന്നത്. പഴയങ്ങാടി ജമാഅത്തിന്റെ ശതവാർഷിക ത്തോടനുബന്ധിച്ച് 2018 നവംബർ 17ന് പഴയങ്ങാടി ബസ് സ്റ്റാന്റ് പരിസരത്ത് ചേർന്ന മതമൈത്രീ യോഗത്തിൽ ചെയ്ത പ്രഭാഷണം.

എ. എം. മുഹമ്മദ് സലീം

മനുഷ്യ ജീവിതം ജനനത്തിനും മരണത്തിനും നടുവിലുള്ള ഒരു മഹാ പ്രഹേളികയാണ്. നമ്മുടെ ഹൃദയ ഘടികാരത്തിന്റെ സ്പന്ദനങ്ങൾക്കൊപ്പം മരണമെന്ന മഹാ സമസ്യയിലേക്ക് നാം ഓരോരുത്തരും നടന്നടുക്കുകയാണ്. ഒരുനാൾ വന്നണയുന്ന മരണമെന്ന അവസാന കവാടത്തിൽ ശരീരമുപേക്ഷിച്ച് ഈ ജീവിത യാത്ര അവസാനി പ്പിക്കേണ്ടവരാണ് നമ്മൾ. ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയും പാഴ്സിയും ജൂതനും നാം മനുഷ്യരെല്ലാം മരണമെന്ന തിരസ്ക്കരണിക്ക് പിന്നിലെ അജ്ഞാത ലോകത്തേക്കുള്ള പ്രയാണം തുടരുന്നവരാണ്. മനുഷ്യൻ അടിസ്ഥാനപരമായി അഭിമുഖീകരിക്കുന്ന ഈ അലംഘനീയ യാഥാർഥ്യത്തിന് മുമ്പിൽ നാം ഭയചകിതരായിപ്പോകുന്നു. മനുഷ്യന്റെ ഉള്ളിന്റെയുള്ളിനെ നിരന്തരം അലട്ടുന്ന ഈ അസ്തിത്വ സമസ്യക്ക് ഇസങ്ങൾക്കും ശാസ്ത്രത്തിനും ഉത്തരം നൽകാൻ സാദ്ധ്യമല്ല. ഏതോ അജ്ഞാത ഭൂതങ്ങളിൽ നിന്നും ഉത്ഭവിച്ച് ജീവിതമായി ഇവിടെ അരങ്ങേറി വീണ്ടും അദൃശ്യങ്ങളിലേക്കും അജ്ഞാതലോകത്തേക്കും തിരോഭവിക്കുന്ന ജീവിതമെന്ന ഈ മഹാ സമസ്യക്ക് ഉത്തരം നൽകി മനുഷ്യനെ സമാശ്വസിപ്പിക്കാൻ ശ്രമിച്ചത് മതങ്ങളാണ്. അതിനായി മൂല്യ ബോധവും സന്മാർഗ പാഠങ്ങളും മതങ്ങൾ മനുഷ്യന് നൽകി. മതങ്ങൾ മനുഷ്യനെ സാത്വിക വിശുദ്ധിയുടെ മാലാഖ മാരാക്കിമാറ്റി. ആ മതങ്ങൾക്ക് ഇന്ന് സംഭവിച്ച ശോഷണം യഥാർഥ മതവിശ്വാസികളെ വ്യാകുല ചിത്തരാക്കുന്നില്ലേ? മനുഷ്യനെ മാലാഖയാക്കാൻ ധാർമിക ശേഷിയും ആത്മീയ പാഠങ്ങളുമുള്ള മതങ്ങൾ പൊതു വേദികളിൽ പേര് ഉച്ചരിക്കാൻ പറ്റാത്ത അശ്ലീല പദമായി മാറിയിരിക്കുന്നു. മതം ചർച്ചചെയ്യാൻ ആളുകൾ ഭയക്കുന്നു. മതങ്ങൾക്ക് പൊതുവേ വന്നുപെട്ട ജീർണതകൾ വിശ്വാസികൾ ഹൃദയപൂർവം ചർച്ച ചെയ്യേണ്ടിയിരിക്കുന്നു.

നാം ജീവിക്കുന്ന ലോകത്ത് ധാരാളം മതങ്ങളുണ്ട്. മതസ്പർദ്ധക്കും സംഘർഷങ്ങൾക്കും കാരണം യഥാർഥത്തിൽ മതങ്ങളുടെ ബഹുലതയും വൈവിധ്യവുമാണോ? പ്രകൃതിയിലും പ്രപഞ്ചത്തിലും നിറഞ്ഞ് നിൽക്കുന്നത് വൈവിധ്യങ്ങളാണ്. ലോകത്ത് നിരവധി മതങ്ങൾ നിലനിൽക്കുന്നു എന്നതല്ല പ്രശ്നം. വൈവിധ്യങ്ങളോട് നാം എങ്ങനെ സമീപിക്കുന്നു എന്നതാണ് പ്രശ്നം. വാസ്തവത്തിൽ മനുഷ്യനും പ്രകൃതിയുമെല്ലാം വൈവിധ്യങ്ങളിൽ അധിഷ്ടിതമാണ്. ഏകശിലാഘടനയിലുള്ള വാർപ്പു രീതികൾ അഥവാ ക്ലോൺ രൂപങ്ങൾ പ്രകൃതിയിൽ കാണില്ല. യൂണിഫോമിറ്റി എന്നത് മനുഷ്യന്റെ കൃതബുദ്ധിയിൽ വരുന്ന ഒരു കൃത്രിമസങ്കൽപ്പമാണ്. ദൈവം സൃഷ്ടിച്ച പ്രകൃതിയിൽ നിറഞ്ഞ് നിൽക്കുന്നത് വൈവിധ്യങ്ങളും നാനാത്വങ്ങളും ബഹുത്വവുമാണ്. അതാണ് പ്രകൃതിയുടെ സൗന്ദര്യം. മനുഷ്യൻ പഠിക്കേണ്ടതും പരിചയിക്കേണ്ടതും സമരസപ്പെടേണ്ടതും ഈ വൈവിധ്യങ്ങളോടാണ്. കൂടുതൽ ശാസ്ത്രീയമായി പറഞ്ഞാൽ ലീനിയാരിറ്റി അഥവാ രേഖീയത എന്നത് പ്രകൃതിയിൽ അപൂർവമാണ്. അരേഖിയതയാണ് പ്രകൃതിയുടെ സ്വച്ഛരൂപം. ആകാശത്ത് നോക്കുമ്പോൾ കാണുന്ന നക്ഷത്രങ്ങളുടെ വിന്യാസവും ഭൂമിയുടെ ഉപരിതല ഘടനയും സസ്യവൈവിധ്യങ്ങളും മൃഗരാശികളുടെ സഹജീവനവുമെല്ലാം വൈവിധ്യ പൂർണങ്ങളും അരേഖീയവുമാണ്. മനുഷ്യന്റെ ഭാഷയിലും വേഷത്തിലും ഭക്ഷണത്തിലും വർണത്തിലും ഈ വൈവിധ്യങ്ങളുടെ അടയാളമുദ്രകൾ കാണാം.

മാത്രമല്ല മനുഷ്യന്റെ സാമൂഹിക മണ്ഡലത്തിലും രാഷ്ട്രീയ മണ്ഡലത്തിലും വിജ്ഞാന മണ്ഡലത്തിലും ഇത്തരം വൈവിധ്യങ്ങൾ കാണാം. അതുകൊണ്ട് ഒരു മതത്തിലെ വിശ്വാസി വിവിധ മതങ്ങൾ ലോകത്ത് കാണുന്നതിൽ അസ്വസ്ഥനാകേണ്ടതില്ല. അവന്റെ ദൈവം സൃഷ്ടിച്ച പ്രകൃതിയിൽ തന്നെ ഈ നാനാത്വം കാണാം. പിന്നെ എന്തിന് അന്യമതങ്ങളെ നാം വെറുക്കണം? പ്രകൃതിയുടെ ഈ വൈവിധ്യ സംവിധാനത്തെക്കുറിച്ച് അല്ലാഹു ഖുർആനിൽ പറയുന്നു:

***'അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പും നിങ്ങളുടെ ഭാഷകളുടെയും വർണങ്ങളുടെയും വൈവിധ്യങ്ങളും. തീർച്ചയായും അതിൽ അറിവുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. (30 അദ്ധ്യായം: റൂം വചനം 23)***

***നീ കാണുന്നില്ലേ? മനുഷ്യരിലും ജന്തുക്കളിലും കന്നുകാലികളിലും ഇതേപ്രകാരം വിവിധ വർണങ്ങളുണ്ട്. അല്ലാഹുവിന്റെ ദാസരിൽ ജ്ഞാനികൾ മാത്രമേ അവനെ ഭയപ്പെടുകയുള്ളൂ.' (അദ്ധ്യായം: അൽഫാത്തിർ, വചനം 29)***

***'മനുഷ്യരെ തീർച്ചയായും നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ ജനവർഗങ്ങളും ഗോത്രങ്ങളുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ പരസ്പരം തിരിച്ചിയുന്നതിന് വേണ്ടി.'(അൽഹുജൂറാത്ത് 49:13)***

ഒരു മതം മാത്രം ലോകത്ത് നിലനിർത്തി എല്ലാവരും ആ മതത്തിൽ വിശ്വസിച്ചുകൊള്ളണം എന്ന നിലപാട് ദൈവം സ്വീകരിച്ചിട്ടില്ല എന്ന് ഖുർആൻ വ്യക്തമായും പറയുന്നു.

***'നിന്റെ നാഥൻ ഇച്ഛരിച്ചിരുന്നുവെങ്കിൽ നിശ്ചയമായും ഭൂമിയിലുള്ളവരെല്ലാം ഒന്നായി വിശ്വസിക്കുമായിരുന്നു. എന്നിരിക്കെ അവർ വിശ്വാസികളായിത്തീരാൻ നിനക്ക് ബലം പ്രയോഗിക്കാനാകുമോ?'(10 അദ്ധ്യായം യൂനുസ് വചനം 100)***

പ്രകൃതിയിലുള്ളതും നരവംശശാസ്ത്രപരമായതും മതപരവുമായ വൈവിധ്യങ്ങളെല്ലാം തന്നെ അടിസ്ഥനപരമായി പരസ്പരം തിരിച്ചറിയാൻ വേണ്ടിയുള്ളതാണ്. മതങ്ങളുടെയെല്ലാം ആന്തരിക മൂല്യം ഒന്നാണ്. അവയെല്ലാം ഉദ്ഭവിച്ചത് ഒരേ സ്രോതസ്സിൽ നിന്നാണ്. വൈവിധ്യങ്ങളാണ് മനുഷ്യ വളർച്ചയുടെ അടിസ്ഥാനം. വൈവിധ്യങ്ങൾ വംശീയതയും വർഗീയതയും ഉണ്ടാക്കാനല്ല. ഒരു മഴവിൽ വർണ രാജിയിലെ നിറഭേദങ്ങളുടെ സൗന്ദര്യം പോലെ നാം അത് അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യണം. ഒരുമയോടെ മനുഷ്യൻ ജീവിക്കണമെന്ന സന്ദേശമാണ് വൈവിധ്യപൂർണമായ എല്ലാ ദൈവിക മതങ്ങളും പ്രകൃതിയിലെ ദൃഷ്ടാന്തങ്ങളും നമ്മോട് പറയുന്നത്.

നമ്മുടെ പുണ്യപുരാതനമായ ഭാരതം മതവൈവിധ്യങ്ങളുടെ ഒരു പ്രദർശന ശാലയാണ്. ഇത്രയധികം മതങ്ങളും വിശ്വാസ വൈജാത്യങ്ങളുമുള്ള മറ്റൊരു ദേശം ഭൂമിയിലില്ല. പക്ഷേ ഖേദകരമായ ഒരു വസ്തുത ഇന്ത്യയിലെ പ്രബല മതങ്ങളായ ഹിന്ദുക്കളും മുസ്‌ലിംകളും ക്രിസ്ത്യാനികളും ഒരു ഭരണഘടനക്ക് കീഴിൽ സാമൂഹിക ജീവിതം നയിക്കുന്നവരായിട്ടുപോലും മതങ്ങൾ തമ്മിലുള്ള ആദാന പ്രദാനങ്ങളും ആശയസംവാദവും വളരെ കുറഞ്ഞതോതിലേ സംഭവിക്കുന്നുള്ളൂ. അതുകൊണ്ട് ഒരു വിഭാഗത്തിന്റെ മതവിശ്വാസം മറ്റൊരു വിഭാഗത്തെ സംബന്ധിച്ചിടത്തോളം പരലോകം പോലെ അന്യവും അജ്ഞാതവുമാണ്. ഹിന്ദുവും മുസ്‌ലിമും ക്രിസ്ത്യാനിയും ഒന്നിച്ച് ജോലിചെയ്യുന്നു. ഒന്നിച്ച് സാമൂഹിക രാഷ്ട്രീയ പ്രവർത്തനം നടത്തുന്നു ഒന്നിച്ച് ഭക്ഷണം കഴിക്കുന്നു. പക്ഷേ മതവിശ്വാസങ്ങളെ പറ്റി ചർച്ചചെയ്യാൻ നമുക്ക് ഭയമാണ്. മതങ്ങൾ തമ്മിലുള്ള സംവാദങ്ങളോ ചർച്ചകളോ നാം നടത്താറില്ല. മതമെന്നാൽ തീപ്പിടിക്കുന്ന വികാരമാണെന്നും പൊട്ടിത്തെറിക്കുന്ന ബോംബാണെന്നും മതാന്തര സംവാ ദങ്ങൾ തീക്കളിയാണെന്നും ഒരു മതം മറ്റൊരു മതവിശ്വാസികളെ പരിവർത്തനം ചെയ്ത് വിഴുങ്ങാൻ കാത്തിരിക്കുകയാണെന്നും ധരിച്ച് പരസ്പരം അവിശ്വാസത്തിൽ സമൂഹ ജീവിതം നയിക്കാൻ വിധിക്കപ്പെട്ടവരാണ് നാം മതവിശ്വാസികൾ. വിഭജനത്തിന്റെ അദൃശ്യമായ വൻ മതിലുകൾക്കുള്ളിൽ മതങ്ങൾ വിനിമയ രഹിതരായി കഴിയുന്നു. പാലങ്ങളില്ലാത്ത മതവിശ്വാസത്തിന്റെ ഈ ഒറ്റപ്പെട്ട ദ്വീപുകളാണ് മതസ്പർധയുടെയും സംഘർഷങ്ങളുടെയും വളർത്തുകേന്ദ്രങ്ങൾ. മതം ഇങ്ങനെയൊക്കെയാണെങ്കിൽ മതം ഇല്ലാതിരി ക്കുന്നതാണ് നല്ലത്.

ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ മത വർഗീയ കലാപം മൂലം മരിച്ചവരുടെ എണ്ണത്തെ മറികടക്കാൻ ലോക മഹായുദ്ധങ്ങൾക്ക് മാത്രമേ സാധിക്കൂ എന്ന് നാം ഓർക്കണം. നാം വിട്ടുപിരിയേണ്ട ഈ നശ്വര ലോകത്തിനതീതമായി മരണാനന്തര ജീവിതത്തിന്റെ അന്വേഷണത്തിൽ മനുഷ്യന്റെ ആത്മാവിനെ സജ്ജമാക്കേണ്ട മതങ്ങൾ അധികാര സോപാനത്തിലേക്ക് വേണ്ടിയുള്ള ചവിട്ടുപടികളായി മതത്തെ ഉപയോഗിക്കുന്നത് കൊണ്ടാണ് മതസംഘർഷങ്ങൾ ഉടലെടുക്കുന്നത്.

മിശിഹ വന്നാൽ ഭൗതികമായ മതഭരണം കിട്ടുമെന്നായിരുന്നു പലസ്തീനിലെ യഹൂദർ ബൈബിൾ പ്രവചനങ്ങളെ തെറ്റിദ്ധരിച്ച് കാത്തിരുന്നത്. പീലാത്തോസിന്റെ കോടതിയിൽ വെച്ച് താങ്കൾ മിശിഹായാണെങ്കിൽ വാഗ്ദാനം ചെയ്യപ്പെട്ട രാജ്യവും ചെങ്കോലുമെവിടെ എന്ന് ചോദിക്കപ്പെടുകയു

ണ്ടായി. മഹാനായ യേശു പറഞ്ഞ മറുപടി നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ്. യേശു പറഞ്ഞു:

***'എന്റെ രാജ്യം ഐഹികമല്ല. എന്റെ രാജ്യം ഐഹികമായിരുന്നുവെങ്കിൽ യഹൂദർക്ക് എന്നെ ഏൽപ്പിച്ചു കൊടുക്കാതിരിക്കാൻ എന്റെ ഭൃത്യർ പോരാടുമായിരുന്നു. എന്നാൽ എന്റെ രാജ്യം ഐഹികമല്ല. സത്യത്തിന് സാക്ഷ്യം വഹിക്കാനാണ് ഞാൻ ജനിച്ചത്. സത്യത്തിൽ നിന്നുള്ളവരെല്ലാം എന്റെ സ്വരം കേൾക്കുന്നു.' (യോഹാന്നൻ 18:36)***

യഥാർഥ മതം എപ്പോഴും ഇപ്രകാരമായിരുന്നു. ലോകഭോഗങ്ങളോടുള്ള വിരക്തിയും ആസക്തിയില്ലായ്മയുമായിരുന്നു മതഭക്തർ പ്രകടിപ്പിച്ചിരുന്നത്. തീർച്ചയായും സാർവത്രിക മാനവമൂല്യങ്ങളും സാർവജനീന തത്വങ്ങളും എല്ലാ മതപ്രമാണങ്ങളുടെയും അടിസ്ഥാന തത്ത്വമായി നിലനിൽക്കുന്നുണ്ട്. അവയായിരിക്കണം ഒരു ബഹുസ്വര സമൂഹത്തിൽ വിശ്വാസികൾക്കിടയിൽ പ്രചരിപ്പിക്കേണ്ടത്.

മതങ്ങൾക്ക് ഇത്തരത്തിലുള്ള ഒരു ജീർണനം വരാനുള്ള മുഖ്യ കാരണം അധികാര രാഷ്ട്രീയത്തിലേക്കുള്ള മതങ്ങളുടെ രംഗപ്രവേശനമാണ്. അല്ലെങ്കിൽ അധികാര രാഷ്ട്രീയം മതത്തിലേക്ക് പ്രവേശിച്ചതാണ്. മതം അതിന്റെ പാവനമായ അദ്ധ്യാത്മിക മണ്ഡലം വിട്ട് അധികാര രാഷ്ട്രീയത്തിന്റെ സങ്കുചിതവും ഭോഗാസക്തവുമായ ലൗകിക മേഖലകളിൽ വ്യവഹരിക്കാൻ തുടങ്ങുന്നിടത്താണ് മതസംഘർഷങ്ങളുണ്ടാകുന്നത്.

എത്രതന്നെ ന്യായീകരിച്ചാലും മതത്തിന്റെ ചിന്താമണ്ഡലം പൂർണമായും യുക്തിക്ക് വിശകലനം ചെയ്യാൻ കഴിയാത്തതാണ്. മതത്തിന്റേയും രാഷ്ട്രത്തിന്റെയും മണ്ഡലങ്ങളും ലക്ഷ്യങ്ങളും വ്യത്യസ്തങ്ങളാണ്. രാഷ്ട്ര വ്യവഹാരങ്ങൾ നമ്മുടെ ഭൗതിക വിജ്ഞാനങ്ങളും അനുഭവജ്ഞാനങ്ങളും വെച്ചുകൊണ്ടാണ് നാം നിർവഹിക്കേണ്ടത്. മതമാകട്ടെ സാത്വിക ജീവിതം നയിച്ചും ആത്മീയ സാധനയിലൂടെയുമാണ് ആത്മ സാക്ഷാത്ക്കാരം എന്ന അതിന്റെ ലക്ഷ്യം കാണുന്നത്. രാഷ്ട്രം എന്ന സ്ഥാപനം പരമാധികാരത്തിലധിഷ്ഠിതവും സമ്മർദ സ്വഭാവമുള്ളതുമാണ്. സാമൂഹിക ക്ഷേമം എന്നത് മതത്തിന്റേയും രാഷ്ട്രത്തിന്റേയും ലക്ഷ്യമായിരിക്കാം. പക്ഷേ അതിന്റെ രീതികളും വഴികളും വ്യത്യസ്തവും പരസ്പര വിരുദ്ധവുമാണ്. മതവിശ്വാസത്തെ കക്ഷിരാഷ്ട്രീയമായോ അധികാര രാഷ്ട്രീയവുമായോ കൂട്ടി കുഴച്ചാൽ മതവും രാഷ്ട്രീയവും ദുഷിക്കുകയായിരിക്കും ഫലം. അതുകൊണ്ട് മതങ്ങളും രാഷ്ട്രീയ പാർട്ടികളും പരസ്പരം കലരാതെ വേറിട്ടു നിൽക്കുന്ന സെക്കുലറിസത്തിന്റെ ഉന്നതമായ ജനാധിപത്യ പാരമ്പര്യമാണ് നമുക്ക് അഭികാമ്യമായിട്ടുള്ളത്. ഒരു സമൂഹം എന്ന നിലക്ക് വിഭിന്ന മതസ്ഥരായിരിക്കെ ഒരു സിവിൽ സമൂഹമായിട്ടാണ് നാം വിവിധ മതസ്ഥർ ജീവിക്കേണ്ടത്. ക്രിസ്തുവിന്റെ മഹത്തായ ആ വചനം ഓർക്കുക.

***'സീസറിന്റേത് സീസറിനും ദൈവത്തിന്റേത് ദൈവത്തിനും കൊടുക്കുക.'(മാർക്കോസ് 12: 17)***

മതവിശാസം നമുക്ക് നൽകുന്ന ധാർമികവും സാമൂഹികവുമായ മൂല്യങ്ങളും നന്മകളും നമ്മുടെ ബഹുസ്വരമായ രാഷ്ട്ര നിർമിതിക്കും സാമൂഹിക ക്ഷേമത്തിനും വേണ്ടി നമുക്ക് ഉപയോഗിക്കാം. രാഷ്ട്രീയത്തിൽ മതത്തിന്റെ നേരിട്ടുള്ള ഇടപെടൽ മതത്തിന്റെ വിശുദ്ധിയും രാഷ്ട്രത്തിന്റെ സമാധാനവും നശിപ്പിക്കും. ഇസ്ലാം മതം ഒരിക്കലും തന്നെ മതത്തിന്റെ പേരിൽ ഒരു അധികാര രാഷ്ട്രം വരാൻ അനുവദിക്കുന്നില്ല. അങ്ങനെ ചിലർ പറയുന്നുവെങ്കിലും മതരാഷ്ട്ര വാദം ഇസ്ലാമിക പ്രമാണങ്ങൾക്ക് കടക വിരുദ്ധമാണ്.

സമാധാനമാണ് ഇസ്ലാം മതത്തിന്റെ സാരസത്ത. സമാധാനം എന്ന അർഥമുള്ള നാമപദം സംജ്ഞാനാമമായി സ്വീകരിച്ച ഒരു മതമാണ് ഇസ്ലാം. ഇസ്ലാം മതത്തിന്റെ സന്ദേശം അതിന്റെ വിളിപ്പേരിൽ നിന്നു തന്നെ വ്യക്തമാണ്. ആ മതം ഇന്ന് മത രാഷ്ട്രവാദത്തിന്റെയും ഭീകരതയുടെയും തീവ്രവാദത്തിന്റെയും പര്യായമായി ഉപയോഗിക്കപ്പെടുന്നത് നിർഭാഗ്യകരമാണ്. സത്യാന്വേഷികളായ സഹൃദയർ ഇതിന്റെ യാഥാർഥ്യം പ്രാമാണികമായി മനസ്സിലാക്കണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. ബഹുസ്വരമായ ഒരു ജനാധിപത്യ സിവിൽ സമൂഹത്തിൽ മൈത്രീ ഭാവത്തോടെ ഏറ്റവും സമാധാന പൂർണമായ ജീവിതം നയിക്കാനാണ് ഇസ്ലാം നമ്മെ പഠിപ്പിക്കുന്നത്. മനുഷ്യ സമൂഹത്തെ സ്വന്തം കുടുംബാംഗങ്ങളെ പോലെ ആത്മാർഥമായി സ്നേഹിക്കാനും വിശ്വശാന്തി പുലരാൻ യത്നിക്കാനും പഠിപ്പിക്കുന്ന ഇസ്ലാം എല്ലാ മതങ്ങളും ദൈവത്തിൽ നിന്നും ഉദ്ഭവിച്ചതാണെന്ന കാഴ്ച്ചപാടാണ് പുലർത്തുന്നത്.

വിശുദ്ധ ഖുർആൻ പറയുന്നു: ***'ഓരോ ജനസമൂഹത്തിനും ഓരോ ദൈവദൂതന്മാർ വന്നുകഴിഞ്ഞിട്ടുണ്ട്.' (വി. ഖുർആൻ അദ്ധ്യാ: സൂറ; യൂനുസ്:10 47)*** എല്ലാ മതങ്ങളുടെയും യഥാർഥ പാഠങ്ങളും മൂല്യങ്ങളും ലോകത്ത് പുനഃസ്ഥാപിക്കുക എന്നതായിരുന്നു മുഹമ്മദ് നബി(സ)യുടെ ജീവിതസന്ദേശം. എല്ലാ മതങ്ങളും പ്രപഞ്ചസ്രഷ്ടാവായ ഏകദൈവത്തിൽ നിന്ന് വെളിപ്പെട്ടതാണെന്നാണ് അദ്ദേഹം ഉദ്ബോധിപ്പിച്ചത്. അതിൽ ചില ദൈവദൂതന്മാരുടെ പേരുകൾ മാത്രമേ പ്രവാചക തിരുമേനി(സ)ക്ക് ഖുർആനിലൂടെ ദൈവം വെളിപ്പെടുത്തിക്കൊടുത്തിട്ടുള്ളൂ. ഖുർആൻ പറയുന്നു:

***'തീർച്ചയായും നിനക്ക് മുമ്പ് പല പ്രവാചകന്മാരേയും നാം അയച്ചിട്ടുണ്ട്. അവരിൽ ചിലരുടെ വിവരം നാം നിനക്ക് നൽകിയിട്ടുണ്ട്. അവരിൽ ചിലരുടെ വിവരം നാം നിനക്ക് നൽകിയിട്ടില്ല.' (വി. ഖുർആൻ അധ്യാ: അൽ മുഅ്മിൻ 24:79)***

അത്തരത്തിൽ ലോകത്ത് അവതീർണരായ എല്ലാ ദൈവദൂതന്മാരിലും വിശ്വസിക്കൽ നിർബന്ധമാണെന്നും അദ്ദേഹം നിശ്ക്കർഷിച്ചു. അല്ലാഹു അയച്ച എല്ലാ ദൂതന്മാരിലും അവർ കൊണ്ടു വന്ന യഥാർത്ഥ വേദങ്ങളിലും അദ്ധ്യാപനങ്ങളിലും വിശ്വസിച്ചെങ്കിൽ മാത്രമേ ഒരു മുസ്ലിമിന്റെ വിശ്വാസം പൂർണമാകുകയുള്ളൂ എന്നാണ് ഖുർ ആൻ പറയുന്നത്. മതങ്ങളെല്ലാം വിവിധ ദേശീയ ജനസമൂഹങ്ങളിൽ വിവിധ കാലഘട്ടങ്ങളിൽ ഒരേ ദൈവത്തിൽ നിന്നാണ് ഉദ്ഭവിച്ചതെന്ന് പറഞ്ഞുവല്ലോ. അങ്ങനെയുണ്ടായ മതങ്ങളുടെ ഈ ശൃംഖല കാലനുക്രമം പുരോഗമിക്കുന്നതാണ്. അങ്ങനെ വിശ്വമാനവ സമൂഹം പരസ്പരം അറിയാനും ഏകീകരിക്കപ്പെടാനും ആരംഭിക്കുന്ന ഘട്ടത്തിലാണ് പൂർവമതങ്ങളുടെ സ്വാഭാവിക പരിപൂർത്തീകരണമായി ഇസ്ലാം മതവും ആവിർഭവിച്ചത്. പൂർവ മതങ്ങളെയെല്ലാം സത്യപ്പെടുത്തിക്കൊണ്ടും സ്വാംശീകരിച്ചു കൊണ്ടുമാണ് ഇസ്ലാം കടന്നു വന്നത്. ഒന്നിനേയും നിഷേധിച്ചുകൊണ്ടോ നിരാകരിച്ചുകൊണ്ടോ അല്ല.

അന്യ മതസ്ഥരായ ക്രിസ്ത്യാനികളെ പറ്റി മുസ്ലിംകളുടെ മതഗ്രന്ഥമായ വിശുദ്ധ ഖുർആൻ അവരുടെ സദ്ഗുണങ്ങളെ വാഴ്ത്തി പറഞ്ഞത് നോക്കൂ.

***'സത്യവിശ്വാസികളോട് ഏറ്റവും അടുത്ത സ്നേഹമുള്ളവരായി ഞങ്ങൾ ക്രിസ്ത്യാനികളാണ് എന്ന് പറഞ്ഞവരേയും നീ കണ്ടെത്തുന്നതാണ്. അതിന് കാരണം അവരിൽ പണ്ഡിതന്മാരും ഉണ്ട് എന്നുള്ളതും അവർ അഹങ്കരിക്കുന്നില്ലയെന്നതുമാണ്.' (വി. ഖുർആൻ 5: 83)***

ലോകത്തെ എല്ലാ സമൂഹങ്ങളിലും സാർവജനീനമായി പ്രവാചകന്മാർ വന്നിട്ടുണ്ട് എന്ന ഈ ഖുർആനിക പാഠത്തെ ദൃഢപ്പെടുത്തുമാറ് നമ്മുടെ മഹത്തായ ഭാരത സംസ്കൃതിയുമായി ബന്ധപ്പെട്ട് മുഹമ്മദ് നബി (സ) പറഞ്ഞ ഒരു വചനം ഹദീസുകളിൽ (പ്രവാചക വചനം) രേഖപ്പെട്ടു കിടക്കുന്നു. അത് ***'കാന ഫിൽ ഹിന്ദി നബിയ്യുൻ അസ്‌വദി ലൗനി ഹീ ഇസ്മുഹൂ കാഹിന'*** (*ദയ്‌ലമി*) (കാർവർണ നിറത്തോടുകൂടിയ ഒരു പ്രവാചകൻ ഇന്ത്യയിലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നാമം കാഹിന (കണ്ണൻ) എന്നായിരുന്നു.)

സഹസ്രസഹാബ്ദങ്ങളായി ഭാരതത്തിലെ ജനകോടികളുടെ ആത്മീയ മാർഗദർശിയായ ഹദ്റത്ത് ശ്രീകൃഷ്ണനെക്കുറിച്ച് 'നബി' എന്ന അങ്ങേയറ്റത്തെ ബഹുമാനിതമായ അഭിധാനത്തിൽ മുഹമ്മദ് നബി(സ) വാഴ്ത്തി പറഞ്ഞുകൊണ്ടാണ് ഹദ്റത്ത് ശ്രീകൃഷ്ണനെ തന്റെ അദ്ധ്യാത്മിക പരമ്പരയിൽ പ്രവാചകൻ കണ്ണി ചേർത്തത്. ശ്രീകൃഷ്ണനോട് മുസ്ലിംകൾ കാട്ടേണ്ട അനുരക്തിയും ബഹുമാനവും വ്യക്തമാണല്ലോ. ഇതോടനുബന്ധിച്ച് ഖുർആന്റെ മറ്റൊരു സുവ്യക്തമായ വചനം കൂടി നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

***'ഞങ്ങൾ എല്ലാവരും (മുസ്ലിംകൾ)അല്ലാഹുവിലും അവന്റെ മാലാഖമാരിലും അവന്റെ വേദങ്ങളിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുന്നു. അല്ലാഹുവിന്റെ ദൂതന്മാരിൽ ആർക്കിടയിലും ഞങ്ങൾ വ്യത്യാസം കൽപ്പിക്കുന്നില്ല എന്നവർ പറയും' (ഖുർആൻ അധ്യാ: ബക്കറ 2: 285)***

ഒരു യഥാർഥ മുസൽമാൻ ആകണമെങ്കിൽ എല്ലാമതങ്ങളിലും വന്ന മതപ്രവാ ചകന്മാരെയും യാതൊരു വ്യത്യാസവും ഇല്ലാതെ വിശ്വസിക്കൽ നിർബന്ധമാണ്. .. ***ലാ നുഫറിക്കു ബയ്ന അഹദിൻ മിൻ റുസുലിഹി*** **(അല്ലാഹുവിന്റെ ദൂതന്മാരിൽ ആർക്കിടയിലും ഞങ്ങൾ വ്യത്യാസം കൽപ്പിക്കുന്നില്ല)** എന്നാണ് ഈ വചനം വ്യക്തമാക്കുന്നത്. റസൂൽ തിരുമേനി(സ) പേരെടുത്ത് പറഞ്ഞ ഹദ്റത്ത് ശ്രീകൃഷ്ണനിൽ വിശ്വസിക്കാൻ ഒരു മുസ്‌ലിം ബാദ്ധ്യസ്ഥനാണ്. ഇത് ആരേയും പ്രീതിപ്പെടുത്താണോ പ്രീണിപ്പെടുത്താനോ അല്ല.

ഒരു മുസൽമാന്റെ വിശ്വാസം ഈമാൻ കാര്യങ്ങൾ അഥവാ വിശ്വാസകാര്യങ്ങൾ എന്നാണ് അറിയപ്പെടുന്നത്. ഇസ്ലാമിക വിശ്വാസങ്ങളുടെ ആധാരശിലയായ 6 ഈമാൻ കാര്യങ്ങളിൽ മൂന്നും നാലും കാര്യങ്ങൾ പ്രവാചകന്മാരുടെ ഗ്രന്ഥങ്ങളിലും പ്രവാചകന്മാരിലും വിശ്വസിക്കുക എന്നതാണ്. ഒരു മുസൽമാന്റെ വിശ്വാസം പൂർണ മാകണമെങ്കിൽ അയാൾ എല്ലാ പ്രവാചകന്മാരിലും അവർ കൊണ്ട് വന്ന യഥാർഥ അദ്ധ്യാപനങ്ങളിലും വിശ്വസിക്കേണ്ടതുണ്ട്. അപ്പോൾ വിശുദ്ധ ഖുർആന്റെയും മുഹമ്മദ് നബി(സ) യുടെയും അദ്ധ്യാപനം പാലിക്കുന്ന ഒരു യഥാർഥ മുസൽമാന് എങ്ങനെ അന്യമത വിരോധിയാവാൻ സാധിക്കും.

ഇസ്ലാം മതം പൂർവമതങ്ങളെയെല്ലാം അതിന്റെ സ്വന്തം പൈതൃകമായി കാണുകയാണ്. ഇസ്ലാമടക്കം മതങ്ങളുടെ ചരിത്രഗതിയിലുണ്ടായ വ്യതിയാനങ്ങളും കൂട്ടിചേർക്കലും ഇതിഹാസവത്ക്കരണവുമുണ്ടായിട്ടുണ്ട് എന്നത് ശരിതന്നെ. രൂപാന്തരങ്ങളും വിരൂപണങ്ങളും ഉണ്ടാവുമ്പോൾ പുരാതന മതങ്ങൾ പലപ്പോഴും ദിവ്യദൂതന്മാരാൽ നവീകരിക്കപ്പെടുകയും പുനരുജ്ജീവിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. വിശ്വാസികൾ പരിശോധന നടത്തി കണ്ടെത്തേണ്ട മറ്റൊരു വിഷയമാണത്. എന്തായാലും തത്ത്വത്തിൽ എല്ലാ മതങ്ങളുടെയും ഉറവിടം പരിശുദ്ധമായ ഒരേയൊരു ദൈവിക സ്രോത

സ്സിൽ നിന്നു തന്നെയാണ് എന്ന കാര്യം ഇസ്‌ലാമിന്റെ ഒരു അടിസ്ഥാന സങ്കൽപ്പമാണ്. ഇസ്‌ലാം ഉത്ഭവിച്ച അതേ ദൈവിക സ്രോതസ്സിൽ നിന്നു തന്നെയാണ് ഹിന്ദു മതവും യഹൂദമതവും ക്രിസ്തു മതവും ജൈനമതവും സൊറോസ്ട്രിയൻ മതവും ആവിർഭവിച്ചത്. അടിസ്ഥാനപരമായി എല്ലാ മതസത്യങ്ങളേയും സ്വീകരിക്കുന്ന ഇസ്‌ലാം മതത്തിന്റെ ഈ സവിശേഷതയും വിശാലതയുമാണ് ഇന്ന് ഏറ്റവും കൂടുതൽ വിസ്മരിക്കപ്പെട്ടിരിക്കുന്നത്.

ഇസ്‌ലാം മതത്തിൽ വാഗ്ദാനം ചെയ്യപ്പെട്ട വാഗ്ദത്ത മസീഹും അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകരുമായ ഹദ്‌റത്ത് അഹ്മദ് (അ) ഭാരത വർഷത്തിൽ ആഗതനായ ഹദ്‌റത്ത് ശ്രീകൃഷ്ണനെ പറ്റി പറയുന്നു:

***'രാജാ കൃഷ്ണൻ യഥാർഥത്തിൽ ഒരു പരിപൂർണ മനുഷ്യൻ ആയിരുന്നു വെന്ന് എനിക്ക് വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന് തുല്യനായി ഹിന്ദുക്കളുടെ ഋഷിമാരിലും അവതാരങ്ങളിലും മറ്റൊരാളെ കാണാനില്ല. അദ്ദേഹം തന്റെ കാലഘട്ടത്തിലെ അവതാരം അഥവാ നബിയായിരുന്നു. ദൈവത്തിൽ നിന്നുള്ള റൂഹുൽ ഖുദുസ് അഥവാ പരിശുദ്ധാത്മാവ് അദ്ദേഹത്തിൽ ഇറങ്ങാറുണ്ടായിരുന്നു. അദ്ദേഹം ദൈവത്തിൽ നിന്നുള്ള ജേതാവും ഐശ്വര്യവാനും ആയിരുന്നു. ആര്യാവർത്തത്തെ പാപത്തിൽ നിന്നും ശുദ്ധീകരിച്ച അദ്ദേഹം തന്റെ കാലഘട്ടത്തിലെ നബി തന്നെയായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പാഠങ്ങൾ പിൽക്കാലത്ത് മാറ്റി മറിക്കപ്പെട്ടു. ദൈവപ്രേമം നിറഞ്ഞുതുളുമ്പിയ ആളായിരുന്നു അദ്ദേഹം. നന്മയോടുള്ള സ്നേഹവും തിന്മയോടുള്ള വെറുപ്പും അദ്ദേഹം പുലർത്തിയിരുന്നു. (ലക്ച്ചർ സിയാൽക്കോട്ട്.)***

മുഹമ്മദ് നബി(സ) ലോകത്തിന് സമർപ്പിച്ച വിശുദ്ധ ഖുർആനിലെ മറ്റൊരു ഉജ്ജ്വല വചനം ഇപ്രകാരമാണ്. ***'വിശ്വസിച്ചവരും യഹൂദരും സാബികളും ക്രിസ്ത്യാനികളും (അവരിൽ നിന്ന്) ആർ അല്ലാഹുവിലും വിധിനാളിലും വിശ്വസിക്കുകയും സൽക്കർമങ്ങൾ ചെയ്യുകയും ചെയ്യുന്നുവോ തീർച്ചയായും അവർക്ക് യാതൊരു ഭയവും ഉണ്ടാവുകയില്ല അവർ ദുഃഖിക്കുകയുമില്ല.' (വി. ഖുർആൻ അദ്ധ്യാ: അൽ മാഇദ 5: 69)***

ഇവിടെ ശ്രദ്ധേയമായ കാര്യം ഖുർആൻ തങ്ങളുടെ സ്വന്തം അനുയായികളായ മുസ്‌ലിംകൾക്ക് മാത്രമല്ല ആത്മീയ സാന്ത്വനം നൽകിയത്. മുസ്‌ലിംകളല്ലാത്ത യഹൂദരേയും ക്രിസ്ത്യാനികളേയും അത്പോലെ സാബികളുടേയും പേരെടുത്ത് അഭിസംബോധനം ചെയ്ത് കൊണ്ട് വിധിനാളിൽ വിശ്വസിക്കുകയും സൽക്കർമം ചെയ്യുകയും ചെയ്യുന്നവർക്ക് നിർഭയത്വത്തിന്റേയും വ്യസനമില്ലായ്മയുടെയും ആത്മീ യ സാന്ത്വനം നൽകുകയാണ് ചെയ്യുന്നത്. ഇവിടെ ഓർക്കേണ്ട ഒരു കാര്യം **'സാബി'** എന്നത് ഒരു പ്രത്യേക മതത്തിന്റെ പേരല്ല. സെമിറ്റിക്ക് പാരമ്പര്യമില്ലാത്ത ഹിന്ദു, ബുദ്ധ, ജൈന, സൊറോസ്റ്റർ മുതലായ എല്ലാ മതങ്ങളെയും കുറിക്കുന്ന ഒരു അറബി പദമാണ് സാബി. അങ്ങനെ വരുമ്പോൾ മുഹമ്മദ് നബി(സ)യുടെ ആത്മീയ സഹൃദയത്വവും വിശ്വത്തോളം വിശാലമാവുകയാണ്. അബ്രഹാം, മോസസ്സ്, ജീസസ്, എന്നീ സെമിറ്റിക്ക് പ്രവാചകന്മാരെ കൂടാതെ പൂർവ ദേശത്തെ അദ്ധ്യാത്മിക കുലപതികളായ ശ്രീ കൃഷ്ണൻ, ശ്രീ രാമൻ, ശ്രീ ബുദ്ധൻ, ശ്രീ വർദ്ധമാന മഹാവീരൻ സൊറോസ്റ്റർ മുതലായ മതപൂഷന്മാരെ യാതൊരു വ്യത്യാസവും കൽപ്പിക്കാതെ ബഹുമാനിക്കണമെന്നും അവരുടെ യഥാർഥ വേദാദ്ധ്യാപനങ്ങൾ സ്വീകരിക്കണമെ ന്നും അവരുടെ നാമം കേൾക്കുമ്പോൾ അവർക്ക് വേണ്ടി പ്രാർഥിക്കണമെന്നുമാണ് മുഹമ്മദ് നബി(സ) പഠിപ്പിച്ചത്. അദ്ദേഹം കൊണ്ടുവന്ന ഇസ്‌ലാം മതത്തിന്റെ സാർവ ജനീന ഭാവവും സഹിഷ്ണുതയും വിശ്വമാനവികതയുമാണ് ഈ മതമൈത്രീ ദിനത്തിൽ ഞാൻ ഊന്നി പറയാനാഗ്രഹിക്കുന്നത്. മൂന്ന് മതങ്ങളുടെയും മൂന്ന് ശാന്തി വചനങ്ങൾ ഉദ്ധരിച്ചു കൊണ്ട് ഞാനെന്റെ വാക്കുകൾക്ക് വിരാമമിടാം. മഹാനായ ക്രിസ്തു പറയുന്നു:

***'അത്യുന്നതങ്ങളിൽ ദൈവത്തിന്നു മഹത്വം, ഭൂമിയിൽ ദൈവ പ്രസാദമുള്ള മനുഷ്യർക്ക് സമാധാനം' (ലൂക്കോസ് 2:4)***

ബൃഹദാരണ്യകോപനിഷത്തിലെ ശാന്തി മന്ത്രം പറയുന്നു.

***'അസദോ മാ സദ്ഗമയാ***

***തമസോമാ ജ്യോതിർഗമയാ***

***മൃത്യോമാ അമൃതം ഗമയാ,***

***ഓം ശാന്തി ശാന്തി ശാന്തി.'***

***വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണമൂലം മനസ്സമാധാനം പ്രാപിക്കുകയും ചെയ്തവർ. അറിയുക. അല്ലാഹുവിന്റെ സ്മരണകൊണ്ട് മാത്രമേ മനസ്സമാധാനം കൈവരൂ. (അൽ റഅദ്- 13: 30)***



# മാംസഭോജികളായ സസ്യങ്ങൾ

ഹരിതകം അടിസ്ഥാനമായി ജീവിക്കുന്ന സസ്യം മാംസഭോജികളായി മാറിയ ചരിത്രം നാസ്തികരായ പരിണാമ വാദികൾക്ക് വിശദീകരിക്കാനാവില്ല. പ്രതികൂലാവസ്ഥയെ അതിജീവിച്ച പ്രാണികളെ വീഴ്ത്താനുള്ള സാങ്കേതിക മികവും മാംസം ദഹിപ്പിക്കാനുള്ള ദഹന രസവും സസ്യം ആർജിച്ച് മാംസഭോജിയായതെങ്ങനെ? അനുകൂലനങ്ങൾക്ക് അനുയോജ്യമായ വിധത്തിലാണ് പരിണാമം പുരോഗമിക്കേണ്ടത്. ഇവിടെ പ്രതികൂലാ വസ്ഥയെ അതിജീവിച്ചാണ് സസ്യം മാംസഭോജിയായി മാറിയത്.


ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

ഏതൊരർഥത്തിലാണെങ്കിലും, മാംസഭോജികളായ ഒരുതരം ലോലമായ ജലസസ്യത്തിന്റെ പ്രവർത്തനം അത്യന്തം അത്ഭുതകരമാണ്. ദശലക്ഷക്കണക്കിന് വർഷം കൊണ്ട് അവികലമായ ഒരു കെണിയന്ത്രം, ശരിയായ ക്രമത്തിൽ വന്ന ആകസ്മികതയുടെ ഘോഷയാത്രകൾക്ക് സൃഷ്ടിക്കാൻ കഴിയും എന്ന് സ്ഥാപിക്കാനുള്ള മനുഷ്യശ്രമത്തെ പരാജയപ്പെടുത്താൻ മാത്രം സങ്കീർണതകളുള്ള ലളിതമായ ഒന്നാണ് ഈ ജലസസ്യം-സസ്യശാസ്ത്രജ്ഞൻമാരുടെ അഭിപ്രായ പ്രകാരം മാർഷ് പിറ്റ്ചർ എന്ന ഈ ജലസസ്യമാണ് ഏറ്റവും ലളിതമായ മാംസഭോജി സസ്യം. ഈ സസ്യത്തിന്റെ വിവരണം നൽകിക്കൊണ്ട് ഇത് ആരംഭിക്കാം. ഇലകൾ കൂടി ചേർന്ന് ഒരടിയോളം വലുപ്പത്തിൽ ഒരു നാളം പോലെ അത് കാണപ്പെടുന്നു. ജലത്തിന് മീതെ പൊങ്ങി നിൽക്കുന്ന രൂപത്തിൽ ഈ ഇലനാളികയുടെ മുഴുവൻ ഭാഗങ്ങളും കാണാം. ഈ നാളികയുടെ മുകൾ ഭാഗത്ത് ആകർഷണീയമായ ചെമന്ന ഒരു വളയമുണ്ട്. ഒരു തരം മധുരക്കുഴമ്പ്(Nectr) ഉൽപ്പാദിപ്പിക്കുന്ന ഗ്രന്ഥികൾ അവയിൽ കാണാം. ധാരാളമായി മഴ ലഭിക്കുന്ന ഉഷ്ണമേഖലാ പ്രദേശത്താണ് അവ വളരുന്നത്. ഇല കൊണ്ട് നിർമിക്കപ്പെട്ട ഈ നാളികയിൽ മുഴുവനും ജലം നിറഞ്ഞാലും അവ കീറിപ്പോവുകയോ ഭാരം കൊണ്ട് വീണു പോവുകയോ ഇല്ല. ഇത് രണ്ട് വിധത്തിലാണ് സാധ്യമാവുന്നത്.

(a) ഇലകൾ പൂർണമായും യോജിപ്പിച്ചു കൊണ്ടാണ് നാളിക നിർമിക്കപ്പെട്ടത്. എന്നാൽ, അതിന് മുകൾഭാഗത്തെ യോജിപ്പിച്ച ഇലകൾ അൽപം പിളർന്നു നിൽക്കുന്നതായി കാണാം. ഇത് അധികം വരുന്ന വെള്ളം ഒഴുകിപ്പോകാനാണ്.

(b) ചെറിയ സുഷിരങ്ങളുടെ ഒരു വലയം ഇലകളുടെ മുകൾ ഭാഗത്ത് ഉചിതമായ സ്ഥലത്ത് സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അതുമൂലം ശരിയായ അളവിൽ വെള്ളം എല്ലാ സമയത്തും അതിൽ ഉണ്ടാവും.

നാളികയിലെ ഗ്രന്ഥികളിൽ നിന്ന് പുറത്തേക്ക് സ്രവിക്കുന്ന കുഴമ്പിന്റെ മധുരവും നിറവും മൂലം പ്രാണികൾ ഈ നാളികയിലേക്ക് ആകർഷിക്കപ്പെടുന്നു. കൂടുതൽ മധുരക്കുഴമ്പ് ഭക്ഷിക്കാനായി അത് നാളികക്കകത്തേക്ക് പറന്നടുക്കുകയും അങ്ങനെ ആ പ്രാണികൾ നാളികക്കകത്തേക്ക്വഴുതി വീഴുകയും ചെയ്യുന്നു. നാളികയിലാകട്ടെ താഴേക്ക് താഴ്ന്നു നിൽക്കുന്ന നാരുകൾ ഈ പ്രാണികളെ ഒരിക്കലും മുകളിലേക്ക് വരാൻ അനുവദിക്കുന്നില്ല. അങ്ങനെ നാരുകളില്ലാത്ത നാളികയുടെ അടിവശത്തേക്ക് ഈ പ്രാണികൾ എത്തിപ്പെടുന്നു. ആ അടഞ്ഞ കുഴിയിൽ പ്രാണികൾ ഒടുവിൽ കൊല്ലപ്പെടുകയും ചുറ്റുമുള്ള ജലത്തിൽ ലയിച്ചു ആ ജലത്തിലെ പ്രോട്ടീനും ലവണവും വർധിപ്പിക്കുന്നു. ഈ ദ്രവഭക്ഷണമാണ് ചെടി അതിന്റെ നിലനിൽപിനായി ഭക്ഷിക്കുന്നത്. ഈ അവികലമായ കെണിയന്ത്രം സൃഷ്ടിക്കാൻ പ്രകൃതി എത്ര തവണ അതിന്റെ അന്ധമായ നിഷ്ഫല ശ്രമങ്ങൾ നടത്തിയിട്ടുണ്ടാവുമെന്ന് കണക്കാക്കാൻ ബുദ്ധിമുട്ടാണ്.



Trumpet Pitchers

മൃഗലോകത്തിനെതിരായും സസ്യലോകത്തിന് അനുകൂലമായും പ്രകൃതി തന്റെ പരിണാമത്തിന്റെ അനുക്രമ പട്ടിക മാറ്റിമറിച്ചതിനുദാഹരണം നാമിപ്പോൾ അവതരിപ്പിക്കാം. ട്രംപെറ്റ് പിറ്റ്ചേഴ്സ് (Trumpet Pitchers) എന്ന സസ്യത്തിന്റെ കെണിക്കൂടിൽ മെഴുകുപോലുള്ള ശൽക്കങ്ങളുണ്ട്. അതിൽ വന്നു നിൽക്കുന്ന പ്രാണികളുടെ കാലുകൾ ഈ മെഴുകിൽ കുടുങ്ങി പ്രാണിയുടെ ബാലൻസ് നഷ്ടപ്പെടും. അതിനകത്തെ നിറഞ്ഞ ജലത്തിലേക്ക് ഉരുണ്ടു വീഴുകയും ചെയ്യും. അപ്പോഴുണ്ടാകുന്ന കമ്പനം നാളികയുടെ ചുറ്റിലുമുള്ള ദഹന ഗ്രന്ഥികളെ ഉദ്ദീപിപ്പിക്കുകയും ഉടൻ തന്നെ ശക്തമായ ദഹന രസം സ്രവിക്കാനാരംഭിക്കുകയും ചെയ്യുന്നു. ഇത് മൂലം നാളികയിൽ പതിക്കുന്ന കൊച്ചു പ്രാണികൾ കുറച്ചു മണിക്കൂറിനകം ആ ദ്രാവകത്തിൽ ലയിച്ചു ചേരുന്നു. എന്നാൽ, ഈച്ചകൾ ഒന്നോ രണ്ടോ ദിവസം കൊണ്ടാണ് ദഹനരസത്തിൽ ലയിച്ചു ചേരുക. ഈ മാംസഭോജികളായ സസ്യങ്ങൾ ഇത്തരം കൊച്ചു പ്രാണികളെ മാത്രമല്ല ഭക്ഷിക്കുന്നത്. ട്രംപെറ്റ് സസ്യത്തിലെ രാജാവ് എന്നറിയപ്പെടുന്ന സസ്യത്തിന് തേളുകളേയും എലികളേയും പോലും ദഹിപ്പിച്ചു കളയാൻ സാധിക്കും.

വീനസ് ഫ്ളൈട്രാപ് (Venus Flytrap)ന്റെ ഇരപിടിത്തം എല്ലാറ്റിനേക്കാളും സങ്കീർണ്ണമാണ്. അത് വൈദ്യുതി ഉദ്പാദിപ്പിച്ചുകൊണ്ടാണ് പ്രവർത്തിക്കുക. എങ്ങനെയാണ് ഈ വൈദ്യുതി ഉൽപാദിപ്പിക്കപ്പെടുന്നത്, ഈ സാങ്കേതിക വിദ്യ എങ്ങനെയാണ് നിയന്ത്രിക്കപ്പെടുന്നത് എന്നത് ഒരു നിഗൂഢ രഹസ്യമായി അവശേഷിക്കുന്നു. ശാസ്ത്രജ്ഞൻമാർക്ക് ഇതിനു മുമ്പിൽ ഇതു വരെ പകച്ച് നിൽക്കാനേ കഴിഞ്ഞിട്ടുള്ളൂ.

ഡാർവീനിയൻ പരിണാമവാദക്കാരുടെ ശ്രദ്ധ ഈ അത്ഭുതകരമായ സാങ്കേതിക വിദ്യയിലേക്ക് നാം വിനയ പുരസ്സരം ക്ഷണിക്കുകയാണ്. ഈ വിദ്യ എങ്ങനെ രൂപപ്പെട്ടുവെന്ന് അവർ വിശദീകരിക്കട്ടെ. പ്രാണികളെ വീഴ്ത്താൻ ആവശ്യമായ സാമഗ്രികളും, ദഹനരസവുമടക്കം ഒരു മാംസഭോജിയായ സസ്യത്തെ സൃഷ്ടിച്ച അവസാനത്തെ വിജയകരമായ ശ്രമത്തിനു മുമ്പേ എത്ര പരാജിതമായ തലമുറകൾ കടന്നു പോയി. ഹരിതസസ്യങ്ങൾ അന്തിമമായി മാംസഭുക്കുകളായി രൂപാന്തരപ്പെടുന്നതിന് മുമ്പേ തികച്ചും വ്യത്യസ്തമായ ഈ ജീവിത ശൈലി അവലംബിക്കാൻ സാധ്യമല്ലായിരുന്നു. രണ്ടിന്റെയും വ്യത്യാസങ്ങൾ അളവറ്റതാണ്. മൃഗങ്ങളുടെ മാംസത്തിൽ നിന്നുള്ള പ്രോട്ടീനും എൻസൈമുകളു (ദീപന രസം)മടങ്ങിയ മാംസഭോജി സസ്യത്തിന്റെ ആഹാര ദഹന വ്യവസ്ഥിതി പ്രാവർത്തികമാകണമെങ്കിൽ ഹരിതസസ്യത്തിൽ നിന്ന് മാംസഭോജി സസ്യത്തിലേക്കുള്ള മാറ്റം പൂർണമാവേണ്ടതുണ്ട്. ഈയൊരു സാധാരണ ഗതിയിലുള്ള പരിണാമം സംഭവിക്കണമെങ്കിൽ പ്രകൃതിയുടെ തിരഞ്ഞെടുപ്പ് എന്ന ഡാർവീനിയൻ സിദ്ധാന്തപ്രകാരം എത്ര ദശലക്ഷം വർഷങ്ങൾ വേണ്ടി വരുമെന്നത് സങ്കൽപിക്കാൻ സാധ്യമല്ല. അതൊരിക്കലും സംഭാവ്യമല്ല. കാരണം സാധാരണ ഹരിത സസ്യങ്ങൾ മാംസഭോജികളായി ഘട്ടംരീതിയിൽ മാംസഭോജി സസ്യത്തിന്റെ പരിണാമത്തിൽ യാതൊരു പങ്കും നിർവഹിച്ചിട്ടില്ല. പരിണാമവാദികൾ പറയുന്നത് പോലെ ആയിരുന്നുവെങ്കിൽ മുഴുവൻ വരണ്ട ഭൂമിയും ജല ആവാസ വ്യവസ്ഥിതിയും മാംസഭോജി സസ്യത്തിന്റെ ഒന്നാമത്തെ ആവാസ മേഖലയാകുമായിരുന്നു. വളരെ വ്യക്തമായും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് സൃഷ്ടിക്കപ്പെടുമ്പോൾത്തന്നെ അവ ഉചിതമായ അർഹതയോടു കൂടിയാണ് സൃഷ്ടിക്കപ്പെട്ടത് എന്നാണ്. ഈ അർഹതക്ക് ആ സസ്യത്തിന്റെ മുമ്പേയുള്ള പരിണാമചരിത്രത്തോടൊപ്പം വികസിച്ചു വന്നതാണെന്നതിന് യാതൊരു തെളിവും കാണാൻ സാധ്യമല്ല.

മറ്റൊന്ന് പരിണാമ സിദ്ധാന്തമനുസരിച്ച് എല്ലാ ജീവികളും സസ്യങ്ങളും തന്നെ പ്രതികൂലമായ പരിതഃസ്ഥിതിയിൽ നിന്ന് അനുകൂലമായ പരിതഃസ്ഥിതിയിലേക്ക് മാറുകയാണ് ചെയ്യുന്നത്. മറിച്ചുള്ള ഒരു മാറ്റത്തെ പറ്റി കേട്ടിട്ടില്ല. എന്നാൽ, പ്രകൃതിശാസ്ത്രജ്ഞൻമാരെ ഗൗരവമായെടുക്കുകയാണെങ്കിൽ, സൺഡ്യൂ, വീനസ് എന്നീ സസ്യങ്ങളുടെ ഈച്ച പിടിത്തം ഈ പ്രതിഭാസത്തിന് വിപരീതമായിട്ടുള്ളതാണ്.

ഒരു സൺഡ്യൂ സസ്യം (Sundew plant) ഒരു ചളിക്കുളത്തിനരികെ തഴച്ച് വളരുകയാണെന്ന് സങ്കൽപിക്കുക. കുളത്തിന്റെ മദ്ധ്യഭാഗത്തേക്ക് വെറുപ്പോടെ തുറിച്ചു നോക്കിക്കൊണ്ടാണ് ആ കുളത്തിനരികിൽ സൺഡ്യൂ നിൽക്കുന്നത്. അത്രയും പ്രതികൂലമായ ഒരു കാലാവസ്ഥയിൽ ഒരു സസ്യത്തിനും ആ കുളത്തിൽ വളരുവാൻ സാധ്യമല്ല. സൺഡ്യൂ സസ്യത്തിന് അദൃശ്യമായ ഒരു മസ്തിഷ്ക്കവും അതുപോലെ ഒരു കണ്ണും ചളിക്കുളത്തിൽ നോക്കുന്ന കാലത്ത് ഉണ്ടായിരുന്നുവെന്ന് സങ്കൽപിക്കുക.



Sundew plant

ആ അദൃശ്യമായ കണ്ണ് കൊണ്ട് സൺഡ്യൂ സസ്യം ചളിക്കുളത്തിൽ നോക്കുകയാണെങ്കിൽ അത് പേടിച്ചരണ്ടു പോകുമായിരുന്നു. എന്നിട്ട് വേര് ചളിക്കുളത്തിനടിയിൽ ആഴ്ന്നിറങ്ങിയില്ലെങ്കിൽ അവിടെ നിന്ന് ചാടിപ്പോകുക തന്നെ ചെയ്യുമായിരുന്നു. എന്നാൽ, പ്രകൃതിശാസ്ത്രജ്ഞൻമാർക്ക് തികച്ചും വ്യത്യസ്തമായ മറ്റൊരു വീക്ഷണമാണ് ഇക്കാര്യത്തിലുള്ളത്. അവരെ സംബന്ധിച്ചിടത്തോളം അതേ സൺഡ്യൂ സസ്യം തന്നെയായിരുന്നു ആ ചളിക്കുളത്തിന്റെ തീരത്ത് ആരോഗ്യത്തോടെ വളർന്നത്. അത് പിന്നീട് ഒരു ഈച്ച പിടിത്തക്കാരനായി മാറുകയാണുണ്ടായത്. പ്രതികൂല കാലാവസ്ഥയിൽ ഒട്ടും നിരാശനാകാതെ തന്നെ സൺഡ്യൂ മാറുകയാണുണ്ടായതെന്നാണ് പ്രകൃതി ശാസ്ത്രജ്ഞൻമാർ പറയുന്നത്. മുൻകരുതൽ എന്ന നിലയിൽ അത് യാതൊരു സ്വഭാവ ഗുണവും ആർജിക്കാതിരിക്കെ, ഈ പുതിയ വെല്ലുവിളികളെ നേരിട്ടുകൊണ്ട് എങ്ങനെ അത് അവിടെ അതിജീവിച്ചു എന്നത് സങ്കൽപിക്കാനാവുന്നില്ല. ആ സസ്യം മണ്ണിൽ വളരുമ്പോൾത്തന്നെ മാംസഭോജിയാവാനുള്ള എല്ലാ തയ്യാറെടുപ്പുകളും ആർജ്ജിച്ചാൽ മാത്രമേ, വെള്ളത്തിൽ മാംസഭോജി സസ്യമായി വളരാൻ സാധ്യമാവൂ. ചളിക്കുളത്തിലെ ആ ആവാസ വ്യവസ്ഥയിൽ നിന്ന് തികച്ചും വ്യത്യസ്തമായ മറ്റൊരു വ്യവസ്ഥിതിയിൽ ഈ പരിവർത്തനം നടക്കാതെ അതിന് ജലത്തിൽ ഒരു നിമിഷം പോലും ജീവിക്കുക സാധ്യമല്ല.

ശാസ്ത്രജ്ഞൻമാർ യുക്തിപൂർവം വിവേകത്തോടെ വിശദീകരിക്കേണ്ട ഒരു പ്രഹേളികയാണിത്. അതിൽ രണ്ട് പ്രധാന വസ്തുതകൾ മാത്രം ഇവിടെ രേഖപ്പെടുത്താം.

1) വീനസ് ഫ്ളൈട്രാപ് (Venus Flytrap Plant) സസ്യത്തിന്റെ മുൻഗാമിയായി ശാസ്ത്രജ്ഞൻമാർ കരുതുന്ന സൺഡ്യൂ സസ്യം സ്വയം തന്നെ ഒരു സമസ്യയാണ്. സാധാരണ ഏതെങ്കിലും ഒരു ഹരിത സസ്യ ത്തിൽ നിന്നുമാണ് വീനസ് സസ്യം പരിണമിച്ചുണ്ടായതെന്നതിന് സ്പഷ്ടമായ യാതൊരു തെളിവുമില്ല.
2) മണ്ണിൽ വെച്ച് തന്നെയായിരിക്കണം വീനസ് ഫ്ളൈട്രാപ്പ് അതിന്റെ സൂക്ഷ്മമായ സ്വഭാവ ഗുണങ്ങൾ, യാതൊരു വിധ പാരിസ്ഥിതിക സമ്മർദവുമില്ലാതെ രൂപാന്തരപ്പെടുത്തിയെടുത്തത്.

നാം ഇവിടെ വെച്ച് നിറുത്തുന്നു. ഇവിടെ നിന്ന് പ്രകൃതി ശാസ്ത്രജ്ഞൻമാർ ഈ വിഷയം കൈയേൽക്കുമെന്ന് പ്രതീക്ഷിക്കുന്നു. അവരുടെ വിശദീകരണം കേൾക്കാൻ നാം കാതോർത്തിരിക്കുകയാണ്.

നാമിവിടെ വീനസ് ഫ്ളൈട്രാപ് സസ്യത്തിന്റെ ഉദാഹരണം പ്രത്യേകമായെടുക്കാൻ കാരണം, അതിന് വളരെ ഉന്നതവും സങ്കീർണവുമായി രൂപകൽപന ചെയ്യപ്പെട്ടതും വൈദ്യുതിയാൽ പ്രവർത്തിക്കുന്നതുമായ ഒരു പ്രവർത്തന സംവിധാനമുണ്ട് എന്നത് കൊണ്ടാണ്. ഏറ്റവും ഉന്നതരായ ശാസ്ത്രജ്ഞൻമാർ വരെ അതിന്റെ രഹസ്യം മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു. മുകളിൽ വിവരിച്ചത് പോലെ വീനസ് ഫ്ളൈട്രാപ്പിന്റെ ഏറ്റവും പൂർണമായ രൂപം അതിന്റെ പൂർവ്വപിതാവ് എന്ന് വിളിക്കപ്പെടുന്ന സസ്യങ്ങളുടെ ഘടനയിൽ നിന്ന് തികച്ചും വിഭിന്നമാണ്. അതിനാൽ ഈയൊരു വൻ ശൂന്യത ഇല്ലാതാക്കാൻ എണ്ണമറ്റ പരിണാമത്തിന്റെ ഉചിതമായ കൊച്ചു കൊച്ചു പരിവർത്തനങ്ങൾ നിർദേശിക്കാൻ എന്തുകൊണ്ട് പ്രകൃതിശാസ്ത്രജ്ഞൻമാർക്ക് ശ്രമിച്ചു കൂടാ. ഈയൊരു വസ്തുതാപരമായ തെളിവിന്റെ അഭാവത്തിൽ ഇല്ലാത്ത ഒന്നിൻമേൽ പ്രകൃതി നിർദ്ധാരണം പ്രവർത്തിച്ചതായി സങ്കൽപിക്കാൻ സാധ്യമല്ല. പ്രകൃതി ശാസ്ത്രജ്ഞൻമാരുടെ ഈ തർക്ക വിതർക്കങ്ങളുടെ നിരർഥകത തുറന്നു കാട്ടാൻ ഒന്നു കൂടി പറയട്ടെ, അവർ അസ്തിത്വമില്ലാത്ത മാതാവ് ജന്മം നൽകിയ കുഞ്ഞിൽ വിശ്വസിക്കുന്നു.ഇതാണ് പരിണാമത്തിന്റെ ചിത്രമെങ്കിൽ അർഹതയുള്ളതിന്റെ അതിജീവനം അർഥമാക്കുന്നതെന്താണ്? എന്ത് അതിജീവനം? ഏത് അർഹത? എവിടുത്തെ മത്സരം? ശാസ്ത്രജ്ഞൻമാർക്ക് അവർ സാധാരണയായി ചെയ്തു വരുന്ന തൊഴിലിലെ നൈതികത എന്നൊന്നുണ്ടെങ്കിൽ അവരുടെ ഈ നൈതികത എല്ലാ മാംസഭോജികളായ സസ്യങ്ങളിലും ആരോപിക്കട്ടെ. പ്രകൃതി നിർധാരണത്തിന്റേതായ മത്സരലോകത്ത് പ്രവേശിക്കുന്നതിന് മുമ്പേ മാംസ വേട്ടക്കുള്ള അവയവപരമായ എല്ലാ തയ്യാറെടുപ്പുകളോടും കൂടിയായിരിക്കും മാംസഭുക്കുകളായ സസ്യങ്ങൾ നിന്നിരുന്നത് എന്ന തത്വമാണ് എല്ലാ മാംസഭുക്കുകളായ സസ്യങ്ങളിലും ആരോപിക്കേണ്ടത്. ഇതാണ് പ്രകൃതിയുടെ നിർധാരണമെങ്കിൽ പിന്നെ സാമാന്യ ബുദ്ധിയോടുള്ള കൊഞ്ഞനം കാട്ടൽ മറ്റെന്താണ്?

# വിവാഹ മോചനം: നിയമവും ചരിത്രവും

ദാമ്പത്യം എന്നത് സ്നേഹ സമ്പർക്കത്തിലും പരസ്പര വിശ്വാസത്തിലും മരണം വരെ തുടരേണ്ട പാവനമായ ഒരു ജീവിത പ്രക്രിയയാണ്. പക്ഷേ അസ്വാരസ്യങ്ങളും സംഘർഷവും ആവിർഭവിച്ചാൽ വിവാഹമോചനത്തിലൂടെ മനുഷ്യ ജീവിതത്തെ സ്വതന്ത്രമാക്കുകയും വേണം. വിവാഹ നിയമങ്ങൾ മാനവീയവും പുരോഗമന പരവുമാകുന്നത് അവിടെയാണ്. വിവാഹ മോചന നിയമത്തിന്റെ ചരിത്രവും സാംഗത്യവും ലേഖകൻ വിവരിക്കുന്നു.

**ഡോ. കൗസർ എടപ്പകത്ത്**

വൈവാഹികാവകാശത്തിൽ നിന്നും സ്വഭാവികമായും ഉപലബ്ദ്ധമാകുന്ന അവകാശമാണ് വിവാഹ മോചനാവകാശം. വിവാഹമോചനം എന്നാൽ നിയമപരമായും അന്തിമമായും വിവാഹം അവസാനിപ്പിക്കലാണ്. അടിസ്ഥാനപരമായി വിവാഹമോചനം എന്നത് ഒരു നിയമ പ്രക്രിയയാണ്. പങ്കാളിയെ ഉപേക്ഷിച്ചു കൊണ്ടോ അല്ലെങ്കിൽ അനൗപചാരികമായി പോലും വിവാഹബന്ധം വേർപ്പെടുത്താവുന്നതാണ്. എന്നാൽ നിയമപരമായ അംഗീകാരമില്ലാതെ ദമ്പതികൾ വിവാഹമോചിതരായതായി കണക്കാക്കപ്പെടുന്നില്ല.

ഡിവോഴ്സ് (Divorce) എന്ന പദം ലാറ്റിനിൽ നിന്ന് നിഷ്പന്നമാണ്. വേർപിരിയൽ, വേർപെടുത്തൽ, ഗതിമാറൽ (*dictur a divertendo, quio viz. divertitur abuxore*) എന്നിങ്ങനെ അർത്ഥങ്ങളുള്ള ലാറ്റിനിലെ *Divoriitum* മൂല പദത്തിൽ നിന്നുമാണ് ഡിവോഴ്സ് ഉരുവം കൊണ്ടത്.2 വിവാഹ ബന്ധം നിയമപരമായി വേർപ്പെടുത്താൻ സാധ്യമാവുന്ന ഒരു നിയമ രൂപമാണ് ഡിവോഴ്സ് (വിവാഹ മോചനം). സ്വേച്ഛയാൽ വിവാഹ ബന്ധത്തിന്ന് വിരാമമിടുന്ന വ്യവസ്ഥാപിത മാർഗമാണത്. ഉപേക്ഷിച്ചു പോവൽ, വേർപിരിയൽ എന്നിങ്ങനെ സ്വേഛയാൽ വിവാഹ മോചനം സാധിതമാവുന്ന ഇതര മാർഗങ്ങൾ വേറെയുമുണ്ട്. എന്നാൽ ഡിവോഴ്സ് മറ്റു വിവാഹ മോചന മാർഗങ്ങളിൽ നിന്ന് വ്യത്യസ്തമാവുന്നത്, അത് ഔദ്യോഗികമായി സ്റ്റേറ്റിന്റേയോ ഭരണകൂടത്തിന്റെയോ സമ്മതിയുള്ളതും വിവാഹ പങ്കാളികളെ പുനർ വിവാഹത്തിന് അനുവദിക്കുന്നതുമാണ്.

മിച്ചലിന്റെ അഭിപ്രായ പ്രകാരം ഡിവോഴ്സ് അഥവാ വിവാഹ മോചനം എന്നത് വിവാഹം സാധുവാണെന്ന് അംഗീകരിച്ചതിന് ശേഷം വിവാഹ പങ്കാളികളുടെ ജീവിതകാലത്ത് തന്നെ അവർ ഒറ്റയായി വേർതിരിയുകയും പുനർ വിവാഹത്തിന് സ്വാതന്ത്ര്യമുണ്ടായിരിക്കുകയും ചെയ്യുന്ന ഒരു പ്രക്രിയയാണ്. സമൂഹത്തിന് നന്മകൾ ഉദ്പാദിപ്പിക്കാനും സുഭദ്രമായ ഒരു കുടുംബ ജീവിതത്തിനും വേണ്ടി രൂപകൽപ്പന ചെയ്ത ഒരു പ്രക്രിയയുടെ ഭാഗമാണ് വിവാഹ മോചനം എന്നാണ് ഡോ. പീറ്റേഴ്സൺ ഡിവോഴ്സിനെ കണക്കാക്കുന്നത്.5 ഡിവോഴ്സ് എന്നത് കൂടുതൽ നല്ലതും സന്തോഷ പ്രദവുമായ രണ്ടാം വിവാഹത്തിനുള്ള തയ്യാറെടുപ്പോ അല്ലെങ്കിൽ അനുഭവമോ ആണെന്നാണ് അദ്ദേഹം വിചാരിക്കുന്നത്. പ്രൊഫ. കയ് പറയുന്നത്, ഡിവോഴ്സ് എന്നത് ദമ്പതിമാരിൽ ഇരുവരുടേയും പരാജയവും അപഭ്രംശവുമാണ് എന്നാണ്. അന്യായക്കാരന്റെ നിഷ്ക്കളങ്കതയിലും പ്രതിയുടെ കുറ്റത്തിലും കെട്ടിപടുത്ത് വിവാഹ മോചനത്തെ പറ്റിയുള്ള പ്രചാരത്തിലുള്ള പ്രബലമായ നിയമ സിദ്ധാന്തം അവർ നിരാകരിക്കുന്നു.

കുടുംബത്തിന്റെ ഐക്യം ശിഥിലമാക്കുന്നതിനാൽ തീർച്ചയായും വിവാഹ മോചനം ഒരു സാമൂഹിക തിന്മയാണ്. പ്രതികൂലമായ സാമൂഹിക സാമ്പത്തിക പരിസ്ഥിതകളുടെയും അതുപോലെ വ്യക്തികളുടെ മാനസികമായ

അസ്വസ്ഥതകളുടെയും സുദീർഘമായ വൈവാഹിക അസ്വാരസ്യങ്ങളുടെയും ഫലമാണ് വിവാഹ മോചനം. ഒരു വിവാഹം നടന്നു കഴിഞ്ഞാൽ സമാധാനപരമായും ആരോഗ്യകരവുമായ അന്തരീക്ഷത്തിലുള്ള അതിന്റെ തുടർച്ച വ്യക്തി നേരിട്ടും സമൂഹം പൊതുവായും വളരെയേറെ ശ്രദ്ധ പതിപ്പക്കേണ്ട കാര്യമാണ്. തീർച്ചയായും ദാമ്പത്യം മാതൃകാപരമായിരിക്കണം. പരമാവധി ജീവിതാന്ത്യം വരെ നീട്ടിക്കൊണ്ടു പോകുന്നതുമായിരിക്കണം. പക്ഷേ വിവാഹം എന്നത് രണ്ട് മനുഷ്യർ തമ്മിലുള്ള പരസ്പര ബന്ധമാണ്. അത്കൊണ്ട് ആ ബന്ധം ചിലരിലെങ്കിലും ഒരു കാരണം കൊണ്ടല്ലെങ്കിൽ മറ്റൊരു കാരണത്താൽ തകരുന്നു. ദാമ്പത്യം ഒരിക്കലും പൂർവ നിലയിൽ പ്രാപിക്കില്ല എന്ന ബോദ്ധ്യത്തിൽ വിവാഹ പങ്കാളികൾ വിവാഹ ബന്ധം അവസാനിക്കാൻ ആഗ്രഹിക്കുക എന്നത് സ്വാഭാവികമാണ്. അത്തരം സന്ദർഭങ്ങളിലാണ് വിവാഹ മോചനം എന്ന സങ്കൽപ്പം രൂപപ്പെടുന്നത്. എല്ലാ കുടുംബ വ്യവസ്ഥകളിലും കുടുംബ കലഹങ്ങൾ പരിഹരിച്ച് ഭദ്രമായ കുടുംബം നിലനിർത്താൻ ചില ഉപായങ്ങൾ ആവിഷ്കൃതമായിട്ടുണ്ട് എന്നതിൽ സംശയമില്ല. എങ്കിലും കുഴപ്പങ്ങൾ ഉടലെടുക്കാം. അതുകൊണ്ട് ഇഷ്ടമില്ലാതെ ദാമ്പത്യ ജീവിതം നയിക്കുന്ന നിർബന്ധിതാവസ്ഥയിൽ നിന്ന് വ്യക്തിയെ രക്ഷിക്കുന്നതിന് ഏതെങ്കിലും രൂപത്തിൽ സാർവത്രികമായി നില കൊള്ളുന്ന ഒരു ഉപാധിയാണ് വിവാഹ മോചനം.

### ചരിത്ര പശ്ചാത്തലം

വിവാഹമോചനം എന്ന സങ്കൽപ്പം വളരെ പൗരാണികമാണ്. അതിന്റെ ഉത്ഭവം കണ്ടെത്താൻ സാദ്ധ്യമല്ല. യഥാർഥത്തിൽ വിവാഹ മോചനത്തിനുള്ള അധികാരം ഭർത്താവിൽ മാത്രം നിക്ഷിപ്തമായിരുന്നു. ഭാര്യക്ക് യാതൊരു സാഹചര്യത്തിലും വിവാഹ മോചനം ആവശ്യപ്പെടാൻ അവകാശമില്ലായിരുന്നു. നാഗരികതയുടെ ഉൽഗതികൊണ്ടും ആശയങ്ങളുടെ പുരോഗതികൊണ്ടും സ്ത്രീകളുടെ അവസ്ഥയിൽ ഒരു പരിധിവരെ പുരോഗതിയുണ്ടായി. അവരും വിവാഹ മോചനത്തിനുള്ള അവകാശം കരസ്ഥമാക്കി. റോമൻ നിയമത്തിനുകീഴിൽ വിവാഹ കരാറിലും വിവാഹ മോചന നിയമവും റോമൻ ചക്രവർത്തി പാസാക്കും വരെ അത് പ്രയോഗിക്കുന്നതിൽ അവർ ഒട്ടും പിന്നിലായിരുന്നില്ല എന്നത് ഒരു നർമോക്തിയായിരുന്നു. ഹോമറുടെ കാലഘട്ടത്തിൽ ഗ്രീസിൽ വിവാഹ മോചനത്തിനായി ഒരു സ്ഥാപനമില്ലായിരുന്നു. പിന്നീട് ഗ്രീസിൽ വിവാഹ മോചനം വ്യാപകമായി വന്നു. അഥീനിയൻ നിയമ പ്രകാരം ഭർത്താവിന് അയാളുടെ ഭാര്യയെ അയാൾ ആഗ്രഹിക്കുമ്പോൾ യാതൊരു കാരണവും ബോധിപ്പിക്കാതെ ഉപേക്ഷിക്കാം. മറിച്ച് ഭാര്യക്ക് വിവാഹ മോചനം ആവശ്യപ്പെടണമെങ്കിൽ അത് ഒരു ഭരണാധികാരിക്ക് (Archon) മുമ്പിൽ സമർപ്പിക്കേണ്ടതുണ്ട്. അവൾക്ക് വിവാഹ മോചനത്തിന്റെ കാരണങ്ങൾ ബോധിപ്പിക്കുകയും വേണം. പുരാതന യഹൂദ നിയമ പ്രകാരം ഒരു ഭർത്താവിന് ഭാര്യയിൽ എന്തെങ്കിലും തരത്തിലുള്ള അനിഷ്ടം ഉണ്ടായാൽ അവളെ ഏത് വിധേനയും എപ്പോൾ വേണമെങ്കിലും വിവാഹ മോചനം ചെയ്യാം. അയാൾക്ക് ഈ അധികാരത്തിന് വളരെ കുറഞ്ഞ പ്രതിബന്ധമേയുള്ളൂ, അല്ലെങ്കിൽ യാതൊരു പ്രതിബന്ധവുമില്ല. റോമക്കാരെ പോലെ തന്നെ പുരാതന അഥീനിയക്കാർക്കും ഇസ്റായേലികൾക്കുള്ളത് പോലെ വിവാഹമോചനത്തിനുള്ള ഭർത്താവിനുള്ള അധികാരം പരിധിയില്ലാത്തതായിരുന്നു. പിൽക്കാലത്ത് ഇസ്റായേലികൾക്കിടയിലെ ശാമ്മൈറ്റുകൾ (Sahammaites) വിവാഹ മോചന നിയമം പ്രാവർത്തികമാക്കുന്നതിൽ ചില നിബന്ധനകൾ വെച്ചു കൊണ്ട് ഒരു പരിധിവരെ പരിഷ്ക്കരിക്കുകയുണ്ടായി. പക്ഷേ ഇസ്രയേലികളിലെ ഹില്ലേൽ സരണി(Hillel) അതിന്റെ പൗരാണിക കാർക്കശ്യത്തോടെ വിവാഹ മോചന നിയമം തുടരുകയാണുണ്ടായത്.

20-ാം നൂറ്റാണ്ടോടുകൂടി റോമൻ കാനോനിക നിയമങ്ങളിൽ പതുക്കെ മാറ്റങ്ങൾ ഉണ്ടായി. റോമൻ നിയമങ്ങളിൽ വിവാഹ മോചിതനായ ഒരാളുമായുള്ള വിവാഹം തടഞ്ഞുവെക്കുമായിരുന്നു. പക്ഷേ പള്ളികളിൽ വെച്ച് ഔപചാരികമായ ആശീർവാദ ശുശ്രൂഷ നൽകിയിരുന്നു.

അമേരിക്കയിൽ ഡിവോഴ്സിന് ഇംഗ്ലണ്ടിലേത് പോലെ ഒരേ അർഥം തന്നെയാണുള്ളത്. സ്വാതന്ത്ര്യത്തിന് മുമ്പ് വടക്കൻ അമേരിക്കയിലെ ബ്രിട്ടീഷ് കോളനികളിൽ വിവാഹ മോചനം അസംബ്ലി പാസ്സാക്കിയ നിയമം മുഖേന മാത്രമായിരുന്നു സാധിതമായിരുന്നത്. ഇറ്റലി, സ്പെയിൻ, അയർലണ്ട്, പോർട്ടുഗൽ എന്നീ രാജ്യങ്ങളിൽ സമ്പൂർണ വിവാഹ മോചനം നിയമപരമായി സാദ്ധ്യമല്ലായിരുന്നു. കാരണം ഇവിടങ്ങളിൽ പുരാതന റോമൻ കത്തോലിക്കാ സഭയുടെ സ്വാധീനം നിലനിൽക്കുന്ന രാജ്യങ്ങളായിരുന്നു. 1973 ലാണ് ഇറ്റലി അവരുടെ സിവിൽ നിയമത്തിന് കീഴിൽ വിവാഹ മോചനം അംഗീകരിച്ചത്. ഫ്രാൻസിൽ വിപ്ലവത്തിന് മുമ്പ് വിവാഹ മോചനം നിയന്ത്രിച്ചിരുന്നത് റോമൻ കാനോൻ നിയമമായിരുന്നു. വിവാഹം വേർപിരിയാൻ കഴിയാത്ത ഒന്നായാണ് കാനോൻ നിയമം ഗണിച്ചത്. 1972ൽ ഫ്രാൻസിലെ നിയമമനുസരിച്ച് വിവാഹം ഒരു സിവിൽ കരാറായി പ്രഖ്യാപിക്കുകയും വിവാഹ മോചനം വളരെ എളുപ്പമാക്കുകയുമുണ്ടായി. ഫെഡറൽ റിപ്പബ്ലിക്ക് ഓഫ് ജർമനിയിൽ വിവാഹമോചനത്തിന് കാരണമാകുന്ന വൈവാഹിക

കുറ്റങ്ങൾ ഫ്രാൻസിലും മറ്റു യൂറോപ്യൻ രാജ്യങ്ങളിലുമുള്ളത് പോലെയാക്കുകയുണ്ടായി. 1966 ൽ സോവ്യറ്റ് വിവാഹ നിയമങ്ങളിലും മാറ്റം വന്നു. ജനകീയ കോടതികൾ അതിന്റെ ചില അധികാരങ്ങൾ തിരിച്ചു പിടിച്ചു. അത് കാരണം വിവാഹ മോചനത്തിനുള്ള അധികാരം അവർക്ക് തിരികെ ലഭിക്കുകയുണ്ടായി. ചൈനയിൽ 1930 ലെ നിയമമനുസരിച്ച് പരസ്പര സമ്മതത്തോടെ രണ്ടു സാക്ഷികൾ സഹിതം എഴുതി സമർപ്പിച്ചാൽ വിവാഹം മോചനം അനുവദിക്കുന്നതാണ്. വ്യഭിചാര കുറ്റത്തിനുള്ള കോടതിയിലും (The Court for adultery) വിവാഹ മോചനം അനുവദിക്കുന്നതാണ്. 1949 ൽ പീപ്പിൾസ് റിപ്പബ്ലിക്ക് ഓഫ് ചൈനയിൽ ചൈനീസ് കുടുംബ നിയമപ്രകാരം ജനകീയ കോടതിയിലെ എജൻസി മുഖാന്തരം പരസ്പര സമ്മതത്തോടെ വിവാഹ മോചനം അനുവദിക്കുന്നതാണ്. 1949ൽ ചൈനീസ് പീപ്പിൾസ് പൊളിറ്റിക്കൽ കൺസൾട്ടേറ്റീവ് കോൺഫ്രൻസ് സ്വീകരിച്ച പൊതു പരിപാടി അനുസരിച്ച് ഭാര്യക്കും ഭർത്താവിനും വിവാഹ മോചനത്തിന് തുല്യാവകാശം അനുവദിക്കുകയുണ്ടായി. ജപ്പാനിലെ 1947ലെ ന്യൂ സിവിൽ കോഡ് പ്രകാരം ഉഭയസമ്മതത്തോടെ വിവാഹമോചനം ചെയ്യാവുന്നതാണ്. വ്യഭിചാരം, ഉക്ഷിച്ചു പോകൽ എന്നീ കാരണങ്ങളാലും വിവാഹ മോചനം ചെയ്യാവുന്നതാണ്.

വിശാലമായ ഒരു രാജ്യം എന്ന നിലക്ക് ഇന്ത്യയിൽ വിവാഹമോചന സങ്കൽപ്പം ജാതികൾ തോറും ദേശങ്ങൾ തോറും പ്രതിജനഭിന്നമാണ്. ഹിന്ദു നിയമ പ്രകാരം വിവാഹം എന്നത് ദിവ്യമായ ഒരു കടമയാണ്. അത് അനശ്വരവും അവിഛിന്നവുമായ പാവന സംഗമമായിട്ടാണ് കരുതപ്പെട്ടിരുന്നത്. ഹിന്ദു സംസ്ക്കാര പ്രകാരം വിവാഹ ബന്ധം ഈ ജീവിതത്തിൽ മാത്രമല്ല മരണാനന്തരമുള്ള ജീവിതത്തിലും തുടരുന്ന ബന്ധമാണ്.13 ഏറ്റവും കഠിനമായ സാഹചര്യത്തിൽ പോലും വിവാഹ മോചനം അനുവദിക്കപ്പെടുകയില്ല. നാരദൻ അഥവാ പരാശരൻ മറ്റൊരു ഭർത്താവിന്റെ ഭാര്യയെ സ്വീകരിക്കാൻ അനുവദിക്കപ്പെട്ടിരുന്നു. അത്തരത്തിലുള്ള സംഭവത്തിന് പോലും വിവാഹ മോചനം ഹിന്ദു നിയമത്തിൽ സ്ഥാപിക്കപ്പെടാൻ കഴിഞ്ഞിട്ടില്ല. തുടക്കം മുതൽ കൗടില്യനും ഇതേ അഭിപ്രായം തന്നെയാണ് പ്രകടിപ്പിച്ചത്. എന്നാൽ ഇരു പങ്കാളികൾക്കും പരസ്പരം വെറുപ്പാണെങ്കിൽ വേർപിരിയൽ സാദ്ധ്യമാണ് എന്ന ഉദാര സമീപനത്തിന്റെനേരിയ വർണം അതിനുണ്ടായിരുന്നു. ഡിവോഴസ് എന്ന പദത്തിന് സാധാരണ ഇംഗ്ലീഷിലുള്ള അർഥ കൽപ്പന രണ്ടു സഹസ്രഹാബ്ദങ്ങളായി ഹിന്ദുശാസ്ത്രങ്ങൾക്കും ഹിന്ദു സമൂഹത്തിനും അന്യമാണ്. പ്രാദേശികമായി താഴ്ന്ന ജാതിക്കാർക്കിടയിലൊഴികെ. പുരാതന ഹിന്ദു നിയമ പ്രകാരം വ്യഭിചാരിണിയായ ഭാര്യയെ പോലും വിവാഹമോചനം ചെയ്യാൻ അനുവാദമുണ്ടായിരുന്നില്ല. താഴ്ന്ന ജാതിയിൽപ്പെട്ട പുരുഷന്മാരുമായി ലൈംഗിക വേഴ്ച്ചയിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രം അവളെ ശിക്ഷിക്കാവുന്നതാണ്. വ്യഭിചാര ഫലമായി അവൾ ഗർഭിണിയായെങ്കിൽ മാത്രം അവൾ ഉപേക്ഷിക്കപ്പെടാവുന്നതാണ്. അങ്ങനെ വന്നാൽ ഭർത്താവിന് ഭാര്യയെ ഉപേക്ഷിക്കാം. പക്ഷേ എന്തുതന്നെയായാലും ഭാര്യക്ക് ഭർത്താവിനെ ഉപേക്ഷിക്കാനോ അവളുടെ ഭർത്താവ് മരിച്ചാൽ പോലും പുനർ വിവാഹത്തിനോ വാസ്തവത്തിൽ അനുവാദമില്ലായിരുന്നു. നിയമപരമായി വിവാഹമോചനം ഒരിക്കലും അനുവദിക്കപ്പെട്ടിരുന്നില്ല. എന്നാൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ആചാരപരമായി വിവാഹ മോചനം എപ്പോഴും എവിടെയും അനുവദിക്കപ്പെടുകയും ചെയ്തിരുന്നു. മരുമക്കത്തായ നിയമത്തിൽ വിവാഹ മോചനം ആനുവദിക്കപ്പെട്ടിരുന്നു. ഈ സമ്പ്രദായത്തിൽ ആദ്യമായി നായർ പെൺകുട്ടി ഒരു ബ്രാഹ്മണ യുവാവുമായി സാധാരണ നിലയിൽ പൂർണമായും അനുഷ്ഠാനപരമായ വിവാഹം നടക്കുന്നു. ഉടൻ തന്നെ ആചാരപരമായ വിവാഹമോചനവും നടക്കുന്നു. അതിന് ശേഷം അവൾക്ക് സംബന്ധത്തിൽ പ്രവേശിക്കാവുന്നതാണ്. ഹിന്ദു ധർമശാസ്ത്രങ്ങൾ മരണാനന്തരം പോലും നിലനിൽക്കുന്ന വിവാഹത്തിന്റെ അവിഛിന്നതയും ദിവ്യത്വസങ്കൽപ്പവും ആവർത്തിച്ചാവർത്തിച്ച് പഠിപ്പിക്കുന്നുണ്ട്.

ക്രമേണ ഹിന്ദു ദിവ്യന്മാർ പ്രസ്തുത സങ്കൽപ്പം ഉദാരവത്ക്കരിക്കുകയുണ്ടായി. പരിമിത വൃത്തത്തിൽ വിവാഹ മോചനം അനുവദിക്കുകയും ചെയ്തു. വസിഷ്ഠ മുനിയുടെ അഭിപ്രായ പ്രകാരം സ്വഭാവ ദൂഷ്യമുള്ള ഒരു വ്യക്തിയുമായോ ശണ്ഠനുമായോ അന്ധനുമായോ മാനസിക രോഗിയുമായോ മതനിഷേധിയുമായോ ഉള്ള വിവാഹ നിശ്ചയം ചെയ്താൽ അത് വേർപ്പെടുത്താവുന്നതാണ്. മതപരമായ ഇത്തരം ഉപാഖ്യാനങ്ങളിലൂടെ വിവാഹ ബന്ധം വേർപ്പെടുത്താൻ പാടില്ല എന്നത് പോലെയുള്ള ഹിന്ദു വിവാഹത്തിലെ സംസ്കാര ഘടകങ്ങൾ *(samskaric* element) പ്രാഥമികമായി തകരുകയുണ്ടായി. 1856ലെ ഹിന്ദു വിധവാ പുനർ വിവാഹ നിയമം (Hindu Widow Remarriage Act, 1856) പാസ്സായതോടെ ഹിന്ദു സംസ്കാര സങ്കൽപ്പങ്ങൾക്ക് വീണ്ടും പ്രഹരമേൽക്കപ്പെടുകയുണ്ടായി.

ഇന്ത്യ സ്വാതന്ത്രമായതിന് ശേഷം വിവാഹ മോചന കാര്യത്തിൽ എകീകൃത സിവിൽ കോഡിനായുള്ള പുതിയ ആവശ്യത്തിന് ശക്തികൂടിവരികയാണ്. ഹിന്ദു സ്ത്രീ അനുഭവിക്കുന്ന ദുരിതങ്ങളാണ് ഈ ആവശ്യങ്ങളുടെ പിന്നിലെ ചാലകശക്തിയായി വർത്തിക്കുന്ന

ത്. ഹിന്ദു മതത്തിൽ ഒരു വലിയ ജനവിഭാഗം വിവാഹ മോചനത്തിനെതിരായി നിൽക്കുന്നു. മറ്റു മതങ്ങളിലെ വിവാഹ നിയമങ്ങളിൽ ഇടപെടാതിരിക്കൽ നയം സ്വീകരിക്കുന്ന പാർലമെന്റ് വിവാഹ മോചനത്തിനായുള്ള നിയമ വകുപ്പുമായി ഹിന്ദു മതത്തിൽ ഇടപെടുന്നു എന്നതിലാണ് അവരുടെ മുഖ്യമായ എതിർപ്പ്. പാർലമെന്റിൽ നിരവധി ചൂടുപിടിച്ച വാദപ്രതിവാദങ്ങൾക്ക് ശേഷം ഹിന്ദു സമൂഹത്തിലും വിവാഹ മോചന നിയമം കൊണ്ടുവരാൻ ഗവൺമെന്റിന് കഴിഞ്ഞു. 1955ലെ ഹിന്ദു മാര്യേജ് ആക്റ്റിൽ വിവാഹ മോചനം വിഭാവന ചെയ്യപ്പെട്ടു. ഈ നിയമം 1869ലെ ഇംഗ്ലീഷ് നിയമത്തിന്റെ പശ്ചാത്തലവും 1869 ലെ ഇന്ത്യൻ ഡിവോഴ്സ് ആക്റ്റും അനുധാവനം ചെയ്തു കൊണ്ടുള്ളതാണ്. ഇത് 1956, 1960, 1964, 1976, 1978 എന്നീ വർഷങ്ങളിൽ ഭേദഗതി ചെയ്യുകയുണ്ടായി. ഈ നിയമം മനുവിന്റെ സുസ്ഥാപിത നിയമങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. രണ്ട് നൂറ്റാണ്ടുകളായി അനുഭവിച്ചു കൊണ്ടിരുന്ന ബ്രിട്ടീഷ് ഭരണവും പാശ്ചത്യ വിദ്യാഭ്യാസവും ഇന്ത്യൻ മനസ്സുകളിൽ സന്നിവേശിപ്പിച്ച ബോധം മൂലം സമകാലീന പാശ്ചാത്യ നാഗരികതയുമായി തദാത്മ്യം പ്രാപിക്കാനുള്ള ഒരു ശ്രമം ഈ നിയമ നിർമാണ പ്രവർത്തനങ്ങളിൽ കാണാം. ഒരു കാര്യം വളരെ വ്യക്തമാണ്. വളരെ വലിയ ഒരു ജനവിഭാഗത്തിന് വിലക്കപ്പെട്ടിരുന്ന വിവാഹ മോചനത്തിനുള്ള പരിഹാരം ഈ നിയമങ്ങൾ കൊണ്ടു വരികയുണ്ടായി. തുടർന്നു നടന്ന നിയമ ഭേദഗതികളും പ്രത്യേകിച്ച് 1976 ലെ ഭേദഗതി വിവാഹ മോചന നിയമത്തിലെ വകുപ്പുകൾ ഉദാരമാക്കുകയുണ്ടായി. 1976 ൽ ഭേദഗതി ചെയ്യപ്പെട്ട 1955 ലെ ഹിന്ദു നിയമം ഡിവോഴ്സിനുള്ള കുറ്റ സിദ്ധാന്തം (guilt theory of divorce) കുറ്റങ്ങളുടെ അടിസ്ഥാനങ്ങൾ ഭേദഗതിചെയ്യപ്പെട്ടു. വ്യഭിചാരം, അഹിന്ദുമതത്തിലേക്കുള്ള പരിവർത്തനം, മാറാത്ത ബുദ്ധി ഭ്രമം അഥവാ മാനസിക രോഗം, മാറാത്ത കുഷ്ഠരോഗം, പകരുന്ന ലൈംഗിക രോഗങ്ങൾ, സന്യാസ ദീക്ഷ സീകരിക്കൽ (ഒരു സന്യാസ ക്രമത്തിൽ പ്രവേശിച്ചു കൊണ്ട് ലോക വിരക്തമായ ജീവിതം നയിക്കൽ), മരിച്ചു പോയി എന്ന് അനുമാനിക്കൽ എന്നിവയാണവ.

1964 ലെ ഹിന്ദു വിവാഹ ഭേദഗതി നിയമത്തിൽ 13ാം വകുപ്പിന്റെ 1(A) ഉപവകുപ്പ് വിവാഹിതരായവർക്ക് വിവാഹ മോചനത്തിന് അപേക്ഷ സമർപ്പിക്കാനുള്ള അവകാശത്തിനായി ദാമ്പത്യ തകർച്ചാ സിദ്ധാന്തം പരിചയപ്പെടുത്തുന്നുണ്ട്. അത് പ്രകാരം കോടതി കൽപ്പിച്ച വിടുതൽ ജീവിതത്തിന് (Judicial Separation) ശേഷം രണ്ട് വർഷമോ അതിലധികമോ കാലം വിവാഹ പങ്കാളികൾക്ക് സഹ ജീവനം പുനസ്ഥാപിക്കാൻ കഴിയാതെ വരികയോ അല്ലെങ്കിൽ ദാമ്പത്യാവകാശങ്ങൾ പുനസ്ഥാപിക്കണമെന്ന് (Restitution of Conjugal Rights) കോടതി വിധിച്ചിട്ടും രണ്ട് വർഷമോ അതിലധികമോ കാലമായിട്ടും ദാമ്പത്യാവകാശങ്ങൾ പുനസ്ഥാപിക്കാതിരിക്കുകയോ ചെയ്താൽ വിവാഹ പങ്കാളികൾക്ക് വിവാഹ മോചനം ആവശ്യപ്പെടാൻ അവകാശമുണ്ട്. 1976 ലെ വിവാഹ നിയമ ഭേദഗതി ആക്റ്റ് സെക്ഷൻ 13(b) 1976 ഉൾപ്പെടുത്തുകയുണ്ടായി. അത് പ്രകാരം ഉഭയകക്ഷികളുടെയും സമ്മത പ്രകാരം വിവാഹ മോചനം അംഗീകരിക്കപ്പെടുന്നതാണ്.

പുരാതന റോമൻ നിയമ പ്രകാരം (ക്രിസ്തു മതത്തിന് മുമ്പുള്ള റോമൻ നിയമം) വിവാഹവും വിവാഹ മോചനവും അനിവാര്യമായും ഒരു സ്വകാര്യ പ്രവർത്തനമായാണ് കരുതിയിരുന്നത്. വിവാഹ ബന്ധത്തിൽ പ്രവേശിച്ച എല്ലാ റോമൻ പൗരനും അത് റദ്ദാക്കാനും സ്വാതന്ത്ര്യമുണ്ട്. പക്ഷേ ക്രിസ്തു മതത്തിന്റെ ആവിർഭാവത്തോടെ ലോകം മുഴുവൻ വിവാഹം ഒരു ദിവ്യാനുഷ്ഠാന (Sacrament കൂദാശ) മായി മാറി. അതോടനുബന്ധിച്ച് വിവാഹം വേർപ്പെടുത്താൻ പാടില്ലാത്ത ബന്ധമാണ് എന്ന സിദ്ധാന്തവും പ്രചരിക്കപ്പെട്ടു. വിവാഹ കാര്യങ്ങളുടെ പരമോന്നത അധികാരി റോമൻ സഭയായി മാറി. വിവാഹ ബന്ധം പാവനവും കേവലവുമായ ഒന്നാണെന്നും വേർപെടുത്താൻ പാടില്ലാത്തതാണെന്നുമുള്ള കാനോനിക നിയമങ്ങൾ പ്രഖ്യാപിക്കുകയും കൽപ്പിക്കപ്പെടുകയും ചെയ്തു. വിവാഹത്തോടുകൂടി ദൈവ പ്രവർത്തിയാൽ സ്ത്രീയും പുരുഷനും ഒരു മാംസമായി തീരുന്നു. വിവാഹം ദിവ്യമായ ഒരു ബന്ധമായി മാറുന്നു. അത് ഒരു ദിവ്യാനുഷ്ഠാന (കൂദാശയാ) വുമാണ്. വിവാഹം സ്വർഗത്തിൽ നടക്കുന്നു എന്നത് ഒരു സാര വാക്യമാണ്. അത്കൊണ്ട് ഇപ്രകാരം പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. *'ദൈവം കൂട്ടി ചേർത്തതിനെ മനുഷ്യന് വേർപ്പെടുത്താൻ അധികാരമില്ല'* എന്ന്. എങ്കിലും വിവാഹം ഒരു കരാർ ആയി തന്നെയാണ് മുന്നോട്ട് പോകുന്നത്. അത് ദിവ്യവും പാവനവുമായ ഒരു സുസ്ഥാപിതാചാരം കൂടിയാണ്. വിവാഹം എന്നത് ആത്മാവും ശരീരവും തമ്മിൽ അവിരാമം തുടരുന്ന നിഗൂഢാത്മകമായ യുഗ്മാവസ്ഥയാണ്.

alislam.org
Official Website

# കലയും സംഗീതവും

അഹ്മദിയ്യാ ജമാഅത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (https://www.alislam.org) പ്രസിദ്ധീകരിച്ച സമകാലീന പ്രശ്നങ്ങളെ (ഭൗമേതര ജീവികൾ, വധശിക്ഷ, കലയും സംഗീതവും) സംബന്ധിച്ച ചോദ്യോത്തരം തുടരുന്നു.

**ചോദ്യം: ഒരു മുസ്‌ലിമിന് ഭൗമേതര ജീവികളിൽ വിശ്വസിക്കാമോ?**

**ഉത്തരം:** 'ആകാശങ്ങളുടേയും ഭൂമിയുടെയും അതു രണ്ടിലും അവൻ വ്യാപിപ്പിച്ച ജീവികളുടേയും സൃഷ്ടിപ്പും അവന്റെ അടയാളങ്ങളിൽപെട്ടതാണ്. അവനുദ്ദേശിക്കുമ്പോൾ അവയെ ഒരുമിച്ചുകൂട്ടാൻ അവൻ കഴിവുള്ളവനത്രെ' (വിശുദ്ധ ഖുർആൻ 42:32)

ഈ വചനം ഭൗമേതര ജീവികൾ ഉണ്ടാകാനുള്ള സാദ്ധ്യതയെക്കുറിച്ചല്ല പറയുന്നത്. ഭൗമേതര ജീവികൾ ഉണ്ട് എന്ന് അസന്ദിഗ്ദമായി പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. അല്ലാഹുവിന്റെ കഴിവുകൾ അനന്തമാണ്. അതിനെ പരിമിതപ്പെടുത്തുവാൻ മനുഷ്യന് അസാദ്ധ്യമാണ്. അവൻ ഇച്ഛിക്കുന്നതനുസരിച്ച് ജീവികളെ സൃഷ്ടിക്കാൻ കഴിവുള്ളവനുമാണ്.

**ചോദ്യം: ഇസ്‌ലാമിൽ വധശിക്ഷ ഉണ്ടോ?**

**ഉത്തരം:** ഇസ്‌ലാമിലെ പ്രതിക്രിയാ നിയമം കൊലപാതകത്തെ ഫലപ്രദമായി തടയുകയും മനുഷ്യ ജീവിതത്തെ സംരക്ഷിക്കുകയും ചെയ്യുന്നതാണ്. മനുഷ്യ ജീവനെ അതിക്രൂരമായ രീതിയിൽ ഹനിക്കുന്നതിനെതിരെ മിക്കവാറും എല്ലാ മനുഷ്യ സമൂഹങ്ങളും ഇസ്‌ലാമും വധശിക്ഷ അനുവദിക്കുന്നു. എങ്കിലും കുറ്റകൃത്യം നിർവഹിച്ചവരും അതിന് വിധേയരായവർക്കും സദ്ഫലങ്ങൾ ഉണ്ടാക്കുകയാണെങ്കിൽ മാപ്പ് കൊടുക്കുന്നതിനും ഇസ്‌ലാം അനുവദിക്കുന്നു. അബ്രഹാമിക്ക് മതങ്ങളിൽ നിന്നും വ്യത്യസ്തമായി 'പകരത്തിന് പകരം' എന്ന ശിക്ഷാ നിയമം ഇസ്‌ലാമിലില്ല. 'ഒരു കവിളത്തടിച്ചാൽ മറ്റേകവിളും കാണിച്ചു കൊടുക്കുക' എന്ന ക്രിസ്ത്യൻ രീതി അവലംബിച്ചാൽ അത് സമൂഹത്തെ അപകടപ്പെടുത്തുമാറ് കുറ്റവാളികൾക്ക് കൊലപാതകം തുടരാനുള്ള സ്വാതന്ത്ര്യം അനുവദിക്കലായിരിക്കും. 'കണ്ണിന്ന് പകരം കണ്ണ് പല്ലിന്ന് പകരം പല്ല്' എന്ന യഹൂദ രീതി അനുവർത്തിച്ചാൽ അത് മനുഷ്യ ഹൃദയത്തിൽ നിന്ന് മാപ്പ് എന്ന സങ്കൽപ്പം ഇല്ലാതാക്കും. ഇസ്‌ലാം ഈ രണ്ടു മാർഗവും അനുവർത്തിക്കുന്നില്ല. ഇസ്‌ലാം എല്ലാ കാര്യത്തിലും ഒരു മധ്യനിലയാണ് കൈകൊള്ളുന്നത്. ഇസ്‌ലാം കുറ്റകൃത്യങ്ങൾ വിപാടനം ചെയ്യുന്ന നടപടികൾ സ്വീകരിക്കുന്നതോടൊപ്പം മാപ്പിന്റെയും കാരുണ്യത്തിന്റേയും ഗുണങ്ങൾ പ്രാവർത്തികമാക്കാനുള്ള വാതായനങ്ങൾ തുറന്നിടുകയും ചെയ്യുന്നു. ( Reference: The Holy Qur'an. Arabic Text with English Translation and Short Commentary. Edited by Malik Ghuram Farid. Ch.2, verse 180 – footnote 204A. )

**ചോദ്യം: കലയേയും സംഗീതത്തേയും കുറിച്ചുള്ള ഈസ്‌ലാമികാദ്ധ്യാപനങ്ങൾ എന്താണ്?**

**(ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) ന്റെ വിശദമായ മറുപടി)**

**ഉത്തരം:** ഈ ചോദ്യം വാസ്തവത്തിൽ വിവിധ സന്ദർഭങ്ങൾക്കനുസരിച്ചുള്ള ഒരു ചോദ്യമാണ്. ഓരോ സാഹചര്യങ്ങൾക്കനുസരിച്ചും ഈ ചോദ്യത്തിനുള്ള ഉത്തരം ആപേക്ഷികമായി മാറിക്കൊണ്ടിരിക്കുന്നതുമാണ്. വിശുദ്ധ ഖുർആൻ താത്വികമായി **ലഗ്**‌വിനെ പറ്റി സംസാരിക്കുന്നുണ്ട്. വിശ്വാസികളെ അഥവാ ഇബാദുർറഹ്മാനെ കുറിച്ച് പ്രതിപദിക്കുമ്പോൾ അതിൽ **'ലഗ്‌വി മുഅ്‌രിളൂൻ'** അവർ നിഷ്ഫലവും മൂല്യരഹിതവും, അസംബന്ധവുമായ കാര്യങ്ങളിൽ നിന്ന് വിട്ട്നിൽക്കുന്നു. എന്ന് പറയുന്നു. അതെല്ലാം ആപേക്ഷികമാണ്. അത് വ്യക്തികൾതോറും വ്യത്യസ്തങ്ങളുമാണ്. ഒരാൾക്ക് അസംബന്ധം എന്ന് തോന്നുന്നത് മറ്റൊരാൾക്ക് അസംബന്ധമാകണമെന്നില്ല. ഓരോ ആളുടെയും ആർജിതമായ അഭിരുചികളും വിഭിന്നമായിരിക്കും. ആത്മീയ നിലവാരവും വിഭിന്നമായിരിക്കും. അതുകൊണ്ട് ഒരു കാര്യം എല്ലാവർക്കും മൊത്തത്തിൽ തെറ്റാണ് എന്ന് പ്രഖ്യാപിക്കുന്നതിൽ ഞാൻ അനുകൂലമല്ല. കാരണം ഇസ്‌ലാമിൽ നിരോധനത്തിന് ഘട്ടങ്ങളുണ്ട്. ചില സ്ഥല

ങ്ങളിൽ ഇസ്‌ലാം തീരുമാനമെടുക്കാൻ ഒരളവ് വരെ വിശ്വാസികൾക്ക് വിടുകയാണ് ചെയ്യുന്നത്. അവർക്ക് ഒരു തരത്തിലുള്ള ചിന്താസ്വാതന്ത്ര്യവും പ്രവർത്തന സ്വാതന്ത്ര്യവും നൽകപ്പെട്ടിട്ടിട്ടുണ്ട്. ഇസ്‌ലാം ഇത്തരം കാര്യങ്ങളിൽ കഠിനമോ ചടുലമോ ആയ നിയമങ്ങൾ നിർമ്മിക്കുകയോ പ്രഖ്യാപിക്കുകയോ ചെയ്തിട്ടില്ല. കാരണം അങ്ങനെയാണെങ്കിൽ മുഴുവൻ സമൂഹത്തിനും ജീവിതം വളരെ ദുസ്സഹമായി മാറും. എന്തായാലും ചില ആളുകൾ അത്തരം വീക്ഷണത്തിൽ ചോദ്യങ്ങൾ ചോദിക്കുന്ന പ്രവണത കാണിക്കാറുണ്ട്. അവർ ആഗ്രഹിക്കുന്ന വിധത്തിലുള്ള ഉത്തരം ലഭിക്കാൻ വേണ്ടിയാണ് അവർ ചോദിക്കുന്നത്. അവരുടെ ആഗ്രഹങ്ങൾക്കനുസരിച്ചുള്ള ഉത്തരം നൽകിയാൽ അത് പ്രയാസകരമായിമാറും. മാത്രല്ല. ഉത്തരം നൽകപ്പെട്ടാൽ നിങ്ങൾക്ക് പ്രയാസമുണ്ടാക്കുന്ന കാര്യങ്ങളെ പറ്റി നിങ്ങൾ ചോദിക്കരുത് എന്നാണ് തത്ത്വത്തിൽ ഖുർആൻ നമ്മോട് പറഞ്ഞത്. മറുപടി പറഞ്ഞാൽ വഹിക്കാൻ കഴിയാത്ത കാര്യങ്ങളെ പറ്റി ചോദിക്കാൻ പാടില്ല. അതൊരു പക്ഷേ നിങ്ങൾക്ക് ഇഷ്ടപ്പെടുകയില്ല. അതുകൊണ്ട് ഇസ്‌ലാം ചില മേഖലകൾ ശ്രദ്ധിക്കാതെ വിട്ടിരിക്കുകയാണ്. ആ മേഖല ഇസ്‌ലാം ബോധപൂർവം ശ്രദ്ധിക്കാതെ വിട്ടതാണ്.

അതിന്റെ തത്ത്വം ഞാൻ വിശദീകരിച്ചു കഴിഞ്ഞു. പല വ്യക്തികളും വളർച്ചയുടെ പല ഘട്ടങ്ങളിലുള്ളവരും വിവിധ സമീപനങ്ങളും അഭിരുചിയുമുള്ളവരായി കാണപ്പെടുന്നു. അതുകൊണ്ട് **ലഗ്‌വ്** ഓരോ വ്യക്തികൾക്കും അവരവരുടെ താൽപര്യങ്ങൾക്കനുസരിച്ച് പല വിധത്തിൽ വ്യാഖ്യാനിക്കാൻ സാധിക്കും.

ഉദാഹരണത്തിന് പാശ്ചാത്യ സമൂഹത്തിൽ നിന്ന് ഒരാൾ ഇസ്‌ലാം മതം സ്വീകരിച്ചുവെന്നിരിക്കട്ടെ ഉടനെ തന്നെ അയാളുടെ കലാ വിഷയത്തിലുള്ള താൽപര്യത്തിനെതിരായി ഒരു 'ഫത്‌വ' (ഇസ്‌ലാമിക നിയമ കൽപ്പന) പുറപ്പെടുവിച്ചാൽ അയാൾക്ക് അത് ഉൾക്കൊള്ളാനാകില്ല. എന്ന് മാത്രമല്ല ഇത് വളരെ അസ്വഭാവികം എന്ന് കരുതി അയാൾക്ക് ഇസ്‌ലാമിലുള്ള വിശ്വാസം തന്നെ നഷ്ടമാകാനും മതി. ഇസ്‌ലാം എവിടെയെല്ലാം അസന്ദിഗ്ദവും വ്യക്തമായി നിരോധനം പറഞ്ഞിട്ടില്ലയോ അവിടെയെല്ലാം കൂടുതൽ ഗൗരവതരമായ കാര്യങ്ങളിലേക്ക് ജീവിത യത്നം തിരിച്ചു വിടാനുള്ള ഇടങ്ങളാണ്. ഈ പദത്തിന് (ലഗ്‌വ്) ഞാൻ മനസ്സിലാക്കിയ അർത്ഥം ഇതാണ്. ഇതുതന്നെയാണ് ഏറ്റവും നല്ല വ്യാഖ്യാനം.

കൂടുതൽ ഉന്നതമായ ഒരു ജീവിത ക്രമത്തിലേക്ക് ഗൗരതരമായ വിഷയത്തോടെ ഒരാളുടെ ജീവിതയത്നം മാറുകയാനെണങ്കിൽ അയാളുടെ ലഗ്‌വ് ഒരു കൊച്ചുകുട്ടിയുടെ ലഗ്‌വ് ൽ നിന്നും ഭിന്നമായിരിക്കും. ഒരു കുട്ടി ഹോപ്സ്കോച്ച് (Hop Scotch-ഒരു തരം കുട്ടികളുടെ കളി) കളിക്കുന്നുവെന്ന് കരുതുക. ഹോപ്സ്കോച്ച് കളി മുതിർന്ന ഒരു മാന്യവ്യക്തിയെ സംബന്ധിച്ച് ഒരു ലഗ്‌വ് ആയിരിക്കും. അയാളുടെ പ്രായം അയാളുടെ ബഹുമാന്യത മറ്റെല്ലാം വെച്ച് അതൊരു ലഗ്‌വ് ആയിരിക്കും. ഈ പറയപ്പെട്ട കളി കുട്ടികളെ സംബന്ധിച്ചേടത്തോളം വളരെ നല്ലതുമാണ്.

മനുഷ്യർ ആത്മീയതയിൽ പോലും വിഭിന്ന നിലവാരമുള്ളവരാണ്. ഖുർആൻ ഓതുന്നതിലും മതത്തെക്കുറിച്ച് കനപ്പെട്ട പുസ്തകങ്ങൾ വായിക്കുന്നതിലും അഭിരുചിയുള്ള ഒരാൾക്ക് ഒരു നോവൽ നിങ്ങൾ നൽകുകയാണെങ്കിൽ അതിൽ അയാൾക്ക് താൽപര്യമുണ്ടാകണമെന്നില്ല. അത് അയാളെ സംബന്ധിച്ചേടത്തോളം വെറും ഒരു **ലഗ്‌വ്** ആയേക്കാം. ചിലയാളുകൾ ഗൗരവപ്പെട്ട വിഷയങ്ങളിൽ തലപുകയ്ക്കുന്നു. അവരെ നോവൽ വായനയിലേക്ക്. അതായത് അത്തരക്കാരുടെ ശ്രദ്ധ വളരെയേറെ സമയം നോവൽ വായനയിലേക്ക് മാറ്റുകയാണെങ്കിൽ, ഉദാഹരണത്തിന് അവരുടെ വളരെ ഗൗരവമേറിയ പഠനത്തിന് പകരം നോവൽ വായനയിലേക്ക് തിരിക്കുകയാണെങ്കിൽ അവർ ഒരിക്കലും അതിന് മുതിരുന്നില്ല. അവരുടെ ശ്രദ്ധ ഗൗരമായ ഒരു സംഗതിയിൽ നിന്നും നിഷ്ഫലമായ ഒന്നിലേക്കോ ഉപകാര പ്രദമായ ഒന്നിൽ നിന്നും ഉപയോഗശൂന്യമായ ഒന്നിലേക്കോ മാറില്ല. ഈ **ലഗ്‌വ്** അവരെ സംബന്ധിച്ചിടത്തോളം നിരോധിക്കപ്പെട്ടതാണ്. അത് അവരുടെ ജീവിത പുരോഗതിക്ക് വിഗാധമായി നിൽക്കുന്നതാണ്.

അതിനാൽ ഈ നിർവചന പ്രകാരം ജീവിതത്തിന്റെ ഗഹനമായ അന്വേഷണങ്ങളിൽ തടസ്സപ്പെടുത്തുമാറ് **ലഗ്‌വ്** ഇടപെടുമ്പോൾ ചില മേഖലകളിലെ കാര്യങ്ങളിൽ ഒരളവോളം അയാളിൽ ദോഷം ചെയ്യുന്നു. ആ അർത്ഥത്തിൽ അത് പ്രവർത്തിക്കുമ്പോൾ അത് **ലഗ്‌വ്** ആണ്. അത് ഒഴിവാക്കപ്പെടേണ്ടതാണ്.

**ലഗ്‌വ്**ന് വളരെ വിശാലമായി നിർവചിക്കപ്പെടേണ്ട ഒരു മേഖലയുണ്ട്. വാസ്തവത്തിൽ അത് ചിലപ്പോൾ ഇസ്‌ലാമിൽ വളരെ ഗുരുതരമായ പാപമായി തീരുന്ന ഒരു കുറ്റമായി മാറും. ഉദാഹരണത്തിന് നിങ്ങൾ ടിവിയോ ചില ലൈറ്റ് ഷോയോ, നോവലോ മറ്റെന്തെങ്കിലുമാകട്ടെ കാണുന്നതിലോ വായിക്കുന്നതിലോ മുഴുകിയിരിക്കുകയാണ്. അപ്പോൾ പ്രാർത്ഥനയുടെ സമയം ആഗതമായി. ആ സന്ദർഭത്തിൽ നിങ്ങൾ ആസ്വദിച്ചു കൊണ്ടിരിക്കുന്നവയെല്ലാം **ലഗ്‌വ്** ആയി മാറുന്നു. അത് നേരിട്ട് നിരോധിക്കപ്പെട്ടിട്ടില്ല. എന്നാൽ അത്രത്തോളമെത്തിയാൽ അത് അല്ലാഹുവിന്റെ ദൃഷ്ടിയിൽ കുറ്റമായിരിക്കും. പള്ളിയിൽ നിന്നും ബാങ്ക്‌വിളി മുഴങ്ങി നിങ്ങൾക്ക്

പള്ളിയിൽ എത്തിച്ചേരാനും സാധിക്കും എന്നാൽ നിങ്ങൾ ടിവയിൽ സംപ്രേഷണം ചെയ്യുന്ന പരിപാടിയിലോ കളിയിലോ വിനോദങ്ങളിലോ. അതെന്തുമായി ക്കൊള്ളട്ടെ അവയിൽ ഗാഢമായി മുഴുകിയിരിക്കുകയും പ്രാർത്ഥന മറക്കുകയും ചെയ്യുമ്പോൾ ആ ലഗ്‌വ് ഒരു പാപമായിത്തീരും. അതിന് അല്ലാഹുവിൽ പങ്കുകാരെ ചേർക്കുന്ന ബിംബപൂജയുടെ ഒരു ഭാവം കൈവരുന്നു. കാരണം ഇത്തരം നിഷ്ഫലമായ കർമങ്ങളും താൽപര്യങ്ങളും ഗൗരവതരവും സുപ്രധാനവുമായ ഒരു കാര്യ ത്തിൽ തടസ്സം നിൽക്കുകയാണ് ഇവിടെ ചെയ്യുന്നത്.

അതിനാൽ **ലഗ്‌വ്** എന്നത് വ്യാഖ്യാനിക്കാൻ വളരെ ബുദ്ധി മുട്ടുള്ള ഒരു പദമാണ്. എന്നിട്ടും അതിന്റെ തത്വസാരം ഞാൻ വ്യാഖ്യാനിച്ചിരിക്കുന്നു. അതിന് വിവിധ സന്ദർഭങ്ങളിൽ വിവിധ ങ്ങളായ പ്രാധാന്യങ്ങളാണ് ഉണ്ടാ വുക, **ലഗ്‌വ്** ചിലപ്പോൾ വളരെ ഗുരുതരമായ പാപമായി മാറും. ചിലപ്പോൾ സാധാരണമായ കാര്യ മായിരിക്കും. ആത്മീയതയിൽ വളരെ ശക്തമായ അഭിരുചികളു ള്ള വളരെ സാത്വികരായ ചില മുതിർന്ന ആളുകൾ പോലും ചില തരം **ലഗ്‌വു**കളിൽ ആമഗ്നരായി രിക്കും. അത്തരത്തിൽ അവർ മുഴുകിയിരിക്കുന്ന **ലഗ്‌വു**കൾ പ്രത്യക്ഷമായതോ ബഹിർഭാഗസ്ഥ മായതോ ആയ **ലഗ്‌വ്** ആയിരിക്കും. അവ ചില ഉദ്ദേശങ്ങൾക്ക് വേണ്ടിയു ള്ളതായിരിക്കും. അവ ഒഴിവാക്ക പ്പെടേണ്ട **ലഗ്‌വ്** ആണെന്ന് പറയാൻ സാധ്യമാവില്ല. സാധാരണ സാഹചര്യത്തിൽ ലഗ്‌വി ന്റെ ഗുണം ഇല്ലാത്തതും മറ്റു ചില സന്ദർഭ ങ്ങളിൽ ലഗ്‌വിന്റെ ഗുണം ഉള്ളതും ആയിരിക്കും.

ഉദാഹരണത്തിന് നിങ്ങൾ ഒരു പിക്നികിലാണ് എന്ന് കരുതുക. നിങ്ങളുടെ മാനസികാ വസ്ഥ തികച്ചും മറ്റൊന്നായിരിക്കും നിങ്ങൾ അപ്പോൾ കുട്ടികളുമായി കളിക്കും. സാധാരണ ജീവിതത്തിൽ നിങ്ങൾ ചിന്തിക്കുക പോലും ചെയ്യാത്ത കാര്യങ്ങൾ നിങ്ങൾ ചെയ്തെന്നു വരും. അത് ഒരിക്കലും ഖുർആനിൽ വിവരിച്ചത് പോലെ യുള്ള് **ലഗ്‌വ്** ആകുന്നില്ല. കാരണം അത് ഒരു ഉദ്ദേശത്തിന്ന് വേണ്ടി യുള്ളതാണ് അത് നിങ്ങളെ അൽപ്പ സമയം ആനന്ദിപ്പിക്കും. അത് മറ്റ് നിഷ്ക്കളങ്കമായ കളികളോ ഹോബി യോ പോലെയല്ല. ചൂതാട്ടമില്ലാതെ നിങ്ങൾക്ക് കാർഡ്സ് കളിക്കാം. നിങ്ങൾക്ക് ലുഡോയോ മറ്റെന്തെങ്കി ലും കളികളിലും വിനോദങ്ങളിലും ഏർപ്പെടാം. നിങ്ങളെ കുറച്ച് നേരത്തേക്ക് സന്തോഷിപ്പിക്കുന്ന എന്തുമാകാം. അതിന്റെ ഉദ്ദേശ്യം വിനോദമാണ്. അതിനായി ചില ഉപാധികൾ കൈകൊള്ളാം. സാധാരണ ജീവിതത്തിലെ അത്തരം ഉല്ലാസങ്ങൾ നിങ്ങളെ ഗൗരവപ്പെട്ട വിഷയങ്ങളിൽ നിന്നും വ്യതിചലിപ്പിക്കും എന്നും അത് **ലഗ്‌വ്** ആണെന്ന് പ്രഖ്യാപിക്കുന്ന തും പറയുന്നത് നിരർത്ഥകമാണ്. അത് ചില സന്ദർഭങ്ങൾക്ക് വേണ്ടിയുള്ളത് മാത്രമാണ്. അത് ലഗ്‌വ് ആവുന്നില്ല. അത് വിശാല മായൊരു വിഷയമാണ്.

ഈയൊരു പശ്ചാത്തല ത്തിൽ ഞാൻ സംഗീതത്തെക്കുറി ച്ചുള്ള നിങ്ങളുടെ ചോദ്യത്തിലേ ക്ക് വരാം. സംഗീതം പോലെയുള്ള കാര്യങ്ങൾ വിശുദ്ധ ഖുർആനിൽ നിരോധിച്ചിട്ടില്ല. ചില സന്ദർഭങ്ങ ളിൽ റസൂൽ തിരുമേനി (സ) അറേബ്യയിൽ ഉപയോഗിച്ച സംഗീതോപകരണമായ ദഫ്ഫ് അനുവദിച്ചതായി നാം വായിക്കു ന്നു. മറ്റുചിലപ്പോൾ സംഗീതോ പകരണങ്ങളിൽ നിന്നുമുള്ള സംഗീതശബ്ദങ്ങൾ റസൂൽ തിരുമേനി (സ) ശ്രദ്ധിക്കുന്നതിൽ വിപ്രതിപത്തി കാണിച്ചു. അവിടു ന്ന് അത് കേട്ടപ്പോൾ ഇഷ്ടപ്പെട്ടില്ല. ശരിയായ സമീപനം ഇതിന് രണ്ടിനും ഇടക്കാണ്. ഇതിൽ ഉള്ളടങ്ങിയ തത്വശാസ്ത്രം നിങ്ങൾ മനസ്സിലാക്കിയാൽ പിന്നീട് എന്തുകൊണ്ട് റസൂൽ തിരുമേനി (സ) ഒന്ന് അനുവദിക്കുകയും മറ്റേത് നിരോധിക്കുകയും ചെയ്ത് എന്നതിനെ സംബന്ധിച്ച് ശരിയായ കാര്യങ്ങൾ ഗ്രഹിക്കാൻ സാധിക്കു ന്നതാണ്. ഇതിലുള്ള വസ്തുത എന്തെന്നാൽ അത്തരം സംഗീതം അല്ലാഹുവിനോടുള്ള സ്നേഹം പ്രാർത്ഥനയോടുള്ള അനുരക്തി, മനുഷ്യ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യത്തെ ക്കുറിച്ചുള്ള ചിന്ത എന്നിവയ്ക്ക് അത് തടസ്സമാണ്. അതുകൊണ്ട് അത്തരം സംഗീതങ്ങൾ നിങ്ങൾ ശക്തമായി ഒഴിവാക്കേണ്ടതാണ്. നിങ്ങളുടെ ജീവിതത്തിന്റെ പ്രധാന കാര്യങ്ങളിൽ നിന്നും നിങ്ങളുടെ ശ്രദ്ധ തിരിച്ചുകളയുന്നതാണ്. അതിന് അടിമപ്പെടും പോലെ അതൊരു മനോഗ്രസ്തിയായി നിങ്ങളിൽ വളരുകയാണെങ്കിൽ അത് ഒരു പാപമായി മാറുന്നതാണ്. എന്നാൽ ഇക്കാലത്ത് ലോകത്ത് എല്ലാ കോണുകളിൽ നിന്നും സം ഗീതം ഒഴുകുമ്പോൾ അത് നിനച്ചിരിക്കാതെ ശ്രദ്ധയിൽ പെടുക എന്നത് സാധാരണമാണ്. നിങ്ങൾ കഠിനമായി ശ്രമിച്ചാൽ പോലും സംഗീതം ഒഴിവാക്കാൻ സാദ്ധ്യമല്ല. അക്കാര ണത്താൽ സംഗീതം ഒരിക്കലും ശ്രവിക്കാൻ പാടില്ല എന്ന് ഞാൻ പ്രഖ്യാപിക്കുന്നില്ല. അത് വളരെ ശക്തമായ ഒരു പ്രസ്താവനയാണ്. വിശുദ്ധ ഖുർആൻ അങ്ങനെ പറഞ്ഞിട്ടുമില്ല.

ഇതിൽ നിന്നും ദഫ്ഫ് ആ രീതിയിൽ ഉപയോഗിക്കുന്നത് അനുവദനീയമാണ് എന്നും അത് പോലെയുള്ള മറ്റു സംഗീതോ പകരണങ്ങൾ നിരോധിക്കപ്പെടേണ്ട താണ് എന്നുമുള്ള നിഗമനത്തോട് ഞാൻ യോജിക്കുന്നില്ല. കാരണം ദഫ്ഫ് അറേബ്യയിൽ മാത്രം കണ്ടുവരുന്ന സംഗീതോപകരണ മാണ്. ആ കാലഘട്ടത്തിൽ നിന്നു സംഗീത ശൈലി എത്രയോ മാറി. ദഫ്ഫ് എന്ന സംഗീതോപകരണം വാദനം ചെയ്യപ്പെടുമ്പോൾ അത് ഒരു ഉദ്ദേശ്യത്തിന് വേണ്ടിയായിരി ക്കുമല്ലോ ആ സമയത്ത് അത്

ഉപയോഗിക്കപ്പെടുന്നത്. അത്കൊണ്ട് ഞാൻ നൽകിയ നിർവചനം ഇവിടെ നന്നായി ചേരുന്നു. ഉദാഹരണത്തിന് റസൂൽ തിരുമേനി (സ) മക്കത്ത് പ്രവേശിക്കുമ്പോഴാണ് ദഫ്ഫ് മുട്ടിയതായി നാം കാണുന്നത്. അപ്പോൾ ചില സ്ത്രീകളും യുവതികളും ഒരു പാട്ട് പാടി ദഫ്ഫ് മുട്ടുകയും ചെയ്തു. അത് ഒരു പ്രത്യേക തരത്തിലുള്ള സംഗീതോപകരണമാണ്. ഒരു ഭാഗം ആവരണം ചെയ്യപ്പെട്ടതും മറ്റൊരു ഭാഗം തുറന്നു കിടക്കുന്നതുമാണ്. അതുകൊണ്ട് ചില ഉലമാക്കന്മാർ ഈ ആകൃതിയിലുള്ള സംഗീതോപകരണങ്ങൾ മാത്രം അനുവദിക്കുകയും മറ്റെല്ലാവിധത്തിലുള്ള സംഗീതോപകരണങ്ങളും നിരോധിക്കപ്പെടേണ്ടതുമാണെന്നും അനുമാനിക്കുന്നു. അത് ശുദ്ധ വങ്കത്തമാണ്. കാരണം റസൂൽ തിരുമേനി(സ) വരാനിരിക്കുന്ന എല്ലാ കാലത്തേക്കുമായിട്ടാണ് നമുക്ക് മാർഗദർശനവും ആദർശങ്ങളും മാതൃകകളും നൽകിയത്. ഒരു പ്രത്യേക കാലത്തേക്കായിട്ട് മാത്രമുള്ള അദ്ധ്യാപനങ്ങളല്ല.

അതിനാൽ റസൂൽ തിരുമേനി (സ) സർവ്വകാലത്തേക്കായി ചെയ്ത എല്ലാ കാര്യങ്ങളുടെയും സമഗ്രമായ തത്വങ്ങൾ സ്വീകരിക്കുന്നതിന് പകരം എല്ലാം സസൂക്ഷ്മം എടുക്കുകയാണെങ്കിൽ നിങ്ങൾ ചരിത്രത്തിലെ ഒരു പ്രത്യേക കാലഘട്ടത്തിൽ മാത്രം പരിമിതപ്പെട്ടവനായിപ്പോകും. അതിനപ്പുറത്തേക്ക് നിങ്ങൾക്ക് ഒരടി മുന്നോട്ട് പോകാനാകില്ല. റസൂൽ തിരുമേനി (സ) ഒരിക്കലും കാർ ഓടിച്ചിട്ടില്ല. നിങ്ങൾക്ക് നൽകപ്പെട്ട ആധുനികമായ ഒരു സുഖസൗകര്യങ്ങളും അവിടുന്ന് ഉപയോഗിച്ചിട്ടില്ല. അപ്പോൾ എന്തുകൊണ്ട് റസൂൽ തിരുമേനി (സ) യുടെ സമസ്ത ജീവിത മാതൃകയും അതുപോലെ അനുധാവനം ചെയ്യണമെന്ന നിഗമനത്തിൽ നിങ്ങൾ എത്തിച്ചേരുന്നില്ല. അതായത് അവിടുന്ന് ഭക്ഷിച്ച് ഒരു പ്രത്യേക ധാന്യം കൊണ്ടുണ്ടാക്കിയ അതേ റൊട്ടി കഴിക്കാൻ അനുവദിക്കുകയും മറ്റെല്ലാം നിരോധിക്കണമെന്ന നിഗമനത്തിൽ നിങ്ങൾ എത്തിചേരുന്നില്ല. അന്നത്തെ രീതിയിലുള്ള വസ്ത്രങ്ങൾ അനുവദിക്കുകയും ഇക്കാണുന്ന വസ്ത്രങ്ങളെല്ലാം നിരോധിക്കണമെന്നും നിങ്ങൾ പറയുന്നില്ല. ഈ രീതിയിലാണ് നിങ്ങൾ നിഗമനത്തിലെത്തിച്ചേരുന്നതെങ്കിൽ ജീവിതം മുഴുക്കെ വിലക്കുകൾക്കും നിരോധനങ്ങൾക്കും വിധേയമായിത്തീരും. കാരണം റസൂൽ തിരുമേനി (സ)യുടെ കാലത്തെ അതേ ജീവിതമാതൃക വളരെ കുറച്ച് മാത്രമേ നമ്മുടെ ജീവിതത്തിലുള്ളൂ. അവിടുന്ന് ഒരിക്കലും ഇക്കാണുന്ന ഇലക്ട്രിക്ക് ബൾബുകൾ ഉപയോഗിച്ചിട്ടില്ല. അക്കാലത്ത് ഈ ക്യാമറകൾ കണ്ടുപിടിക്കപ്പെട്ടിരുന്നില്ല. അവിടുന്ന് ഒരിക്കലും സ്വന്തം ഫോട്ടോ എടുത്തിട്ടില്ല. ആ നിലക്ക് ഈ ഫോട്ടോ എടുപ്പും അതിന് നിന്നുകൊടുക്കലുമെല്ലാം നിരോധിക്കപ്പെടേണ്ടതല്ലേ.

അതിനാൽ നിങ്ങളുടെ മനസ്സ് തുറക്കുക. ഇസ്‌ലാമിന്റെ തത്വശാസ്ത്രം എന്താണെന്ന് മനസ്സിലാക്കാൻ ശ്രമിക്കുക. നിരോധിക്കപ്പെടേണ്ട കാര്യങ്ങൾ വിശുദ്ധ ഖുർആൻ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അനുവദിച്ചിട്ടുള്ള കാര്യങ്ങളും വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതിന്നിടക്ക് ചില അതിർത്തിയിലെ ആളില്ലാ സ്ഥലങ്ങൾ പോലെയുള്ള ഇടങ്ങളിലേക്ക് തത്വങ്ങളിലൂടെ വെളിച്ചം വീശുകയും ചെയ്തിരിക്കുന്നു. അതിർത്തികൾ ചിലപ്പോൾ അവിടെനിന്ന് ഇവിടേക്കും ഇവിടെനിന്ന് അവിടെക്കുമായി ചുഴിമണൽക്കാറ്റ് പോലെ മാറിക്കൊണ്ടിരിക്കും. ഞാൻ ഇവിടെ പ്രതിപാദിച്ച നോമാൻസ് ലാന്റിലും അനുവദീനമായവയും അരുതാത്തതും ഉണ്ട്. സാഹചര്യത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കും. അവ ഒരു ഭാഗത്ത് ഞെക്കുമ്പോൾ മറു ഭാഗത്ത് വീർത്തുവരും. സംഗീതവും പെയിന്റിങ്ങും ഈ മേഖലയിൽ ലഗ്വിന്റെ കീഴിലുള്ള വിഷയങ്ങളാണ്. ഇത് ജീവിതവ്രതമായി മാറുമ്പോൾ നിങ്ങൾ സൃഷ്ടിക്കപ്പെട്ട ഉന്നത മൂല്യങ്ങളെ തടസ്സപ്പെടുത്തുന്നു. ആ അവസ്ഥയിലാണ് അത് നിരോധിക്കപ്പെടുന്നത്. അത് നിങ്ങളുടെ ജീവിതത്തിന്റെ ഗൗരവമായ വിഷയങ്ങളിൽ തടസ്സമില്ലെങ്കിൽ അത് നിങ്ങളുടെ നാഡീവ്യൂഹത്തെ അൽപ്പസമയത്തേക്ക് ലഘുവായി ഊർജ്ജസ്വലമാക്കാനുള്ളതോ അല്ലെങ്കിൽ നിങ്ങളുടെ നാഡിഞരമ്പുകൾക്ക് ആശ്വാസം കിട്ടുവാനുള്ളതോ ആയിരിക്കും. ഇത് നിരോധിക്കപ്പെടേണ്ടതാണെന്ന് ഞാൻ വിചാരിക്കുന്നില്ല. ചുരുങ്ങിയത് യാതൊരു വിധത്തിലും പാടില്ലാത്ത വിധം നിരോധിക്കപ്പെടേണ്ടതില്ല എന്ന് ഞാൻ കരുതുന്നു.

ചില ആസ്വാദനങ്ങൾ അത് വിധേയപ്പെടലായി മാറാറുണ്ട്. പാകിസ്താനിൽ ഞാൻ അറിയുന്ന ചിലർ ഹിന്ദി ഗാനങ്ങൾ ഇഷ്ടപ്പെടുന്നവരാണ്. അവർ ഗാനങ്ങൾ ആലപിക്കാറുമുണ്ട്. ഇത് അവരുടെ ഉന്മാദമായി മാറിയതിന്റെ ഫലമായി അവർക്ക് പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനോ അവരുടെ മതപരമായ കടമകൾ നിറവേറ്റാനോ സാധ്യമാവാതെ വരുന്നു. അവരുടെ പഠനത്തിൽ ശ്രദ്ധയെ അത് ബാധിക്കുന്നു. അവർ വാഗ്ദത്ത മസീഹിന്റെ(അ) പുസ്തകങ്ങൾ വായിക്കുന്നില്ല. റസൂൽ തിരുമേനിയുടെ (സ) ഹദീസുകൾ പരായണം ചെയ്യാൻ അവർക്ക് സമയംകിട്ടുന്നില്ല. ഖുർആൻ പോലും അവർ പാരായണം ചെയ്യുന്നില്ല. അത് അവരുടെ സ്വഭാവമായി മാറുന്നു. ഈ അസംബന്ധകരമായ പാട്ടുകളുടെ മൂല്യമാവട്ടെ മൂന്നാം കിട നിലവാരത്തിലുള്ളതാണ്. എന്നാൽ അവ മ്യൂസിക്കിന്റെ അകമ്പടിയോടെ പാടുമ്പോൾ അവയിലുള്ള താൽപര്യം വളരെയധികവും ആഴത്തിലുള്ളതായി തീരുന്നു. അവരുടെ ജീവിതം മുഴുവൻ ഇത്തരം സംഗീതം കേൾക്കുമ്പോൾ സംത്രാസം

കൊള്ളുന്നു. അവർ അത്തരം മ്യൂസിക്കിൽ മുഴുകുമ്പോൾ മറ്റൊന്നും അവർക്ക് ശ്രദ്ധിക്കാൻ കഴിയുന്നില്ല. ഇത് ഒരുതരം അഡിക്ഷനാണ്. ഈ അവസ്ഥ യിലെത്തുമ്പോൾ അത് ഹറാമാണ് (നിരോധിക്കപ്പെടേണ്ടതാണ്) ഇസ്‌ലാമിലെ നിർബന്ധകര്യങ്ങളി ലുള്ള ഇടപെടലാണ് ആത്മീയ പുരോഗതിയുടെ മാർഗ്ഗത്തിൽ ഒരു തടസ്സവുമാണ്.

ആരെങ്കിലും ഒരാൾ തങ്ങളു ടെ ആത്മീയ പുരോഗതിയിൽ ശ്രദ്ധക്കുന്നുവെന്നിരിക്കട്ടെ. ഉദാഹരണത്തിന് അയാൾ തന്റെ റേഡിയോ ഓൺ ചെയ്തു അപ്പോൾ ഒരു പാട്ട് ആയിരുന്നു കേട്ടുകൊ ണ്ടുണ്ടിരുന്നത്. അയാൾ അത് ഇഷ്ടപ്പെടുകയും അൽപ്പനേരം അത് കേട്ടു നിൽക്കുകയും ചെയ്തു. അദ്ദേഹത്തിന് അതിനുള്ള സമയ മുണ്ടായിരുന്നു. അയാൾ തന്റെ സമയം ഒട്ടും പാഴാക്കിയിരുന്നുമില്ല. അയാൾ അത് ഉടൻ തന്നെ നിറുത്തണമെന്നും അല്ലെങ്കിൽ അയാൾ കാഫിറോ (അവിശ്വാസി) അല്ലെങ്കിൽ മറ്റെന്തെങ്കിലോ ആകുമെന്നും പ്രഖ്യാപിക്കുന്നത് വിഡ്ഢിത്തമാണ്. അത് ഒരിക്കലും ഇസ്‌ലാമിന്റെ ഹലാൽ ഹറാം സങ്കൽപ്പത്തിന് നിരക്കുന്നതല്ല.

അപ്രകാരം ചില ആളുകൾ ചിത്രം വരക്കുന്നത് നമ്മുടെ യജമാനനായ മുഹമ്മദ് മുസ്തഫാ തിരുമേനി(സ) സമ്പൂർണമായും നിരോധിച്ചിട്ടുണ്ടെന്ന് പറയുന്നു. അവരെ സംബന്ധിച്ചിടത്തോളം ചിത്രങ്ങൾ വീട്ടിൽ സൂക്ഷിക്കാനോ വരക്കാനോ പാടില്ല. അവർ വസ്തുതകൾ മനസ്സിലാക്കുന്നില്ല. റസൂൽ തിരുമേനി (സ) നിരോധിച്ച ചിത്രങ്ങൾ വിഗ്രഹങ്ങളുടെ ചിത്ര ങ്ങളായിരുന്നു. ആ ഒരു കാലഘട്ട ത്തിൽ ക്യാമറയിൽ ചിത്രങ്ങളെടു ക്കുക എന്ന പ്രശ്നം തന്നെ ഉദിക്കുന്നില്ല. ക്യാമറ അന്ന് കണ്ടു പിടിക്കപ്പെട്ടിട്ടില്ല. ചിത്രങ്ങൾ വരക്കുന്നതും പെയിന്റിങ്ങുകളു മെല്ലാം തന്നെ സാങ്കൽപ്പിക ദൈവങ്ങളുടെ പടങ്ങൾ വരക്കാൻ മതപരമായ ആവശ്യങ്ങൾക്ക് വേണ്ടിയായിരുന്നു. റസൂൽ തിരു മേനി(സ)യുടെ കാലത്ത് അറേബ്യ യിൽ യാതൊരു വിധ കലകളും നമുക്ക് കണാൻ സാദ്ധ്യമല്ല. യഥാതഥ ചിത്രങ്ങൾ വരക്കുന്ന ആളുകളെ വിദൂരമായിപ്പോലും കാണാൻ സാദ്ധ്യമല്ല. അക്കാലത്ത് ഏതെങ്കിലും കലാകാരന്മാർ വരച്ച ഒരു പ്രകൃതി ദൃശ്യം പോലും നിങ്ങൾക്ക് കാണാൻ സാദ്ധ്യമല്ല. ആരുടെയെങ്കിലും ഛായാചിത്ര ങ്ങൾ രചിച്ചത് കാണാൻ സാദ്ധ്യമല്ല. ഏതെങ്കിലും യഥാർഥമായ ഒരു പ്രത്യേക സന്ദർഭത്തിന്റെയോ ചിത്രവും കാണാൻ സാദ്ധ്യല്ല. വരച്ച ചിത്രങ്ങളെല്ലാം നോവൽ ചിത്ര ങ്ങളാണെന്ന് മാത്രമല്ല ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾക്ക് വിരുദ്ധമായ കഥകളിലെ ചിത്രങ്ങളു മാണ്. അതിൽ സാങ്കൽപ്പിക വിഗ്രഹങ്ങളുടെ ചിത്രങ്ങളുണ്ടായി രുന്നു. അല്ലാഹുവിൽ പങ്കുചേർത്ത വരുടെ ചിത്രങ്ങളും അവിടെയു ണ്ടായിരുന്നു. അവർ വരച്ച ചിത്ര ങ്ങളോ അല്ലെങ്കിൽ ബിംബങ്ങളായി കൊത്തിയെടുക്കപ്പെട്ട ചിത്രങ്ങളോ ആണ് അവിറ്റെ ഉണ്ടായിരുന്നത്.

ചില ആളുകൾ ചിത്രം വരക്കുന്നത് നമ്മുടെ യജമാനനായ മുഹമ്മദ് മുസ്തഫാ തിരുമേനി(സ) സമ്പൂർണമായും നിരോധിച്ചിട്ടുണ്ടെന്ന് പറയുന്നു. അവരെ സംബന്ധിച്ചിടത്തോളം ചിത്രങ്ങൾ വീട്ടിൽ സൂക്ഷിക്കാനോ വരക്കാനോ പാടില്ല. അവർ വസ്തുതകൾ മനസ്സിലാക്കുന്നില്ല. റസൂൽ തിരുമേനി (സ) നിരോധിച്ച ചിത്രങ്ങൾ വിഗ്രഹങ്ങളുടെ ചിത്ര ങ്ങളായിരുന്നു.

എവിടെയാണ് നമ്മുടെ റസൂൽ തിരുമേനി (സ) ഇവ നിരോധിച്ചത്? അവിടുത്തെ തിരു സന്നിധിയിൽ വെച്ച് വരക്കപ്പെട്ട ജീവിതത്തിലെ ഒരു യഥാതഥ സന്ദർഭത്തിന്റെ ചിത്രീകരണം അവിടുന്ന് നിരോധിച്ചതായി യാതൊരു തെളിവുമില്ല. അവിടുന്ന് ചിത്രങ്ങൾ നിരോധിച്ചതിന്റെ ഉദ്ദേശം നിങ്ങൾക്ക് മനസ്സിലായിട്ടുണ്ടാകു മെന്ന് ഞാൻ കരുതുന്നു. അവിടു ത്തെ മനസ്സിലുണ്ടായിരുന്നിട്ടില്ലാത്ത മേഖലയിലേക്ക് കൂടി അത് വലിച്ചു നീട്ടുന്നത് ഒട്ടും ശരിയല്ല. യഥാതഥ ചിത്രരചനക്ക് (ആർട്ടിസ്റ്റിക്ക് റിയലിസം) എതിരായി അവിടുന്ന് സംസാരിച്ചിട്ടില്ല. കാരണം അത് മതപരമായ കാര്യത്തിൽ ഇടപെടു ന്നില്ല എന്നതിനാലാണ്. ഇവിടെ നമുക്ക് കാര്യങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. വിഗ്രഹ നിർമാണം ഇസ്‌ലാമിലെ അല്ലാഹു വിന്റെ ഏകത്വ സങ്കൽപ്പത്തിന്ന് വിരുദ്ധമാണ്. അതിനാൽ ബിംബാ രാധനയിലേക്ക് നയിക്കുന്നതെല്ലാം നിരുത്സാഹപ്പെടുത്തണം. അത് മനസ്സിലാക്കാവുന്നതാണ്. പക്ഷേ എവിടെയെങ്കിലും യഥാർഥമായ പ്രകൃതിദൃശ്യങ്ങളെയോ മറ്റു യഥാതഥമായ രചനകളെയോ സൃഷ്ടിക്കപ്പെട്ടാൽ അത് എങ്ങനെ നിരോധിക്കാൻ സാധിക്കും? അത് നിരോധിക്കപ്പെടാനോ എന്റെ മനസ്സിൽ അത് നിരോധിക്കാനോ സാധ്യമല്ല. അത് കൊണ്ട് ചിത്രരചന ഹറാമാണെന്ന് പ്രഖ്യാപിക്കാൻ സാധ്യമല്ല. പക്ഷേ അത് നിങ്ങളുടെ ആൺ കുട്ടികളിലും പെൺകുട്ടി കളിലും ഒരു ഒഴിയാ ബാധയായി മാറുകയും അത് ജീവിതത്തിന്റെ ഗൗരവതരമായ കാര്യങ്ങൾക്ക് വിഘാതമായി നിൽക്കുകയും ചെയ്യുകയാണെങ്കിൽ അവിടം വെച്ച് അത് നിർത്തണം. അത് ഒരു **ലഗ്‌വ്** ആയി മാറുന്നു. അത്തരം **ലഗ്‌വ്** ആണ് ഖുർആനിൽ നിരോധിക്ക പ്പെട്ടത്.

# ദൈവത്തിന്റെ ഏകത്വം

ദൈവം അവന്റെ സത്തയിലും ഗുണത്തിലും പ്രവൃത്തിയിലും ഏകനും അതുല്യനും അനുപമനുമാണ്.

**അബ്ദുൽ അസീസ്**

ദൈവത്തിന്റെ അസ്തിത്വത്തിലും അവന്റെ ഏകത്വത്തിലുമുള്ള വിശ്വാസമാണ് ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണം. ദൈവത്തിന്റെ ഏകത്വമെന്നതിന്റെ അർത്ഥം അപരിമേയമായ ശക്തിയും ഗുണങ്ങളുമുള്ള ഏകനും അതുല്യനുമായവൻ എന്നാണ്. അവനാകട്ടെ യാതൊരു പങ്കുകാരനും കൂട്ടുകാരനുമില്ലാത്തവനാണ്. ദൈവം ഏകനാണ് എന്നാണ് ഇസ്ലാമിന്റെ അദ്ധ്യാപനം. അവൻ ഉൺമയിൽ ഏകനാണ്. അവന്റെ ഗുണങ്ങളിൽ ഏകനാണ്. എല്ലാ അർത്ഥത്തിലും അവൻ ഏകനാണ്. അവന്റെ മഹത്വത്തിലും പ്രതാപത്തിലും പങ്കുകാരനില്ല. വാസ്തവത്തിൽ മഹത്തായ മതങ്ങൾക്ക് രണ്ട് വിധത്തിലുള്ള ലക്ഷ്യങ്ങളുണ്ട്. ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിപ്പിക്കുകയും. സഹജീവികളോട് നീതി പൂർവമായും ദയാവായ്പ്പോടും കാരുണ്യത്തോടും പെരുമാറാൻ മനുഷ്യനെ സജ്ജമാക്കുകയുമാണ് അത്. ഈ ലേഖനത്തിൽ ദൈവത്തിന്റെ ഏകതത്വത്തെ ക്കുറിച്ച് മാത്രമാണ് പ്രതിപാദിക്കുന്നത്.

***പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ എല്ലാസ്തുതിയും സർവ്വ ലോക പരിപാലകനായ അല്ലാഹുവിന്നാകുന്നു. പരമകാരുണികൻ, കരുണാമയൻ പ്രതിഫലം നൽകുന്ന നാളിന്റെ ഉടമസ്ഥൻ (1:1–4)***

***പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ പറയുക. അവൻ അല്ലാഹുവാകുന്നു. ഏകൻ, അല്ലാഹു സർവ്വാധിനാഥനാണ്. (സ്വാശ്രയനും എല്ലാവരാലും ആശ്രയയിക്കപ്പെടുന്നവനുമാണ്.)അവൻ സന്താനോൽപ്പാദനം ചെയ്തിട്ടില്ല. അവൻ (ആരുടേയും സന്താനമായി) ഉൽപ്പാദിപ്പിക്കപ്പെട്ടിട്ടുമില്ല. (112: 1–5)***

മഹത്തായ മതങ്ങളുടെ പ്രമാണികമായ ലക്ഷ്യം ദൈവത്തിന്റെ അസ്തിത്വത്തെ സംബന്ധിച്ചും അവന്റെ ഗുണങ്ങളെ സംബന്ധിച്ചും മനുഷ്യന് ജ്ഞാനം നൽകുക എന്നതാണ്. പരമകാരുണികനും കരുണാനിധിയുമായ ദൈവം പ്രവാചകന്മാർക്ക് സ്വയം വെളിപ്പെടുത്തികൊണ്ട് അവരെ മനുഷ്യ സമുദായത്തിന് വേണ്ടി എഴുന്നേൽപ്പിക്കുന്നു. വെളിപാടുകളിലൂടെ പ്രവാചകന്മാരിലൂടെയായിരുന്നു ദൈവത്തെ സംബന്ധിച്ചും അവന്റെ ഗുണങ്ങളെ സംബന്ധിച്ചും, ജ്ഞാനം ജനങ്ങൾക്ക് നൽകപ്പെട്ടത്. ദൈവത്തിന്റെ ഏകത്വമായിരുന്നു പ്രവാചകന്മാർ നൽകിയ പ്രാമാണികവും അടിസ്ഥാനപരവുമായ അദ്ധ്യാപനം.

അതായത് പരമകാരുണികനും കരുണാനിധിയും സ്രഷ്ടാവും എല്ലാം അറിയുന്നവനും, സർവജ്ഞനും സകലതിന്റെയും യജമാനനും പ്രഭുവുമായ ദൈവം അവൻ യാതൊരു പങ്കുകാരനുമില്ലാത്ത ഏകനാകുന്നു. ഏകനായ അവൻ തന്റെ ഗുണത്തിലും സത്തയിലും പങ്കുകാരനില്ലാത്തവനും അതുല്യനുമാണ്. ദൈവത്തിന്റെ ഗുണങ്ങൾ മനസ്സിലാക്കിയാണ് നാം ദൈവത്തെ അറിയുന്നത്. ദൈവത്തെ മാത്രം ആരാധിക്കാനും മറ്റെന്തിനെക്കാളും ദൈവത്തെ സ്നേഹിക്കാനും മനുഷ്യൻ പഠിപ്പിക്കപ്പെട്ടിരിക്കുന്നു. ഒരു വിശ്വാസി ദൈവത്തിന്റെ ഗുണങ്ങളെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ ദൈവത്തിന്റെ അപരിമേയവും നിരുപാധികവുമായ കാരുണ്യത്തെ പറ്റിയും മഹത്വത്തെക്കുറിച്ചും ബോദ്ധ്യപ്പെടുന്നു. ദൈവത്തിന്റെ സൃഷ്ടിപ്പിനെക്കുറിച്ച് ചിന്തിക്കു മ്പോൾ അവന്റെ സൗന്ദര്യത്തെ ക്കുറിച്ച് മനുഷ്യന് അവബോധമുണ്ടാകുന്നു. അപ്പോൾ അവൻ ദൈവത്തെ സ്നേഹിക്കുകയും ആരാധിച്ചു തുടങ്ങുകയും ചെയ്യുന്നു. വിശ്വാസി ആത്മീയമായി പുരോഗതി പ്രാപിക്കുന്നതിനനുസരിച്ച് ഈ സ്നേഹം ശക്തിപ്പെട്ടു വരുന്നു. ദൈവത്തെ ആരാധിക്കുന്നവനെയും സ്നേഹിക്കുന്നവനെയും ദൈവവും സ്നേഹിക്കുന്നു. ദൈവത്തിന് വേണ്ടി പ്രയാസവും കഷ്ടപ്പാടും സഹിക്കുന്നവരെയെല്ലാം ദൈവം സന്മാർഗത്തിലേക്ക് നയിക്കുകയും സഹായിക്കുകയും ചെയ്യുന്നു. കാലമേറെ കഴിഞ്ഞപ്പോൾ ബഹുദൈവാരാധനാ സംബന്ധമായ നിരവധി വിശ്വാസങ്ങൾ കൈകൊണ്ടു. മനുഷ്യൻ പ്രകൃതി ശക്തികളെയും മനുഷ്യനെയും അവരുടെ ദൈവങ്ങളായി ആരാധിക്കാൻ തുടങ്ങി. നിരവധി മതങ്ങൾ ദൈവത്തിന്റെ സ്ഥാനത്ത് മനുഷ്യദൈവത്തെ ആരാധിക്കുന്നു. ജീസസ്, മോസസ് (അ), ശ്രീകൃഷ്ണൻ

(അ), ബുദ്ധൻ(അ) എന്നിങ്ങനെ മനുഷ്യരും പ്രവാചകന്മാരുമായ വ്യക്തികളെ അവർ ദൈവമായി ആരാധിക്കുന്നു. ഈ മഹത്തുക്കളെല്ലാം തന്നെ സ്വയം ദൈവത്തിന്റെ അവതാരങ്ങളാണെന്ന് അവകാശപ്പെട്ടിരുന്നില്ല. തങ്ങളെ ആരാധിക്കാൻ തങ്ങളുടെ അനുയായികളെ ആഹ്വാനം ചെയ്തിട്ടുമില്ല. കാലക്രമേണ അവരുടെ പരിശുദ്ധമായ അദ്ധ്യാപനങ്ങൾ പല വിധ സ്വാധീനങ്ങൾക്കും വിധേയപ്പെട്ട് അലങ്കോലപ്പെടുകയാണുണ്ടായത്. അവസാനം മതങ്ങൾ പരിണമിച്ച് വിശ്വമതമായ ഇസ്‌ലാമിൽ പരിപൂർണത പ്രാപിക്കുകയാണുണ്ടായത്. മുഹമ്മദ് നബി(സ)ക്ക് പരിപൂർണ്ണ ഗ്രന്ഥമായ വിശുദ്ധ ഖുർആൻ വെളിപ്പെടുകയും ചെയ്തു. ദൈവത്തിന്റെ ഏകത്വത്തെ പറ്റിയും ആകാശത്തിന് കീഴിലെ ഏതൊരു ഗ്രന്ഥത്തെക്കാളും ഏറ്റവും പരിപൂർണമായ നിലയിൽ ഖുർആൻ നമ്മെ പഠിപ്പിക്കുകയും നമുക്ക് ദൈവത്തെ സംബന്ധിച്ച് കൂടുതൽ ജ്ഞാനം നൽകുകയും ചെയ്യുന്നു. ഖുർആനിൽ അല്ലാഹുവിന്റെ നൂറു ഗുണങ്ങൾ വർണിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹുവിന് നൂറ് ഗുണങ്ങൾ മാത്രമേ ഉള്ളൂവെന്നും അതിനപ്പുറം ഗുണം ഇല്ല എന്നും ഇതിനർഥമില്ല. അല്ലാഹുവിന്റെ ഗുണങ്ങൾക്ക് പരിധിയില്ല. അല്ലാഹു ഖുർആനിൽ പറയുന്നു. എല്ലാ പരിപൂർണ നാമങ്ങളും അല്ലാഹുവിന്നുള്ളതാണ്. അല്ലാഹു സർവ്വജ്ഞനാണ്. അവൻ എല്ലാറ്റിനേയും വലയം ചെയ്യുന്നു. മനുഷ്യന് ദൈവത്തെ വലയം ചെയ്യാനോ അവനെ പൂർണമായി ഗ്രഹിക്കാനോ സാദ്ധ്യമല്ല. ദൈവത്തെ സംബന്ധിച്ചും അവന്റെ ഗുണഗണങ്ങളെ സംബന്ധിച്ചുമുള്ള അറിവ് ഒരാൾ സ്വീകരിച്ച മതഗ്രന്ഥങ്ങളെയും അയാളുടെ ആത്മീയ ഗുരുവിനേയും ആശ്രയിച്ചാണിരിക്കുക. മാത്രമല്ല ഒരു വ്യക്തി ദൈവാന്വേഷണ മാർഗത്തിൽ നടത്തുന്ന പരിശ്രമങ്ങൾക്കനുസൃതമായിട്ടായിരിക്കും അവന്ന് ദൈവത്തെ സംബന്ധിച്ച അറിവ് ലഭിക്കുക. അതായത് ആത്മ ശുദ്ധീകരണം. ആത്മാർത്ഥമായ പ്രാർത്ഥനകൾ സത്യമാർഗ്ഗത്തിലുള്ള അശ്രാന്ത പരിശ്രമം മുതലായവയുമായി ബന്ധപ്പെട്ടു നിൽക്കുന്നു. ദൈവത്തിന്ന് വേണ്ടി പരിശ്രമിക്കുന്നവനെ ദൈവം സഹായിക്കുകയും മാർഗ്ഗം കാണിക്കുകയും ചെയ്യുന്നു. ദിവ്യജ്ഞാനം ആർജ്ജിക്കുന്നതിന് പല തലങ്ങളുമുണ്ട്. മനുഷ്യന് ദൈവവുമായുള്ള ബന്ധം ദൈവവുമായും അവന്റെ ഗുണങ്ങളുമായും മനുഷ്യനുള്ള അനുഭവങ്ങൾ എന്നിവയാണവ. ആത്മീയ പുരോഗതിയുടെ ഏറ്റവും സമുന്നത തലം പ്രവാചകന്മാർക്കോ ദൈവദൂതന്മാർക്കോ അല്ലെങ്കിൽ ദൈവാനുഗ്രഹം സിദ്ധിച്ച ജ്ഞാനികളായ സദ്പുരുഷന്മാർക്കോ ആണ് പ്രാപ്യമാവുക. ഒരാൾക്ക് അയാളുടെ കർമങ്ങൾ കൊണ്ട് മാത്രം ദൈവജ്ഞാനത്തിലും ആത്മീയ പുരോഗതിയിലും ഉന്നതി കൈവരിക്കാൻ സാദ്ധ്യമല്ല. കർമ്മവും പരിശ്രമവും ആവശ്യം തന്നെയാണ്. ദൈവത്തിന്റെ കരുണ്യമാണ് അത് സാധ്യമാക്കി തീർക്കുന്നത്. ദൈവജ്ഞാനത്തിന് വിശ്വാസമുള്ളവരും ജ്ഞാനം നൽകപ്പെട്ടവരുമായ വ്യക്തികൾ സൽക്കർമ്മങ്ങൾ ചെയ്തുകൊണ്ട് ദൈവത്തോട് പ്രാർഥിക്കുമ്പോൾ അവർ ആത്മീയമായി പുരോഗമിക്കുകയും മുമ്പില്ലാതിരുന്ന വിധത്തിൽ ആത്മീയമായ ജ്ഞാനങ്ങളാൽ അനുഗൃഹീതരാവുകയും ചെയ്യും. അത് വിശ്വാസിയുടെ മരണം വരെയും മരണത്തിന് ശേഷം തുടരുന്ന അവസാനിക്കാത്ത ഒരു യാത്രയാണ്.

ദൈവത്തിന്റെ ഏകത്വവുമായി ബന്ധപ്പെട്ട ഹദ്റത്ത് അഹ്മദി (അ)ന്റെ ഒരു ഉദ്ധരണിയാണ് താഴെ ക്കൊടുത്തിരിക്കുന്നത്.

എന്റെ അദ്ധ്യാപനങ്ങൾക്കനുസരിച്ച് ജീവിക്കാൻ സർവ്വശക്തനും സർവ്വ പരിപാലകനുമായ ഒരു പരമോന്നത അസ്തിത്വത്തിൽ ഗാഢമായി വിശ്വസിക്കൽ ഒഴിച്ചു കൂടാനാവാത്തതാണ്. അവൻ എല്ലാറ്റിന്റെയും സ്രഷ്ടാവും മാറ്റമില്ലാത്തവനും വിശ്വസ്തനും അനന്തനുമാണ്. അവൻ ആരുടെയും ജാതനല്ല. അവൻ ജനകനുമല്ല. അവൻ പരിശുദ്ധനാണ്. അതിനാൽ

എന്റെ അദ്ധ്യാപനങ്ങൾക്കനുസരിച്ച് ജീവിക്കാൻ സർവ്വശക്തനും സർവ്വ പരിപാലകനുമായ ഒരു പരമോന്നത അസ്തിത്വത്തിൽ ഗാഢമായി വിശ്വസിക്കൽ ഒഴിച്ചു കൂടാനാവാത്തതാണ്. അവൻ എല്ലാറ്റിന്റെയും സ്രഷ്ടാവും മാറ്റമില്ലാത്തവനും വിശ്വസ്തനും അനന്തനുമാണ്. അവൻ ആരുടെയും ജാതനല്ല. അവൻ ജനകനുമല്ല. അവൻ പരിശുദ്ധനാണ്. അതിനാൽ അവൻ ക്രൂശിതനോ യാതൊരർത്ഥത്തിലും പീഢിതനോ മരണത്തിന് വിധേയനോ ആവേണ്ടതില്ല. അത്തരം കാര്യങ്ങളിൽ നിന്നെല്ലാം ദൂരപ്പെട്ടവനാണ് ദൈവം. അവൻ ഏറ്റവും അടുത്തവനാണ്. അവൻ ഏറ്റവും അടുത്ത സ്ഥിതി ചെയ്യുന്നവനായിരിക്കെ ഏറ്റവും വിദൂരസ്ഥനാണ്. അവൻ ഏകനാണ്. എല്ലാ അർത്ഥത്തിലും അതുല്യനാണ്. അവൻ പല വിധത്തിലും രീതിയിലും പ്രകടിതമാവുന്നു. (ഹദ്റത്ത് അഹ്മദി (അ))

അവൻ ക്രൂശിതനോ യാതൊരർത്ഥത്തിലും പീഢിതനോ മരണത്തിന് വിധേയനോ ആവേണ്ടതില്ല. അത്തരം കാര്യങ്ങളിൽ നിന്നെല്ലാം ദൂരപ്പെട്ടവനാണ് ദൈവം. അവൻ ഏറ്റവും അടുത്തവനാണ്. അവൻ ഏറ്റവും അടുത്ത സ്ഥിതി ചെയ്യുന്നവനായിരിക്കെ ഏറ്റവും വിദൂരസ്ഥനാണ്. അവൻ ഏകനാണ്. എല്ലാ അർത്ഥത്തിലും അതുല്യനാണ്. അവൻ പല വിധത്തിലും രീതിയിലും പ്രകടിതമാവുന്നു (നമ്മുടെ അദ്ധ്യാപനങ്ങൾ)

അല്ലയോ ശ്രോതാക്കളെ, ശ്രവിച്ചുകൊള്ളുവീൻ! ദൈവം നിങ്ങളിൽ നിന്ന് എന്താണ് ആഗ്രഹിക്കുന്നത്? നിങ്ങൾ അവന്റേതായി മാറണം എന്നു തന്നെ. അവനോടൊപ്പം നിങ്ങൾ ആരെയും കൂട്ടുചേർക്കരുത്. ആകാശത്തിലെന്നല്ല ഭൂമിയിലും നമ്മുടെ ദൈവം മുമ്പത്തെ പോലെ ഇപ്പോഴും ജീവിച്ചിരിക്കുന്ന ദൈവമാകുന്നു. അവൻ പണ്ടെല്ലാം സംസാരിച്ചിരുന്നത് പോലെ ഇപ്പോഴും സംസാരിക്കുന്നവനാകുന്നു. പണ്ടെല്ലാം കേട്ടു കൊണ്ടിരുന്നത് പോലെ ഇപ്പോഴും കേൾക്കുന്നവനാകുന്നു. അവൻ കേൾക്കുന്നവനാണെങ്കിലും ഇപ്പോൾ സംസാരിക്കുന്നില്ല എന്നത് വ്യർത്ഥ വിചാരം മാത്രമാകുന്നു. അവൻ കേൾക്കുകയും സംസാരിക്കുകയും ചെയ്യുന്നു. അവന്റെ എല്ലാ ഗുണവിശേഷങ്ങളും നിത്യങ്ങളും ശാശ്വതങ്ങളുമത്രെ. ഒരു ഗുണവും നിഷ്ക്രിയമായിരിക്കുന്നില്ല. ഒരിക്കലും നിഷ്ക്രിയമായിരിക്കുന്നതുമല്ല. അവൻ ഏകനും കൂട്ടു കാരനില്ലാത്തവനുമാകുന്നു. അവന് പുത്രനില്ല പുത്രനുമല്ല. അവൻ നിർമലനാകുന്നു. അവന് മേലെ മറ്റൊരുത്തനില്ല തന്നെ. അവനോട് സമാനമായി ആരും തന്നെയില്ല.

അവന്റെ ശക്തിക്ക് കുറവ് പറ്റുകയില്ല. അവൻ അകലെയുള്ളവനാണെങ്കിലും അടുത്തുള്ളവനാകുന്നു. അകലെയുള്ളവനെങ്കിലും അടുത്തുള്ളവനാകുന്നു. അവൻ കശ്ഫിന്റെ അഹ്ലുകാർക്ക് സ്വയം സദൃശാത്മക രൂപത്തിൽ വെളിപ്പെടുമെങ്കിലും അവന് ഒരു ശരീരമില്ല. ഒരു രൂപവുമില്ല. അവൻ എല്ലാറ്റിന്റെയും മീതെയാവുന്നു. എന്നാൽ അവന്ന് കീഴെ മറ്റാരെങ്കിലും ഉണ്ടെന്നും പറഞ്ഞുകൂട. അവൻ അർശിലാണെന്ന് പറയുമ്പോൾ ഭൂമിയിയിലില്ലെന്ന് പറയാവതല്ല. അവൻ എല്ലാ പരിപൂർണ ഗുണങ്ങളുടെയും സമവായമാവുന്നു. എന്നാൽ എല്ലാ യഥാർത്ഥ സ്തുത്യതയുടെയും പ്രതിബിം ബമാണവൻ. എല്ലാ നന്മകളുടെയും ഉറവിടമാണവൻ. എല്ലാ അനുഗ്രഹസ്ഥാനങ്ങളുടെയും നിർഗമസ്ഥാനം അവനാകുന്നു. എല്ലാ ഓരോ വസ്തുവിന്റെയും ഒടുക്കവും മടക്കവും അവനിലേക്കാകുന്നു. എല്ലാ ലോകങ്ങളുടെയും യജമാനൻ അവനാകുന്നു. അവൻ എല്ലാ ബലഹീനതകളിൽ നിന്നും കുറവുകളിൽ നിന്നും അതീതതനാകുന്നു. അവന്റെ മുന്നിൽ യാതൊന്നും അസാധ്യമായിരിക്കുന്നില്ല. സകല ആത്മാക്കളും അവയുടെ ശക്തികളും അവന്റെ സൃഷ്ടങ്ങളാകുന്നു അവനെക്കൂടാതെ യാതൊരു വസ്തുവും വെളിപ്പെടുന്നില്ല. അവന്റെ ശക്തികളും ഖുദ്റത്തുകളും ദൃഷ്ടാന്തങ്ങളും മുഖേനയാണവൻ അവനെ തന്നെ സ്വയം വെളിപ്പെടുത്തുന്നത്. അവൻ മുഖേന മാത്രമേ നമുക്ക് അവനെ പ്രാപിക്കാൻ സാധിക്കുകയുള്ളൂ. സദ്വൃത്തന്മാർക്ക് കാലാകാലങ്ങളിൽ അവൻ തന്റെ ഉൺമയെ വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്നു. ഇത്തരത്തിലാണ് അവൻ തിരിച്ചറിയപ്പെടുന്നത്. ഈ മാർഗത്തിലാണ് അവന് ഇഷ്ടപെട്ട സദ്വൃത്തന്മാർ ചരിക്കുക.

ഭൗതികമായ കണ്ണുകൾ കൂടാതെ അവൻ കാണുന്നു. ഭൗതികമായ കാതുകൾ കൂടാതെ അവൻ കേൾക്കുന്നു. ഭൗതികമായ നാവ് കൂടാതെ അവൻ സംസാരിക്കുകയും ചെയ്യുന്നു അതുപോലെ ഇല്ലായ്മയിൽ നിന്ന് ഉണ്ടാക്കുക എന്നത് അവന്റെ പ്രവർത്തിയാകുന്നു. സ്വപ്ന ദൃശ്യത്തിൽ യാതൊരു ഭൗതിക വസ്തുക്കളും കൂടാതെ പ്രപഞ്ചം സൃഷ്ടിക്കുന്നത് നിങ്ങൾ കാണുന്നില്ലേ? നശിച്ചു പോയതിനേയും നിലവിലില്ലാത്തതിനേയും നിലനിൽക്കുന്നതായി അവൻ നിങ്ങൾക്ക് കാണിച്ചു തരുന്നില്ലേ? ചുരുക്കത്തിൽ അപ്രകാരം തന്നെയാണ് അവന്റെ അത്ഭുതങ്ങളും ഗുണങ്ങളും ഗ്രഹിക്കുക. അവന്റെ അത്ഭുത ശക്തിളെ നിഷേധിക്കുന്നവൻ തീർച്ചയായും അൽപ്പജ്ഞനാണ്. അയാൾ അന്ധനുമാകുന്നു. സകലതും ചെയ്യുന്നവനും ചെയ്യാൻ കഴിവുള്ളവനുമാകുന്നു അവൻ. തന്റെ മഹത്വത്തിനും പ്രതാപത്തിനും പരിശുദ്ധിക്കുമെതിരായ കാര്യങ്ങളൊഴിച്ച് അവൻ തന്റെ സത്തയിലും ഗുണത്തിലും പ്രവർത്തിയിലും ശക്തിയിലും ഏകനും അതുല്യനുമത്രെ.(അൽവസിയത്ത്)

ദൈവത്തിന്റെ ഏകത്വവും അവന്റെ നിരവധി ഗുണങ്ങളും പ്രതിപാദിക്കുന്ന ഖുർആൻ വചനങ്ങൾ ഉദ്ധരിച്ചു കൊണ്ട് ഈ ലേഖനം അവസാനിപ്പിക്കാം.

***അല്ലാഹു (തനിക്കായി) ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നുവെന്ന് അവർ പറയുന്നു. അവൻ പരിശുദ്ധനാണ്. അവൻ സ്വാശ്രയനുമാണ്. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാ അവന് അധീനമാണ്. തൽ സംബന്ധമായി നിങ്ങളുടെ പക്കൽ തെളിവുകളൊന്നുമില്ല. നിങ്ങൾക്ക് അറിഞ്ഞുകൂടാത്ത കാര്യങ്ങൾ അല്ലാഹുവിന്റെ മേൽ സങ്കൽപ്പിച്ച് പറയുകയാണോ? (10:69)***

***ദൃഷ്ടികൾ അവനിലേക്ക് എത്തുകയില്ല. എന്നാൽ അവൻ ദൃഷ്ടികളിലേക്ക് എത്തുന്നു. അവൻ അതി സൂക്ഷ്മനും സൂക്ഷ്മജ്ഞനുമാകുന്നു (6:104)***

***ഗ്രന്ഥാനുസാരികളെ നിങ്ങൾ നിങ്ങളുടെ മതത്തിന്റെ കാര്യ***

*ത്തിൽ അമിതത്വം പ്രവർത്തിക്കരുത് അല്ലാഹുവിനെ സംബന്ധിച്ച് നിങ്ങൾ സത്യമല്ലാതെ പറയുകയുമരുത്. നിശ്ചയമായും മറിയമിന്റെ പുത്രൻ ഈസാ മസീഹ് അല്ലാഹുവിന്റെ ദൂതനും മറിയമിന് അവൻ ഇറക്കിക്കൊടുത്ത വചനത്തിന്റെ സാക്ഷാത്ക്കാരവും അവന്റെ പക്കൽ നിന്നുള്ള ഒരു കാരുണ്യവും മാത്രമാണ്. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കുക. നിങ്ങൾ (ദൈവം) മൂന്നാണ് എന്ന് പറയരുത്. നിങ്ങൾ (ഇങ്ങനെ പറയുന്നതിൽ നിന്ന് ) വിരമിക്കുക. (ഇത്) നിങ്ങൾക്ക് ഗുണകരമായിരിക്കും. അല്ലാഹു ഒരേയൊരു ദൈവം മാത്രമാണ്. തനിക്ക് സന്താനങ്ങളുണ്ടാകുന്നതിൽ നിന്ന് അവൻ പരിശുദ്ധനത്രെ. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റേതാകുന്നു. രക്ഷാകർത്താവായി അല്ലാഹു മതിയായവനാണ്. (4:172)*

*ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് അല്ലാഹുവിന് യോജിച്ചതല്ല. അവൻ പരിശുദ്ധനാണ്. ഏതെങ്കിലും ഒരു കാര്യം അവൻ തീരുമാനിച്ചു കഴിഞ്ഞാൽ ഉണ്ടാവുക എന്ന് അവൻ പറയുക മാത്രം ചെയ്യുന്നു. അപ്പോൾ അതുണ്ടാകുന്നു, (19:30)*

*അവനാണ് അല്ലാഹു അവനല്ലാതെ ഒരാരാധ്യനുമില്ല. പരോക്ഷമായതും പ്രത്യക്ഷമായതും അറിയുന്നവൻ. പരമകാരുണികനും കരുണാമയനും അവൻ തന്നെയാണ്. അവനാണ് അല്ലാഹു അവനല്ലാതെ ആരാധ്യനുമില്ല. മഹാരാജാവും പരമ പരിശുദ്ധനും സമാധന സാമ്രാട്ടും അഭയ ദാതാവും രക്ഷാ പരിപാലകനും പ്രതാപവാനും സർവ്വരേയും അടക്കി ഭരിക്കുന്നവനും മഹാ പ്രഭാവവാനുമാണവൻ. അവർ പങ്കു ചേർക്കുന്നതിൽ നിന്നും അല്ലാഹു എത്രയും പരിശുദ്ധൻ. അവൻ സ്രഷ്ടാവും ഇല്ലായ്മയിൽ നിന്ന് ഉണ്ടാക്കുന്നവനും രൂപസന്ദായകനുമായ അല്ലാഹുവാകുന്നു. ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ അവനുള്ളതാണ്. ആകാശങ്ങളിലുള്ളതും ഭൂമിയിലുമുള്ള തെല്ലാം അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. അവൻ പ്രതാപവാനും അഗാധജ്ഞനുമാണ്. (59:22–25)*

*പറയുക, സർവ്വാധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ! നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധി പത്യം നൽകുന്നു. നീ ഉദ്ദേശിക്കുന്നവരിൽ നിന്ന് ആധിപത്യം എടുത്തുമാറ്റുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ അന്തസ്സ് നൽകുന്നു. നീ ഉദ്ദേശിക്കുന്നവരെ നീ അപമാനിതരാക്കുന്നു. എല്ലാ നന്മയും നിന്റെ കയ്യിലാണ്. നിസ്സംശയം നീ എല്ലാ കാര്യങ്ങൾക്കും പൂർണ്ണമായും കഴിവുള്ളവനാകുന്നു. ( 3:27)*

*എന്നെ സംബന്ധിച്ച് നിന്റെ ദാസന്മാർ നിന്നോട് ചോദിക്കുന്ന പക്ഷം (പറയുക) നിശ്ച യമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർഥിക്കുന്നവന്റെ പ്രാർത്ഥനക്ക് ഞാൻ ഉത്തരം നൽകും. അവർ എന്നെവിളിച്ചു പ്രാർത്ഥിക്കുമ്പോൾ അതുകൊണ്ട് അവർ എന്റെ വിളിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ സന്മാർഗ്ഗം പ്രാപിക്കുന്നതിന് വേണ്ടി (2:187)*

*അല്ലാഹു തനിക്കായി ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നു വെന്ന് പറയുന്നവർക്ക് മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടിയുമാണ്. (ഈ ഗ്രന്ഥം ഇറക്കിയിട്ടുള്ളത്) അവർക്കോ അവരുടെ പിതാക്കന്മാർക്കോ അത് സംബന്ധിച്ച് യാതൊരറിവുമില്ല. (18:5–4)*

*പറയുക തീർച്ചയായും ഞാൻ നിങ്ങളെ പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ആരാധ്യൻ ഒരേയൊരു ആരാധ്യൻ മാത്രമാണെന്ന് എനിക്ക് ദിവ്യ ബോധനം ലഭിച്ചിരിക്കുന്നു. അതിനാൽ ഏതൊരാൾ തന്റെ നാഥനെ കണ്ടുമുട്ടുന്നതിന് ആഗ്രഹിക്കുന്നുവോ അയാൾ സൽക്കർമ്മങ്ങൾ ചെയ്തുകൊള്ളട്ടെ. അയാൾ തന്റെ നാഥനെ ആരാധിക്കുന്ന കാര്യത്തിൽ ആരേയും പങ്കുചേർക്കാതിരിക്കുകയും ചെയ്യട്ടെ. (18:11)*

## കച്ചവടത്തിൽ വ്യാജം

അബ്ദുറഹ്മാനുബ്നു അബീ ഔഫ(റ) നിവേദനം: ഒരു മനുഷ്യൻ തന്റെ ചരക്ക് അങ്ങാടിയിൽ പ്രദർശിപ്പിച്ച് താൻ അതിന് നൽകാത്ത വില നൽകിയിട്ടുണ്ടെന്ന് അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ട് പറഞ്ഞു. മുസ്‌ലിംകളിൽ പെട്ട ഒരു മനുഷ്യൻ അതു സ്വീകരിക്കുവാൻ വേണ്ടി വന്നു. അപ്പോൾ അല്ലാഹു അവതരിപ്പിച്ചു. (നിശ്ചയം അല്ലാഹുവിന്റെ കരാറുകളും തങ്ങളുടെ സത്യങ്ങളും തുച്ഛമായ വിലക്ക് വിൽക്കുന്നവർ . . . ആലും-ഇംറാൻ: 77) (ബുഖാരി)

# പാർലമെന്റ് പാസ്സാക്കിയ മുത്ത്വലാഖ് ബില്ല്

## മുസാഫിർ

കേന്ദ്ര സർക്കാർ ഉടനടി വിവാഹ മോചനം സാദ്ധ്യമാവുന്ന മുത്ത്വ ലാഖ് ബില്ല് അഥവാ മുസ്‌ലിം സ്ത്രീ വിവാഹ അവകാശ സംരക്ഷണ ബില്ല് (The Muslim Women (Protection of Rights on Marriage) Bill) 2018 ഡിസംബർ 27 ന് പാർലമെന്റിൽ പാസ്സാക്കിയിരിക്കുകയാണ്. ബില്ല് പാസ്സായെങ്കിലും അവ്യക്തതകളും ആശയക്കുഴപ്പവുമുള്ളതായി അത് വിമർശിക്കപ്പെടുന്നു. ബില്ല് ഇനിയും നിയമമായിട്ടില്ല. മുസ്‌ലിം സമൂഹത്തിലെ യാഥാസ്ഥിതിക വിഭാഗം ആചരിക്കുന്ന നീചമായ ഒരു ആചാരത്തെ ഒരു രാഷ്ട്രീയ പ്രചാരണായുധമാക്കിയാണ് ബിജെപി മുത്ത്വലാഖ് ബില്ല് ലോക്‌സഭയിൽ അവതരിപ്പിച്ചത്. മുത്ത്വലാഖ് എന്ന ഈ ദുരാചാരം സഊദി അറേബ്യ, മൊറോക്കോ അഫ്ഘാനിസ്ഥാൻ, പാകിസ്താൻ എന്നീ മുസ്‌ലിം രാജ്യങ്ങളിൽ നിരോധിച്ചിട്ടും തത്വത്തിലെങ്കിലും ഒരു സെക്കുലർ രാജ്യമായ ഇന്ത്യയിൽ ഉടനടിയുള്ള മുത്ത്വലാഖ് നിർബാധം തുടരുകയായിരുന്നു. ഇന്ത്യയിൽ പടുയാഥാസ്ഥിതികരും ധനമോഹികളുമായ ഉലമാക്കന്മാർ പ്രത്യേകിച്ച് വടക്കേ ഇന്ത്യയിലെ മുസ്‌ലിം മതപണ്ഡിതന്മാരാണ് മുത്ത്വലാഖ് എന്ന അനാചാരം വ്യാപകമായി ഇസ്‌ലാമിന്റെ പേരിൽ ദുരുപയോഗം ചെയ്ത് ഇസ്‌ലാമിനെ വിമർശിക്കാനുള്ള ഒരു വൻ ആയുധം വിമർശകർക്ക് നൽകിയത്.

2017 ആഗസ്ത് 22ന് മുത്ത്വലാഖിലൂടെ വിവാഹ മോചിതയായ ശയറാ ബാനുവും ഇന്ത്യയൂണിയനും തമ്മിലുള്ള കേസിൽ സുപ്രീം കോടതിയുടെ വിധിയിലാണ് മുത്ത്വലാഖ് ഭരണഘടനാ വിരുദ്ധവും മുസ്‌ലിം സ്ത്രീയുടെ അവകാശങ്ങൾ നിഷേധിക്കുന്നതുമാണെന്ന പ്രസ്താവമുള്ളത്. സുപ്രീംകോടതി വിധി വന്നതിന് ശേഷവും മുത്ത്വലാഖ് അനസ്യൂതം തുടരുന്നതിനാൽ ആറ് മാസത്തിനകം മുത്ത്വലാഖ് വിഷയത്തിൽ നിയമം നിർമിക്കാൻ ഗവൺമെന്റിനോട് സുപ്രിം കോടതി നിർദേശം നൽകുകയുണ്ടയി. തുടർന്നാണ് ഗവൺമെന്റ് മുത്ത്വലാഖ് നിയമവിരുദ്ധവും അസാധുവുമാണെന്ന് ഓർഡിനൻസ് ഇറക്കിയത്. ഓർഡിനൻസിന്റെ കാലവധി 2019 ജനുവരി 22 ന് തീരുകയായിരുന്നു. പാർലമെന്റ് നടക്കുമ്പോൾ വീണ്ടും ഓർഡിനൻസ് ഇറക്കാൻ സാധ്യമല്ല. അതിനാൽ അടിയന്തിരമായി ഗവൺമെന്റ് മുത്ത്വലാഖ് ബില്ല് പാസാക്കി നിയമമാക്കേണ്ടതുണ്ട്. അതിന്റെ പ്രാഥമിക നീക്കം എന്ന നിലക്കാണ് മുത്ത്വലാഖ് ഒരു ബില്ലായി 2017 ഡിസംബർ 27 ന് ബിജെപി സർക്കാരിലെ നിയമ മന്ത്രി ശിവശങ്കർ പ്രസാദ് അവതരിപ്പിക്കുന്നത്. പാർലമെന്റ് ചർച്ചയിൽ കോൺഗ്രസ്സ് നിരവധി ഭേദഗതികൾ നിർദേശിക്കുകയും ആർ ജെ ഡിയും സമാജ് വാദി പാർട്ടി, എഐഡിഎംകെയും ബില്ല് കൂടുതൽ പഠനത്തിന് സെലക്റ്റഡ് കമ്മിറ്റിക്ക് വിടണമെന്നും പറഞ്ഞു. മുസ്‌ലിം ലീഗും ഓൾ ഇന്ത്യാ മജ്‌ലിസെ ഇത്തിഹാദുൽ മുസ്‌ലിമീൻ നേതാവ് അസറുദ്ദീൻ ഉവൈസിയും ബില്ലിനെ കഠിനമായി എതിർക്കുകയും ചെയ്തു. എല്ലാം നിരസിച്ച് ബി ജെ പി ശബ്ദവോട്ടോടെയാണ് ബില്ല് ലോക്‌സഭയിൽ പാസ്സാക്കിയത്. ബില്ല് നിയമമാക്കാൻ രാഷ്ട്രപതി ക്കയക്കണമെങ്കിൽ ബി ജെ പിക്ക് ഭൂരിപക്ഷമില്ലാത്ത രാജ്യസഭയിലും പാസ്സാകേണ്ടതുണ്ട്. ഈ ബില്ലിലെ പ്രധാന വ്യവസ്ഥകൾ ഇപ്രകാരമാണ്

ഉടനടി വിവാഹ മോചനം സാദ്ധ്യമാകുന്ന എല്ലാ മുത്തലാഖ് പ്രഖ്യാപനങ്ങളും അസാധുവാണ്.

മുത്ത്വലാഖ് കോഗ്നൈസിബിൾ കുറ്റമാണ് (Cognisable offence). അതായത് വാറണ്ട് കൂടാതെ ഒരു പോലീസ് ഓഫീസർക്ക് അറസ്റ്റ് ചെയ്യാവുന്ന കുറ്റമാണ്.

കുറ്റം കോഗ്നൈസബിൾ ആവുന്നത് മുത്തലാക്ക് ചെയ്യപ്പെട്ട ഭാര്യയോ അവരുടെ അടുത്ത ബന്ധുക്കളോ പരാതിപ്പെട്ടാൽ മാത്രമാണ്. മൊഴിചൊല്ലപ്പെട്ട ഭാര്യക്ക് ജീവനാംശം നൽകണം -മക്കൾ മൈനറാണെങ്കിൽ ഭാര്യയുടെ സംരക്ഷണത്തിലായിരിക്കും- മുത്ത്വലാഖ് ചൊല്ലുന്നയാൾക്ക് 3 വർഷം തടവും പിഴയും.

ഈ ബില്ലിന് ആധാരമായ കേസിലെ വാദം കേൾക്കുന്ന അവസരത്തിൽ വീണ്ടുവിചാരത്തി

നോ മധ്യസ്ഥതക്കോ അവസരം നൽകാത്ത മുത്ത്വലാഖ്, വിവാഹ മോചനങ്ങളിൽ വെച്ച് ഏറ്റവും മോശപ്പെട്ട സമ്പ്രദായമാണ് എന്ന് സുപ്രീംകോടതി നിരീക്ഷിക്കുകയുണ്ടായി. ദാമ്പത്യം പരമാവധി സന്തോഷപ്രദവും ഈടുറ്റതുമാക്കാൻ ഏറ്റവും ഉചിതവും ശക്തവുമായ അധ്യാപനങ്ങൾ നൽകിയ മതമാണ് ഇസ്‌ലാം. അപ്രകാരം വിവാഹ ജീവിതം ഒരു പരാജയമാണെങ്കിൽ അത് വിട്ടുപിരിയാനും ഇസ്‌ലാം അനുവദിക്കുന്നു. ഒരിക്കലും യോജിക്കാത്തതും പൊരുത്തമില്ലാത്തതുമായ ദാമ്പത്യം കൊണ്ട് ജീവിതം മുഴുവൻ ദുസ്സഹമാക്കാൻ ഇസ്‌ലാം ദമ്പതികളെ നിർബന്ധിക്കുന്നില്ല. അനുവദിക്കപ്പെട്ടതിൽ അല്ലാഹുവിന് ഏറ്റവും അഹിതകരമായ ഒന്നാണ് വിവാഹ മോചനമെന്നും അല്ലാഹുവിന്റെ സിംഹാസനം പോലും വിറകൊള്ളുന്ന കൃത്യമാണ് ത്വലാഖ് എന്നും പറഞ്ഞുകൊണ്ടാണ് റസൂൽ തിരുമേനിക്ക് (സ) വിവാഹമോചനത്തിനുള്ള അനുമതി ഇസ്‌ലാമിൽ നൽകിയത്.

ബന്ധം മുന്നോട്ട് പോകുന്നില്ലെങ്കിൽ ദമ്പതികളെ കെട്ടയച്ച് സ്വതന്ത്രമാക്കുക എന്നത് ഇസ്‌ലാമിക വിവാഹ നിയമങ്ങളിലെ ഏറ്റവും പുരോഗമനാത്മകമായ വശമാണ്. ഇസ്‌ലാമിക വിവാഹം അടിസ്ഥാന പരമായി ഒരു സിവിൽ കരാറാണ്. കരാറിൽ ഒരു കക്ഷി ഉപാധികൾ നിറവേറ്റിയില്ലെങ്കിൽ കരാർ ദുർബലമാവുക എന്നത് സ്വാഭാവികമാണ്. ഒരു കരാർ എന്ന നിലക്ക് മുത്ത്വലാഖ് ബില്ലിൽ മുത്ത്വലാഖ് ചെയ്താൽ പോലും വിവാഹ മോചനം ചെയ്തതിന്റെ പേരിൽ ഭർത്താവിനെ ക്രിമിനലിനെ പോലെ 3 വർഷം തടവ് നൽകുന്നത് തെറ്റാണ്. ഇസ്‌ലാം നിശ്ക്കർഷിക്കാത്ത രീതിയിൽ മതപുരോഹിതന്മാർ ദുർവ്യാഖ്യാനിച്ച് ദുരുപയോഗം ചെയ്യുന്നത് കൊണ്ടാണ് ഇസ്‌ലാമിക വിവാഹ മോചനം വിമർശിക്കപ്പെടുന്നത്. മറ്റു മതങ്ങൾ വിവാഹ മോചനം അനുവദിക്കുന്നില്ല. ദൈവ സാന്നിദ്ധ്യത്തിൽ പുരോഹിതന്മാരുടെ കാർമികത്വത്തിൽ നിർവഹിക്കപ്പെടുന്ന വിവാഹം അത്യന്തം പാവനമായതിനാൽ അത് വിഛേദിക്കാൻ പാടില്ല എന്നാണ് ഇസ്‌ലാമിതര മതസ്ഥരുടെ വിശ്വാസം. ദൈവം കൂട്ടിചേർത്തതിനെ മനുഷ്യന് വേർപ്പെടുത്താൻ അധികാരമില്ല എന്നാണ് അവരുടെ പ്രമാണം. ക്രിസ്ത്യാനികൾ വിവാഹത്തെ ഒരു ദിവ്യകൂദാശയായും ഹിന്ദുക്കൾ പതിനാറ് ആചാര സംസ്ക്കാരങ്ങളിൽ(ഷോഡഷ സംസ്ക്കാരം) ഒന്നായും വിവാഹത്തെ കാണുന്നു. അതിന് പുറമെ നമ്മുടെ കേരളത്തിൽ തന്നെ വളരെ വിചിത്രമായ പല വിവാഹ സമ്പ്രദായങ്ങളും ഈയ്യടുത്ത കാലം വരെ നിലനിന്നതായി കാണാം. വിവാഹമോചനം പാപമാണ് എന്ന ഭൂരിപക്ഷ മതസ്ഥരുടെ പാരമ്പര്യ വിശ്വാസവും ഇസ്‌ലാമിലെ വിവാഹ മോചനത്തെ അടച്ചാക്ഷേപിക്കുന്നതിന് കാരണമായിട്ടുണ്ട്. ആധുനിക പാർലമെന്റും സിവിൽ കോടതികളുമാണ് വിവാഹ മോചനം ചെയ്യാനുള്ള അനുവാദം പരാജയപ്പെട്ട ദാമ്പത്യങ്ങൾക്ക് നൽകിയത്.

മുത്ത്വലാഖിന് നിയമ പ്രാബല്യമില്ലെന്ന് സുപ്രീംകോടതി വിധിച്ചിരിക്കെ മുത്ത്വലാഖ് ചൊല്ലിയാൽ തന്നെ സുപ്രിം കോടതി വിധി പ്രകാരം അതിന് നിയമ പരമായി വിവാഹ ബന്ധം വേർപെടുത്താൻ കഴിയുകയില്ല. ആയതിനാൽ മുത്ത്വലാഖ് ചെയ്തയാൾക്ക് 3 വർഷം തടവ് എന്ന ബില്ലിലെ വ്യവസ്ഥ ശരിയാവുന്നതെങ്ങനെ? അപ്പോൾ അത്തരത്തിൽ അസാധുവായ വിവാഹ മോചനം ചെയ്യുന്നത് കുറ്റകരമാണെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തത് തെറ്റല്ലേ ?

## ത്വലാഖും മുത്ത്വലാഖും

ത്വലാഖും മുത്ത്വലാഖും തമ്മിലുള്ള വ്യത്യാസമെന്താണ്? മുസ്‌ലിംകൾ നടത്തുന്ന വിവാഹ മോചനമെല്ലാം മുത്ത്വലാഖാണ് എന്നാണ് പലരും ധരിച്ചുവെച്ചിരിക്കുന്നത്. പ്രത്യേകിച്ച് അമുസ്‌ലിം സഹോദരങ്ങൾ. പല രാഷ്ട്രീയ നേതാക്കന്മാരും ഇത് സംബന്ധിച്ച് പല വിഡ്ഢിത്തങ്ങളും പറഞ്ഞു കൊണ്ടിരിക്കുകയാണ്. മുത്ത്വലാഖ് എന്നതിന്റെ ഭാഷാപരമായ ലളിതമായ അർഥം മൂന്ന് ത്വലാഖ് ഒന്നിച്ച് ചൊല്ലലാണ്. അങ്ങനെയൊരു സമ്പ്രദായത്തിന് ഇസ്‌ലാമിക പ്രമാണങ്ങളിൽ യാതൊരടിസ്ഥാനവുമില്ല. അത് ത്വലാഖുൽ ബിദ്അ (നിയമ സാധുതയില്ലാത്ത ത്വലാഖ്) ആണ്. വിവാഹ മോചനത്തിന് ഒരു ത്വലാഖ് തന്നെ ചൊല്ലി ഇദ്ദ കാലം വരെ കാത്തിരുന്ന് രഞ്ജിപ്പ് ആവുന്നില്ലെങ്കിൽ വിവാഹ മോചനം നിലവിൽ വരുന്നതാണ്.

ദമ്പതിമാർ തമ്മിൽ ഒരുമിച്ചു ജീവിക്കാൻ കഴിയാത്തവിധം അസ്വാരസ്യവും വിയോജിപ്പും ഉണ്ടാവുകയും ഇസ്‌ലാം നിർദേശിക്കുന്ന എല്ലാ അനുരഞ്ജന ശ്രമങ്ങൾക്കും ശേഷം ദാമ്പത്യം പരാജയമായി കലാശിച്ചാൽ ഭാര്യയെ ആർത്തവമില്ലാത്ത നേരത്ത് ഭാര്യക്ക് മതിയായ മതാഅ് നൽകി 'ഞാൻ എന്റെ ഭാര്യയെ ത്വലാഖ് ചെയ്തിരിക്കുന്നു' എന്ന് സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ഉച്ചരിക്കുകയോ എഴുതി കൊടുക്കുകയൊ ഏതെങ്കിലും വിശ്വാസ്യയോഗ്യമായ മാധ്യമത്തിലൂടെ അറിയിക്കുകയോ ചെയ്താൽ അതാണ് ത്വലാഖ്. ശുദ്ധികാലത്ത് ത്വലാഖ് ചെയ്യണമെന്ന് ഇസ്‌ലാം നിശ്കർഷികുന്നതിന് കാരണം അകന്ന ദമ്പതിമാർ ശുദ്ധികാലത്ത് ശാരീരിക ബന്ധത്തിലൂടെ കൂടുതൽ അടുക്കാനുള്ള സാദ്ധ്യത മുന്നിൽ കണ്ടാണ്. ആ സാദ്ധ്യതപോലും അവഗണിച്ച് വിവാഹ മോചനത്തിൽ തന്നെയാണ് ദമ്പതിമാർ ഉറച്ചു നിൽക്കുന്നതെങ്കിലാണ് ത്വലാഖിലേക്ക് നീങ്ങുക. ഇങ്ങനെ ത്വലാഖ് ചെയ്താലും ഉടനെ വിവാഹ മോചനം നിലവിൽ വരുന്നില്ല. അത് സമയ ബന്ധിതമായ ഒരു പ്രക്രിയയാണ്. മൂന്ന് ആർത്തവ കാലം ത്വലാഖ് കഴിഞ്ഞതിന് ശേഷം സ്ത്രീ കാത്തിരിക്കണം. ഈ കാത്തിരിപ്പ് കാലത്തിനാണ് ഇദ്ദ: കാലം എന്ന് പറയുന്നത്.

ഇദ്ദക്ക് കാത്തിരിക്കുന്ന ശുദ്ധികാലം എന്നും വിവക്ഷയുണ്ട്. ഇദ്ദ കാലത്ത് ഭാര്യ വിവാഹ മോചിതയുമല്ല അതേ സമയം ഭാര്യയുമല്ല. അവൾ ഭർത്താവിന്റെ വസതിയിൽ താമസിക്കണം. എന്നത് വിശുദ്ധ ഖുർആന്റെ ശക്തവും കർശനവുമായ നിർദേശമാണ്. നിർഭാഗ്യകരമെന്ന് പറയട്ടെ ഈ നിർദേശം മുസ്‌ലിം സമുദായത്തിൽ വ്യാപകമായി ലംഘിക്കപ്പെടുകയാണ്. ത്വലാഖ് ചെയ്യുമ്പോൾ പെട്ടെന്നുള്ള ക്ഷോഭത്തിലാണ് ത്വലാഖ് ചെയ്യുന്നതെങ്കിൽ മൊഴിചൊല്ലിയ ശേഷവും ഭർത്താവിന്റെ വീട്ടിൽ ഒരു മേൽക്കൂരക്ക് കീഴിൽ താമസിക്കുമ്പോൾ ഇദ്ദ: കാലഘട്ടത്തിൽ വീണ്ടു വിചാരമുണ്ടായി ഭർത്താവിന് അവളെ പുനർവിവാഹം (നിക്കാഹ്) കൂടാതെ തിരിച്ചെടുത്ത് ദാമ്പത്യം തുടരാം. ഇദ്ദ കാലം വിവാഹ മോചിതയായ സ്ത്രീക്ക് ഗർഭമുണ്ടോ എന്ന് പരിശോധിക്കാനുള്ള സമയം മാത്രമല്ല. ഇദ്ദകാലം എന്നത് തെറ്റിപ്പിരിഞ്ഞ ദമ്പതികൾക്ക് രമ്യതപ്പെട്ട് വൈവാഹിക ജീവിതം തുടരാനുള്ള സാഹചര്യ മൊരുക്കാൻ കൂടിയാണ് ഇസ്‌ലാമിൽ ഇദ്ദ വ്യവസ്ഥ ചെയ്തിരിക്കുന്നത്. വിശുദ്ധ ഖുർആൻ പറയുന്നു: ***ഓ നബീ, നിങ്ങൾ സ്ത്രീകളെ വിവാഹ മോചനം ചെയ്യുമ്പോൾ അവരുടെ ഇദ്ദയുടെ സമയ ക്രമമനുസരിച്ച് വിവാഹ മോചനം ചെയ്യുക. ഇദ്ദ കണക്കാക്കുകയും ചെയ്യുക. നിങ്ങളുടെ നാഥനായ അല്ലാഹുവിനെ സൂക്ഷിക്കുക. അവരുടെ വീടുകളിൽ നിന്ന് നിങ്ങളവരെ (വിവാഹ മോചനം ചെയ്യപ്പെട്ട സ്ത്രീയെ) പുറത്താക്കരുത്. അവർ സ്വയം പുറത്ത് പോകുകയും ചെയ്യരുത്.(സൂറ: അത്ത്വലാഖ്65:2))*** ഇദ്ദ കാലം കഴിഞ്ഞാണ് തിരിച്ചെടുക്കാൻ തോന്നുന്നതെങ്കിൽ നിക്കാഹ് ചെയ്യണം. അങ്ങനെ ജീവിക്കവെ വീണ്ടും കലഹം ആരംഭിച്ച് രണ്ടാമതും ത്വലാഖ് ചൊല്ലി, രണ്ടാമതും ഇദ്ദ: പിരീടിൽ തിരിച്ചെടുത്ത് ദാമ്പത്യം തുടരാം. ഇങ്ങനെ രണ്ട് തവണ തിരിച്ചെടുക്കാം. ഇങ്ങനെ റദ്ദാക്കാവുന്ന ത്വലാഖ് അഥവാ ഭാര്യയെ തിരിച്ചെടുക്കാവുന്ന ത്വലാഖ് (Revocable divorce)രണ്ട് തവണയാണെന്ന് ഖുർആൻ പറയുന്നു: ***അത്ത്വലാഖു മർറത്താൻ = (റദ്ദാക്കാവുന്ന ത്വലാഖ് ) വിവാഹ മോചനം രണ്ടു തവണയാണ് ( സൂറ: ബക്കറ 2: 230)*** മൂന്നാമതും ത്വലാഖ് ചെയ്താൽ മുമ്പ് രണ്ട് തവണ ചെയ്തത് പോലെ തിരിച്ചെടുക്കാൻ സാദ്ധ്യമല്ല. വിവാഹം കുട്ടിക്കളിയല്ലല്ലോ. മൂന്നാമതും വിവാഹം മോചനം നടത്തി ഭർത്താവിന് തിരിച്ചെടുക്കണമെങ്കിൽ മറ്റൊരാൾ ആ സ്ത്രീയെ വിവാഹം ചെയ്ത് യാതൊരു നിർബന്ധവും ആരും ചെലുത്താതെ സ്വാഭാവികമായ രീതിയിൽ ത്വലാഖ് നടന്നാൽ ആദ്യം മൂന്ന് തവണ ത്വലാഖ് ചൊല്ലിയ ആദ്യഭർത്താവിന് അവളെ വീണ്ടും വിവാഹം ചെയ്യാം.

മേൽ വിവരിച്ച പ്രകാരം രണ്ട് തവണ ഒരേ ഭർത്താവ് ത്വലാഖ് നടത്തി വീണ്ടും നിക്കാഹ് നടത്തി ഇങ്ങനെ നിക്കാഹും ത്വലാഖും രണ്ട് തവണ ആവർത്തിക്കുമ്പോഴാണ് റദ്ദാക്കാവുന്ന ത്വലാഖ് അഥവാ മടക്കിയെടുക്കാൻ പറ്റുന്ന ത്വലാഖ് (തലാഖുൽ റജി) പ്രസക്തമാവുന്നത്. മൂന്നാം തവണ ചെയ്യുന്ന ത്വലാഖ് റദ്ദാക്കാൻ സാധ്യമല്ല. മറ്റൊരാൾ ആ സ്ത്രീയെ വിവാഹം കഴിക്കുന്നത് വരെ വിവാഹ മോചനം തുടരും. കോപാവേശത്താൽ എന്നെന്നേക്കുമായി ഭാര്യയെ ഉപേക്ഷിച്ച് കലിയടക്കാനാണ് ഭർത്താവ് മൂന്നു തലാഖും ചൊല്ലുന്നത്. ഇതിന് ഇസ്‌ലാമിൽ യാതൊരു സാധുതയുമില്ല. അങ്ങനെ ചൊല്ലിയാൽ തന്നെ അത് സ്വാഭാവികമായ ഒരു ത്വലാഖായി കണക്കാക്കാമെന്ന് പല ഇമാമുമാരും ഫത്വ നൽകിയതാണ്. യാഥാസ്ഥിതികരും മതം കൊണ്ട് ജീവിക്കാനാഗ്രഹിക്കുന്നവരും സുഖാന്വേഷികളുമായ മതപണ്ഡിതന്മാരാണ് പ്രത്യേകിച്ച് വടക്കേ ഇന്ത്യയിലെ ഉലമാക്കന്മാരാണ് മൂന്ന് ത്വലാഖും ചൊല്ലുന്ന അനാചാരത്തെ പ്രോത്സാഹിപ്പിക്കുന്നത്. ഇത് ഖുർആനിൽ പറയാത്തതും ഖുർആൻ വിവക്ഷിച്ച ത്വലാഖിന്റെ ഉദ്ദേശ്യത്തിനും ലക്ഷ്യത്തിനും വിരുദ്ധവുമായ ഒരു ദുരാചാരമാണ്. ദാമ്പത്യ ജീവിതം കുഴപ്പത്തിലായ ഏതെങ്കിലും ഹതഭാഗ്യനായ ഒരു മുസ്‌ലിം ഭർത്താവ് ഇത്തരം മൗലാനയെ സമീപിച്ചാൽ അയാൾ ത്വലാഖിന് പകരം മുത്ത്വലാഖാണ് ശുപാർശചെയ്യുക. കോപാവേശിതനായി മൂന്നു ത്വലാഖും ചൊല്ലി ഉടനടി വിവാഹ ബന്ധം അവസാനിപ്പിക്കുന്ന ഭർത്താവിന് ചിലപ്പോൾ പശ്ചാതാപവും വിണ്ടുവിചാരവുമുണ്ടായി ഭാര്യയെ തിരിച്ചെടുക്കാൻ ശ്രമിക്കുമ്പോൾ മൗലാന നിയമം പറഞ്ഞ് വിവാഹ പുനസ്ഥാപനത്തിന് തടസ്സം നിൽക്കുന്നു. മൂന്ന് ത്വലാഖും ചൊല്ലിക്കഴിഞ്ഞാൽ മറ്റൊരാൾ വിവാഹം കഴിച്ചാൽ മാത്രമെ ആദ്യ ഭർത്താവിന് അവളെ വേൾക്കാൻ സാധിക്കൂ. ഈ പ്രശ്നം പരിഹരിക്കാനുള്ള ചാണക്യതന്ത്രവും മുല്ല പറഞ്ഞു കൊടുക്കുന്നു. മിക്കവാറും ആ മുല്ലാ തന്നെയായിരിക്കും മുത്തലാഖ് ചൊല്ലപ്പെട്ട സ്ത്രീയെ വിവാഹം കഴിക്കുക. ഒന്നോ രണ്ടോ ദിവസത്തെ മധുവിധുവിന് ശേഷം മൗലാനാ മൊഴിചൊല്ലി മുത്ത്വലാഖ് ചെയ്യപ്പെട്ട ഭർത്താവിനെ മൂന്നാമതും വിവാഹം കഴിക്കാൻ അവസരമൊരുക്കുകയാണ് മൗലാന ചെയ്യുന്നത്. ഇതിന് വൻ ഫീസും അയാൾ കൈപറ്റുന്നു. ചടങ്ങിനിരിക്കുക എന്ന ഈ ദുരാചാരം ഒരു കാലത്ത് നമ്മുടെ നാട്ടിൽ സുന്നികളും ആഘോഷിച്ചിരുന്നു.

കോപാവേശത്താൽ മൂന്ന് ത്വലാഖും ഒറ്റയിരുപ്പിൽ ചൊല്ലി ഭാര്യയെ പറഞ്ഞയച്ച്, ഖേദിച്ച് അവളെ വീണ്ടെടുക്കാനായി റസൂൽ തിരുമേനി(സ)യെ സമീപിച്ചപ്പോൾ അത് മൂന്നും ഒന്നായി പരിഗണിച്ച് റസൂൽ തിരുമേനി (സ) അയാൾക്ക് തന്നെ വിവാഹം ചെയ്ത് കൊടുത്തിട്ടുണ്ട്. രണ്ടാം

**ശേഷം പേജ് 43 ൽ**

അനുസ്മരണം

# വി. എം. മൊയ്തീൻകുഞ്ഞ് സാഹിബ്



കാക്കനാട് ജമാഅത്ത് അംഗം വി.എം. മൊയ്തീൻകുഞ്ഞ് സാഹിബ് (80) 2019 ജനുവരി 11ന് വഫാത്തായി (ഇന്നാലില്ലാഹി...). പരേതൻ കാക്കനാട് ജമാഅത്തിലെ ആദ്യകാല അഹ്മദികളിൽപ്പെട്ട ഒരാളായിരുന്നു.

ഭാര്യ: മറിയുമ്മ. മക്കൾ: ലൈല, സലീം, സൈറ, ജാസ്മിൻ, മുജീബ്, റസ്ന. മരുമക്കൾ: നിസ, കാനിത, റഷീദ്, നദീർ, അബ്ദുൾ സലാം, അബ്ദുൾഹാദി.

അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

*– മാലിക്ക് അമീൻ, കാക്കനാട്*

# സി. അബ്ദു സാഹിബ്



അലനല്ലൂർ ജമാഅത്തിലെ ആദ്യകാല അഹ്മദിയും ജമാഅത്തിലെ ആദ്യ പ്രസിഡന്റുമായിരുന്ന മർഹൂം സി. മുഹമ്മദ് സാഹിബിന്റെ സഹോദരൻ സി. അബ്ദു സാഹിബ് (94) നവംബർ 30 ന് നിര്യാതനായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി ......

കേരളത്തിലെ പ്രഗല്ഭ മിഷണറിയായിരുന്ന മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ് മുഖാന്തിരമാണ് അദ്ദേഹം ബൈഅത്ത് ചെയ്തത്. പഴയ കാര്യങ്ങൾ വളരെയേറെ കൃത്യവും വ്യക്തവുമായി ഓർത്തുവെക്കാൻ കഴിവുള്ള അബ്ദു സാഹിബ് യുക്തി പരമായി ചിന്തിക്കുന്ന വ്യക്തിയുമായിരുന്നു. അദ്ദേഹത്തിന്റെ ചോദ്യങ്ങളും മൗലവി സാഹിബിന്റെ മറുപടിയേയും കുറിച്ച് മൗലവി സാഹിബിന്റെ തിരഞ്ഞെടുത്ത ലേഖനങ്ങൾ എന്ന പുസ്തകത്തിൽ പരാമർശിച്ചിട്ടുണ്ട്. കുടുംബബന്ധങ്ങൾ നിലനിർത്തുകയും നമസ്ക്കാരത്തിൽ കൃത്യനിഷ്ഠ പാലിക്കുകയും ചെയ്യുന്നതിൽ അദ്ദേഹം നിശ്ക്കർഷത കാണിച്ചിരുന്നു.

ഭാര്യ: മർഹൂമ സഫിയ. മകൻ: മുഹമ്മദ്. മരുമകൾ: ആയിശാബി. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകുമാറാകട്ടെ.

*പ്രസിഡന്റ്, ജമാഅത്ത് അഹ്മദിയ്യ, അലനല്ലൂർ.*

# ലജ്ന ഇമാഇല്ല മതമൈത്രി സംഗമം നടത്തി

എറണാകുളം, കാക്കനാട് ലജ്ന ഇമാഇല്ലായുടെ നേതൃത്വത്തിൽ വാഴക്കാല ബൈത്തെ താഹിർ മസ്ജിദിൽ വെച്ച് മതമൈത്രി സംഗമം സംഘടിപ്പിച്ചു. തൃക്കാക്കര മുൻസിപ്പൽ ചെയർപേഴ്സൺ ശ്രീമതി ഷീലാ ചാരു സംഗമം ഉദ്ഘാടനം ചെയ്തു.

## തഹ്‌രീക്ക് ജദീദ് വിളംബരം

തഹ്‌രീക്ക് ജദീദിന്റെ വർഷം നവംബർ 1 മുതൽ ഒക്ടോബർ 31ന് അവസാനിക്കുന്നതാണ്. ഖലീഫത്തുൽ മസീഹിന്റെ ഇത് സംബന്ധിച്ച വിളംബരം ഇതിന് മുമ്പ് നടത്തിയതാണ്. അനുഗ്രഹീതമായ തഹ്‌രീക്ക് ജദീദിനെ പറ്റി അതിന്റെ സ്ഥാപകനായ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ പറയുന്നു: ***'ഓർക്കുക ഈ പദ്ധതി അല്ലാഹുവിൽ നിന്നുള്ളതാണ്. അതിനാൽ അവൻ തീർച്ചയായും ഇതിനെ ഉന്നതിയിൽ എത്തിക്കുന്നതാണ് ഇതിന്റെ മാർഗ്ഗത്തിലുള്ള തടസ്സങ്ങളെല്ലാം ദൂരീകരിക്കുന്നതാണ്. ഭൂമിയിൽ നിന്ന് അതിനുള്ള സാമഗ്രികൾ ഉണ്ടാവുന്നില്ലെങ്കിൽ ആകാശത്തുനിന്നും അല്ലാഹു അതിനുമേൽ അനുഗ്രഹം വർഷിക്കുന്നതാണ്. ഈ പദ്ധതിയിൽ ത്യാഗ മനോഭാവത്തോടുകൂടി പങ്കാളികളാവുന്നവർ അനുഗ്രഹീതർ! എന്തെന്നാൽ ഇസ്‌ലാമിക ചരിത്രത്തിൽ എപ്പോഴും അവരുടെ പേര് ആദരവോടു കൂടി സ്മരിക്കുന്നതാണ്. അല്ലാഹുവിന്റെ സമക്ഷത്തിങ്കൽ ഇവർക്ക് പ്രത്യേക സ്ഥാനം ലഭിക്കുന്നതാണ്. അവർ ക്ലേശം സഹിച്ചു കൊണ്ട് ദീനിന്റെ ദൃഢീകരണത്തിന് വേണ്ടി പരിശ്രമിച്ചു. അവരുടെ സംരക്ഷണം അല്ലാഹു ഏറ്റെടുക്കുന്നതാണ്. ദൈവിക പ്രകാശം അവരുടെ ഹൃദയങ്ങളിൽ നിന്ന് പുറപ്പെട്ട് ലോകത്തെ പ്രകാശിപ്പിച്ചു കൊണ്ടിരിക്കുന്നതാണ്.'*** (അൽഫസൽ 1939 സപ്തമ്പർ) അനുഗ്രഹീതമായ ഈ പദ്ധതിയിൽ പങ്കാളികളാവുക.

**വക്കീലുൽ മാൽ, തഹ്‌രീക്ക് ജദീദ്, ഖാദിയാൻ**

# കോഴിക്കോട്, കൂടാളി ശതാബ്ദി ആഘോഷങ്ങൾക്ക് അംഗീകാരം ലഭിച്ചു

സംഭവബഹുലമായ ചരിത്ര സന്ദർഭങ്ങൾകൊണ്ട് സാന്ദ്രമായ കോഴിക്കോട്, കൂടാളി (കണ്ണൂർ സോൺ) ജമാഅത്തു കളുടെ സ്ഥാപനത്തിന്റെ നൂറ് വർഷം 2019ൽ പൂർത്തിയാവുക യാണ്. രണ്ട് ജമാഅത്തുകളു ടെയും ശതാബ്ദിയാഘോഷ ങ്ങൾ സമുചിതം ആഘോഷി ക്കാൻ ഖലീഫത്തുൽ മസീഹ് ഖാമിസ് ( അയ്യദുഹു...) ൽ നിന്നും അംഗീകാരം ലഭിച്ചിരിക്കുന്നു. ഹുസൂർ തിരുമനസ്സിന്റെ സന്ദേശ ത്തിൽ ***'ജൂബിലി വാർഷികമായി നടത്തുകയാണെങ്കിൽ നടത്തി ക്കൊള്ളുക. പക്ഷേ പുതിയൊരു ആവേശത്തോടെയും പ്രതിജ്ഞ യോടും പരിശുദ്ധമായ മാറ്റം വരുത്തിക്കൊണ്ടും ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുന്നതിനുള്ള പുതിയ തീരുമാനത്തോടും കൂടി പരിപാടികൾ ആസൂത്രണം ചെയ്യുക.'*** എന്ന് പറയുകയുണ്ടാ യി. ഇരു ജമാഅത്തുകളും വിപുലമായ പരിപാടികൾ ആവി ഷ്ക്കരിച്ചുകൊണ്ടാണ് വർഷം മുഴുവൻ ശതാബ്ദി ആഘോഷി ക്കുന്നതെന്ന് കോഴിക്കോട് സോൺ അമീർ ഡോ. സലാഹു ദ്ദീൻ സാഹിബും കൂടാളി ജമാഅ ത്ത് അമീർ ഹനീഫ് അഹ്മദ് സാഹിബും പറയുകയുണ്ടായി. .

കോഴിക്കോട്, മാത്തോട്ടം, കൊടിയത്തൂർ, വടകര ജമാഅ ത്തുകൾ സംയുക്തമായി കോഴി ക്കോട് ജില്ലയിൽ ജമാഅത്ത് സമാരംഭം കുറിച്ചതിന്റെ ശതാ ബ്ദി ആഘോഷിക്കുന്നത്. ആത്മീയം, തർബിയ്യത്ത്, തഅ്ലീം, തബ്ലീഗ്, ചരിത്രപരം, സാമൂഹികം, വൈജ്ഞാനികം, സൃഷ്ടി സേവനം മുതലായ വിവിധ വിഷയങ്ങളെ അടിസ്ഥാന മാക്കിയുള്ള നിരവധി പരി പാടികൾ ശതാബ്ദിയാഘോഷ ങ്ങളുടെ ഭാഗമായി ആവിഷ്ക്കരി ച്ചിട്ടുണ്ട് എന്ന് കോഴിക്കോട് ജില്ലാ അമീറും കൂടാളി ജമാഅത്ത് അമീറും അറിയിക്കുകയും വിജയ ത്തിന്നായി പ്രാർത്ഥിക്കാൻ എല്ലാവരോടുമായി അഭ്യർത്ഥി ക്കുകയും ചെയ്തു.

പേജ് 41 ൽ നിന്ന് തുടർച്ച

ഖലീഫ ഉമറുബ്നുൽ ഖത്വാബിന്റെ കാലത്ത് മുത്ത്വലാഖ് ചൊല്ലി വീണ്ടും വിവാഹാഭ്യർഥനയുമായി വരുന്നവരുടെ സംഖ്യ അധികരിച്ച പ്പോൾ അതിന് തടയിടാനും നിരുത്സാഹപ്പെടുത്താനുമാണ് അദ്ദേഹം മുത്ത്വലാഖ് മൂന്നായി തന്നെ കാണുന്ന സമ്പ്രദായം തലാ ഖുൽ ബായിൻ അഥവാ റദ്ദാക്കാൻ കഴിയാത്ത ത്വലാഖ് കൊണ്ട് വന്നത്. യഥാർഥ ശരീഅത്തിന്റെ ചൈതന്യ ത്തിന് നിരക്കുന്നതല്ല മുത്ത്വലാഖ്. അതാണ് ഇന്ത്യൻ ശരീഅത്തിൽ കണ്ട മുത്ത്വലാഖ്. അതാണ് ബിജെ പി സർക്കാർ വികൃതമായ രീതി യിൽ നിയമപരമായി അവസാനിപ്പി ക്കാൻ ശ്രമിക്കുന്നത്.



Published on 7.02.2019 Pages 44 Vol: 91 Issue. 02
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment
The Sathyadoothan Monthly

## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ**
**ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**ഒരു കോപ്പിക്ക് 30 രൂപ**
**വാർഷിക വരിസംഖ്യ 300 രൂപ**

---

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com